THE MALANKARA SABHA

മലങ്കര സഭ

ഫെബ്രുവരി 2016

The Official Media of Malankara Orthodox Syrian Church

Rs : 15

GREAT LENT

ശാന്തി നിറയുന്ന അനുരഞ്ജനം

muthootgroup.com

FROM A SMALL FAMILY BUSINESS TO A MULTI-DIMENSIONAL CONGLOMERATE, WE'VE EARNED THE NATION'S TRUST WITH OUR ETHICS AND VALUES.



Shri. M. George Muthoot
Founder Chairman – Banking
Born: 4th February, 1911

Celebrating Founder's Day

Inspired by the strong values of our founders, The Muthoot Group has spread its wings into 18 diverse divisions. On our Founder's Day, we reaffirm our commitment to uphold our motto - unchanging values... in changing times.

Shri. Ninan Mathai Muthoot
Founder – The Muthoot Group
Born: 5th February, 1873

Legacy of 800 years of trust and tradition | 30,000+ dedicated workforce
4242 + branches | 18 diversified divisions | 38 crore plus customers worldwide
Global presence across USA, UK, UAE, Central America & Sri Lanka

The Muthoot Group

A Muthoot M George Enterprise | Since 1887



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 2, പുസ്തകം 70, ഫെബ്രുവരി 2016



സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 82-ാം ഓർമ്മ ഫെബ്രു. 23-27 വരെ കോട്ടയം പഴയ സെമിനാരിയിൽ

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
മൗനത്തിന്റെ പ്രകാശം
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 ജോസഫ്..
പ്രതികരണം
- ഡോ. ഡി. ബാബുപോൾ

10 വിശുദ്ധ കുമ്പസാരം
വിശ്വാസപാഠം
- ഫാ. ഡോ. റ്റിജെ. ജോഷ്വ

12 അനുരഞ്ജനം
പഠനം
- ഫാ.ഡോ. ബിജേഷ് ഫിലിപ്പ്

18 വലത്തുഭാഗത്തെ കള്ളൻ
പ്രഭാഷണം
- ഡോ. എം. കുര്യാക്കോസ് പുല്ലുവഴി

23 പ്രാർത്ഥനാ ചരട്
വിശകലനം
- ഫാ. ജോഷ്വ കെ. കോശി

30 മനുഷ്യത്വത്തിൽ കേന്ദ്രീകൃത...
പ്രഭാഷണം
- വി.എം. സുധീരൻ

32 അനുതാപത്തിനായി...
പ്രഭാഷണം
- ഫാ. ഡോ. വർഗീസ് ജോഷ്വ

44 The Road Less Travelled
Reflections
Fr. Thomas Varghese Chavadiyil

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ നിർമ്മാണത്തിനായി ഓരോ ഇടവകയും വാർഷിക ബജറ്റിൽ ഗണ്യമായ ഒരു തുക കാൻസർ സെന്ററിനായി ഉൾക്കൊള്ളിച്ച് യഥാസമയം നൽകണമെന്ന് പ. കാതോലിക്ക ബാവാ പള്ളികൾക്ക് അയച്ച കല്പനയിൽ ആഹ്വാനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഫെബ്രു. 22 മുതൽ 26 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും.

പാതിനോമ്പ് (മാർച്ച് 2), നാൽപതാം വെള്ളി (മാർച്ച് 18), ഓശാന (മാർച്ച് 20), പെസഹാ (മാർച്ച് 24), ദുഃഖവെള്ളി/വചനിപ്പ് പെരുന്നാൾ/ നാലാം മാർത്തോമ്മായുടെ 288-ാം ഓർമ്മ (മാർച്ച് 25), ഈസ്റ്റർ (മാർച്ച് 27), സ്വർഗ്ഗാരോഹണം (മെയ് 5) പെന്തിക്കോസ്തി (മെയ് 15)

മാർച്ച് 13, മലങ്കര ഓർത്തഡോക്സ് സഭാ ദിനം-കാതോലിക്കാദിനം. പള്ളികളിൽ പ്രത്യേകം പ്രാർത്ഥനയും സഭാദിന പ്രതിജ്ഞയും നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം. വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 ഫെബ്രുവരി 2016

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

കേരളത്തിൽ ഇപ്പോൾ വ്യാപകമാകുന്ന ഘോഷയാത്രകളും പദയാത്രകളും സാധാരണക്കാരുടെ സ്വൈര്യജീവിതം തകർക്കുന്ന സംവിധാനമാണ്. ഇത് അനുദിനം വിവിധ തരത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിപ്പെരുന്നാളുകളും ഉത്സവങ്ങളും രാഷ്ട്രീയ യോഗങ്ങളും എല്ലാം മതേതര- ജനാധിപത്യ- സാമൂഹ്യ പശ്ചാത്തലത്തിൽ പാടില്ല എന്നു പറയുവാൻ കഴിയുകയില്ലെങ്കിലും ശാന്തമായ പൊതു ജീവിതത്തിനും സ്വസ്ഥമായ യാത്രയ്ക്കും അതു തടസ്സം സൃഷ്ടിച്ചുകൂടാ. പൊതുവെ വീതികുറഞ്ഞ നമ്മുടെ നാട്ടിലെ നിരത്തുകളിൽ ഇത്തരം ആഘോഷങ്ങളും പെരുന്നാൾ റാസകളും ഉത്സവ ഘോഷയാത്രകളും രാഷ്ട്രീയ ജാഥകളും വിലാപയാത്രകളും എല്ലാം നിർബന്ധമായും നിയന്ത്രിക്കപ്പെടേണ്ടതാണ്. അതിനാവശ്യമായ നിയമനിർമ്മാണം നടത്തി പൊതുജനത്തിന്റെ സ്വൈരജീവിതത്തെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്.

ഇതിലും ഭയാനകമാണ് അടുത്തകാലത്തായി ക്രൈസ്തവ സഭകളിലെ വിലാപയാത്രകൾ. അടൂരിൽ നിന്നും കോട്ടയത്തിനു രാവിലെ യാത്രചെയ്യുമ്പോൾ പലപ്പോഴും ഏതെങ്കിലും മോർച്ചറിയിൽനിന്നും ഭവനത്തിലേക്കോ സെമിത്തേരിയിലേക്കോ മൃതശരീരം വഹിച്ചുകൊണ്ട് പോകുന്ന വിലാപയാത്ര കാണാറുണ്ട്. 'സമയമാം രഥത്തിൽ', 'ലോകമാം ഗംഭീര വാരിധിയിൽ' എന്നു തുടങ്ങി ക്രൈസ്തവർക്കു സുപരിചിതങ്ങളായ പല ഗാനങ്ങളും നാലുദിക്കിലും മുഴങ്ങുന്ന ശബ്ദത്തിൽ പാടിപ്പോകുന്ന കാഴ്ചകളാണ് കാണുന്നത്. പ്രത്യാശയുടെ വരികളുള്ള ഈ ഗാനങ്ങൾ യഥാർത്ഥത്തിൽ ശാന്തമായി ഭവനാങ്കണത്തിലോ ആരാധനാലയത്തിലോ പാടേണ്ടതാണ്. പകരം സമൂഹത്തെ ഒന്നാകെ വിഷാദ ഭാവത്തിലേക്ക് മാറ്റുന്ന ഇത്തരം വിലാപയാത്രകൾ വിഷാദ രോഗത്തിന്റെ പ്രവണതയുള്ളവരിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നേരിട്ട് മനസ്സിലാക്കിയ ചില അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ കുറിപ്പ്. ഇവയെല്ലാം നിയന്ത്രിക്കപ്പെടണം. പ്രിയപ്പെട്ടവരുടെ വേർപാടിൽ അതീവ ദുഃഖം പുലർത്തുന്ന സാഹചര്യത്തിലും ഭവനത്തിൽ മൈക്ക് വച്ച് നടത്തുന്ന പ്രാർത്ഥനകളിലും പ്രസംഗങ്ങളിലും അതീവമായ ശബ്ദവിപ്ലവമാണ്. ശാന്തവും സൗമ്യവുമായ രീതിയിൽ ശബ്ദനിയന്ത്രണം ഇക്കാര്യത്തിൽ പാലിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിവിധ തരത്തിലുള്ള മതസമൂഹം സാഹോദര്യത്തിൽ ജീവിക്കുന്ന പശ്ചാത്തലത്തിൽപ്പോലും നടത്തുന്ന ഇത്തരം ക്രമരഹിതമായ സമീപനങ്ങളിൽ തിരുത്തൽ അനിവാര്യമാണ്. പ്രത്യാശ പകരുന്ന ഗാനങ്ങളും പ്രാർത്ഥനകളും പ്രഭാഷണങ്ങളും ഭവനാന്തരീക്ഷത്തിൽ മാത്രം കേൾക്കുന്ന രീതിയിലുള്ള പുനഃക്രമീകരണം ഉണ്ടാകേണ്ടത് ആവശ്യമാണ്.

ഒരു പക്ഷേ ബിഷപ്പായ ഒരാൾക്ക് ഇത് സഭാതലത്തിൽ പരിഹരിച്ചുകൂടെ എന്നു വായിക്കുന്നവരിൽ ചിലർക്കെങ്കിലും സംശയം തോന്നിയേക്കാം; ക്രൈസ്തവ മതമേലദ്ധ്യക്ഷന്മാർ ഒരുമിച്ച് തീരുമാനിച്ചാൽപ്പോലും ക്രൈസ്തവരുടെ ഇടയിൽ ഇതിന് മാറ്റം വരുമെന്ന് തോന്നുന്നില്ല. ഒരു പരിധിവരെ ബോധവൽക്കരണം സാധിച്ചേക്കാം. എന്നാൽ പൊതുസമൂഹത്തിൽ പാലിക്കേണ്ട മര്യാദകൾ എന്ന നിലയിൽ നിയമങ്ങളിലൂടെ ഇതിനെ നിയന്ത്രിക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. ഭരണരംഗത്തുള്ളവരും മത-രാഷ്ട്രീയ നേതൃത്വ നിരയിലുള്ളവരും ഒരുമിച്ച് പ്രവർത്തിക്കുന്നത് ഇത്തരം കാര്യങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയേക്കാം. ഇടവകതലത്തിൽ പൊതുസമൂഹത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള റാലികളും ആഘോഷങ്ങളും നിയന്ത്രിക്കുന്നതിനെക്കുറിച്ചുള്ള വ്യാപകമായ ബോധനം ക്രിയാത്മകമായി ഉണ്ടാകുകയും ഇക്കാര്യത്തിൽ ഗുണപരമായി ചിന്തിക്കുകയും ചെയ്യണം.

മഹാപുരോഹിത സന്ദേശം

പ്രിയരെ,

ശുദ്ധീകരണത്തിന്റെയും ആത്മതപനത്തിന്റെയും സന്ദേശവുമായി വലിയ നോമ്പ് വന്നെത്തുകയാണല്ലോ. നമ്മുടെ രക്ഷകന്റെ മഹത്വകരമായ ഉയിർപ്പ് പെരുന്നാൾ ഉചിതമായി ആചരിക്കുവാനുള്ള ഒരുക്കത്തിന്റെ അവസരം കൂടിയാണ് ഈ നോമ്പ്. പരസ്പരമുള്ള ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും പ്രതീകമായ ശുബ്ക്കോനോ ശുശ്രൂഷയിലൂടെയാണ് നാം നോമ്പിലേക്ക് പ്രവേശിക്കുന്നത്. സാത്താനോട് യുദ്ധം ചെയ്യുവാനുള്ള പ്രധാന ആയുധമായ നോമ്പ് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുവാൻ ഇടയാകണം. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും നോമ്പിന്റെ അവിഭാജ്യ ഘടകങ്ങളും പൈശാചിക ശക്തിയെ വിജയിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ്. മോശയും ഏലിയായും നിനുവയിലെ ജനങ്ങളും നോമ്പിന്റെ ശക്തി തിരിച്ചറിഞ്ഞ് ദൈവീകാനുഗ്രഹങ്ങൾ പ്രാപിച്ചവരാണ്. ആയതിനാൽ, സ്വയം നിയന്ത്രണത്തിലൂടെയും പൂർണ്ണ സമർപ്പണത്തിലൂടെയും നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് വളരുവാൻ ശുദ്ധമുള്ള നോമ്പ് നമ്മെ സഹായിക്കട്ടെ. നമ്മുടെ വിശ്വാസികൾ എല്ലാവരും നിഷ്ഠയോടെ നോമ്പ് ആചരിക്കണം. ആയത് പരിശുദ്ധ സഭയുടെയും നമ്മുടെ ഭവനങ്ങളുടെയും അനുഗ്രഹത്തിന് മുഖാന്തിരമായിത്തീരുവാൻ പ്രാർത്ഥിക്കുന്നു.

വാത്സല്യമുള്ളവരേ, നമ്മുടെ പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. 78 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. പൂർത്തീകരണത്തിന് 50 കോടി രൂപയിലേറെ ഇനിയും ആവശ്യമുണ്ട്. സഭാംഗങ്ങളുടെ നിർലോപമായ സഹകരണംകൊണ്ടുമാത്രമേ ഈ ബൃഹത് പദ്ധതി പൂർത്തീകരിക്കാനാവുകയുള്ളൂ. അതുകൊണ്ട് വിശ്വാസികൾ തങ്ങളുടെ ഉപവാസമിച്ചവും വ്യക്തിപരമായ സംഭാവനകളും ബോണ്ടുകളും പരുമല കാൻസർ സെന്റർ നിർമ്മാണത്തിന് നൽകണമെന്നും ഓരോ ഇടവകയും വാർഷിക ബജറ്റിൽ ഗണ്യമായ ഒരു തുക കാൻസർ സെന്ററിനായി ഉൾക്കൊള്ളിച്ച് യഥാസമയം നൽകണമെന്നും നാം നിങ്ങളെ സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

കർത്താവിൽ പ്രിയരെ, ഈ വർഷം ദു:ഖവെള്ളിയാഴ്ചയും, വചനിപ്പു പെരുന്നാളും ഒരേ ദിവസം വരുന്നതിനാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുന്നാൾ ഏതുദിവസം വന്നിരുന്നാലും അത് മാറാനായ പെരുന്നാൾ ആയതിനാൽ അന്നേദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും പെരുന്നാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ പൊതുവായ പെരുന്നാളുകൾക്ക് നടത്തുന്ന സ്ലീബാ നമസ്കാരമോ നടത്താവുന്നതാണ്. തലേ ദിവസം സന്ധ്യമുതൽ പിറ്റേദിവസം രാവിലെ വി. കുർബ്ബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പ് പെരുനാളിന്റേത് ആയിരിക്കണം; കുമ്പിടീൽ ആവശ്യമില്ല. തുടർന്ന് ദു:ഖവെള്ളിയാഴ്ചയുടെ പ്രഭാത നമസ്കാരം മുതൽ തുടങ്ങി സ്ലീബാവന്ദനവും കബറടക്കവുമുൾപ്പെടെയുള്ള ശുശ്രൂഷകൾ നടത്തണം. പരിശുദ്ധ നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

മൗനത്തിന്റെ പ്രകാശം

THE ELOQUENT SILENCE OF JESUS

വലിയ നോമ്പ്:

ആന്തരിക നിശ്ചലതയിൽ പ്രകാശം പരത്തുന്ന വ്രതവിശുദ്ധി

'

വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു...
അവൻ വായ് തുറക്കാതിരുന്നു (യെശയ്യ 53:7)
യേശു ഒന്നും ഉത്തരം പറഞ്ഞില്ല (മത്താ. 27:12)
യേശു മിണ്ടാതെയും ഉത്തരം പറയാതെയും ഇരുന്നു (മർക്കോ. 14:61)
യേശു അവനോട് ഉത്തരം ഒന്നും പറഞ്ഞില്ല (ലൂക്കോ. 23:9)
യേശു ഉത്തരം പറഞ്ഞില്ല (യോഹ. 19:10)

* * *

മൗനത്തെ സ്നേഹിക്കുന്നവർ ദൈവത്തിങ്കലേക്ക് വളരെ അടുക്കുന്നു. മൗനി ദൈവവുമായി രഹസ്യമായി സംസാരിക്കുന്നു. ദൈവം മൗനിക്ക് വെളിച്ചം പകരുന്നു.

- ജോൺ ക്ലൈമാക്കസ്

* * *

സകലത്തെയും ഭാസുരമാക്കുന്ന ആദിവെളിച്ചമാണ് ഭാഷയുടെ പ്രകാശത്തിന്റെ ഉറവിടം. മനുഷ്യൻ ഉണ്ടാക്കുന്ന ശബ്ദാടോപമെല്ലാം ഭാഷയായി തെറ്റിദ്ധരിക്കപ്പെടുന്നു. വാക്കും അർത്ഥവും തമ്മിൽ ചേരാതെ പോകുന്നു. അതുകൊണ്ട് ആന്തരിക പ്രകാശത്തെ സാക്ഷാത്ക്കരിച്ച ജ്ഞാനികൾ ചിലപ്പോൾ ശബ്ദാധിഷ്ഠിത ഭാഷയെത്തന്നെ നിഷേധിച്ച് മൗനത്തിലേക്ക് മടങ്ങും.

- ഫാ. ഡോ. കെ.എം. ജോർജ്

* * *

മൗനത്തിന്റെ വിശുദ്ധി തീവ്രമായി യേശുവിൽ പ്രതിഫലിക്കുന്നത് പീഡാനുഭവത്തിലും കാൽവറിയിലുമാണ്. മൗനം ആത്മീയ പക്വതയുടെ സുവർണ്ണ കവചമാണ്. തുളച്ചു കയറുന്ന വാചാലത മൗനത്തിനുണ്ട്. അചഞ്ചലമായ മനസ്സിന്റെ വെടിപ്പിൻ മുദ്രയാണ് മൗനം. മഹായോഗികൾ അധികം സംസാരിക്കാറില്ല. സംസാരിച്ചാലും മനസ്സ് മൗനത്തിലായിരിക്കും. വാക്കിന്റെ രൂപവും ഭാവവും എപ്പോഴും ഋജുവായിരിക്കും. മൗനത്തിന്റെ അഗാധതയിലും വിശുദ്ധിയുടെ തപശക്തിയിലും പ്രകാശം പരത്തുന്നത് സഹനത്തിന്റെ സുവിശേഷമാണ്.

യേശുവിന്റെ വിസ്താരത്തിലും ക്രൂശാരോഹണത്തിലും പ്രകടമായത് ദീർഘ മൗനമാണ്. ക്രൂശാരോഹണത്തിലെ ആറു മണിക്കൂറിൽ യേശു സംസാരിച്ചത് ഏഴു പ്രാവശ്യം മാത്രം. അത്യന്തം ഹൃദയഭേദകമായ ക്രൂശിലെ മൊഴികൾ അനശ്വര വചനങ്ങളാണ്. ഇവ ഗ്രീക്കിൽ 41 വാക്കുകൾ മാത്രം. ഇംഗ്ലീഷിൽ (NIV) 58 വാക്കുകളും. ഇത് ഉച്ചരിക്കുവാൻ ഒരു മിനിട്ടു മാത്രം മതി. കാൽവറിയിലെ ആറു മണിക്കൂറിൽ യേശു അഞ്ചു മണിക്കൂറും 59 മിനിറ്റും സമ്പൂർണ്ണ മൗനത്തിലായിരുന്നു.

യേശുവിന്റെ വിചാരണ വെള്ളിയാഴ്ച രാത്രി രണ്ടിന് ആരംഭിച്ച് രാവിലെ 10 വരെയുള്ള എട്ടുമണിക്കൂറായി ഗണിച്ചിട്ടുണ്ട്. പ്രധാനമായും ആറ് വിചാരണകൾ നടന്നതിൽ യഹൂദ മതാധികാരികളായ അന്നാസും (യോഹ. 18:12-14), കയ്യാഫാസും (മത്താ. 26:57-68) സന്നിദ്രി സംഘവും (മത്താ. 27:1-2, ലൂക്കോ. 22:63-71) യേശുവിനെ കുറ്റക്കാരനായി വിധിച്ചു. എന്നാൽ റോമൻ ഭരണാധികാരികളായ പീലാത്തോസും ഹേരോദോസും നടത്തിയ മൂന്നു വിചാരണയിൽ യേശു നിരപരാധി എന്ന് കണ്ടെത്തി. വിചാരണയിൽ വളരെക്കുറിച്ചു മാത്രം സംസാരിക്കുന്ന യേശു അധിക സമയവും നിശബ്ദനായിരുന്നു. യേശുവിന്റെ പീഡാനുഭവത്തെ മൗനത്തിന്റെയും സഹനത്തിന്റെയും ഭാവമായി നാലു സുവിശേഷകരും ചിത്രീകരിക്കുന്നു. ഏശയ്യാ പ്രവചനത്തിലെ പീഡിതദാസ വിവരണങ്ങൾ (യെശ. 42:1-4, 49:1-7, 50:4-11, 53:13, 53:12) സുവിശേഷ രചനകളിൽ പ്രതിഫലിക്കുന്നു. യേശുവിന്റെ വിസ്താരത്തിലും ക്രൂശാരോഹണത്തിലും മൗനിയായ യേശുവിന്റെ വാങ്മയ ചിത്രമാണുള്ളത്.

മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തിയപ്പോഴും മഹാപുരോഹിതൻ *നീ ഉത്തരം പറയുന്നില്ലയോ* എന്ന് ആക്രോശിച്ചപ്പോഴും യേശുവിനെ കാണുവാൻ വളരെ കാലമായി ആഗ്രഹിച്ച ഹേരോദാവ് യേശു അടയാളങ്ങൾ നടത്തുന്നതു കാണുവാനായി *ഏറിയൊന്നു ചോദിച്ചിട്ടും* യേശുവിന് ഉത്തരം നിശബ്ദതയായിരുന്നു. *കള്ളസാക്ഷികൾ എഴുന്നേറ്റു ഞാൻ അറിയാത്ത കാര്യം എന്നോടു ചോദിക്കുന്നു* (സങ്കീ. 35:11) എന്ന ദർശനവും വായ്



EDITORIAL

തുറക്കാതെയിരുന്നിട്ടും പീഡിപ്പിക്കപ്പെടുകയും കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും ആയി എന്ന പ്രവചനവും (യെശ. 53:7-8) യാഥാർത്ഥ്യമായി. വിസ്താരത്തിൽ യഹൂദ ഭരണാധികാരികൾ (മത്താ. 27:12, മർക്കോ. 14:61), പീലാത്തോസ് (മത്താ. 27:13-14), ഹേറോദാവ് (ലൂക്കോ. 23:9) എന്നിവരുടെ മുമ്പിൽ യേശു ദീർഘമായ മൗനം പാലിച്ചു. നാടുവാഴികളുടെയും ഭരണാധികാരികളുടെയും ആരോപണങ്ങൾ യേശു തിരസ്കരിച്ചു. യേശുവിന്റെ മൗനം കണ്ട് പീലാത്തോസ് *ഭയപ്പെട്ടു* (യോഹ. 19:9), *ആശ്ചര്യപ്പെട്ടു* (മർക്കോ. 15:5), *അത്യന്തം ആശ്ചര്യപ്പെട്ടു* (മത്താ. 27:14) എന്നാണ് സുവിശേഷകർ എഴുതിയിരിക്കുന്നത്. വിചാരണയിൽ യേശു ശാരീരികമായും മാനസികമായും പീഡനമേറ്റു. തീവ്രമായി ഞെരുക്കപ്പെടുന്ന പീഡിതാവസ്ഥ യേശുവിന്റെ മൗനത്തിൽ പ്രകടമായി (യെശ. 31:4, സങ്കീ. 38:13-14, 39:1-2).

യേശു ഉത്തരം പറഞ്ഞില്ല എന്നതിനേക്കാൾ പ്രധാനം വിസ്താര സമയത്ത് യേശുവിന്റെ മൗനത്തിന്റെ സന്ദേശമാണ്. വാദമുഖങ്ങളുടെ ജീർണ്ണിച്ച നേർക്കാഴ്ചകൾക്കു പകരം മൗനത്തിന്റെ വിശുദ്ധി ജീവിതത്തിൽ സംവേദിപ്പിച്ചു. യേശുവിന്റെ മൗനത്തിൽ നിറഞ്ഞത് ദൈവരാജ്യമൂല്യങ്ങളുടെ വാഗ്മിത്വമാണ്. പരിഹാസങ്ങളിൽ മൗനം വാചാലമായി. പരസ്യ ശുശ്രൂഷയിൽ യേശു പീഡാനുഭവത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ശിഷ്യരെ ദൗത്യത്തിനയച്ചപ്പോൾ പഠിപ്പിച്ചത് എതിർപ്പുകൾ വന്നാൽ അവിടുന്നു പോകുമ്പോൾ *കാലിലെ പൊടി തട്ടിക്കളയുവിൻ* (മത്താ. 10:14) എന്നാണ്. വാദ കോലാഹലങ്ങളെ തിരസ്ക്കരിക്കണമെന്നും സ്വയശിക്ഷണവും ആത്മനിയന്ത്രണവും ശിഷ്യർക്ക് അനിവാര്യമാണെന്നും പ്രബോധിപ്പിച്ചു. വിസ്താരത്തിലും കാൽവറിയിലും യേശു പുലർത്തിയ മൗനം ആത്മസംയമനമാണ്. യേശു സംസാരിച്ചാൽ അത് *പന്നികൾക്ക് മുമ്പിൽ എറിയപ്പെടുന്ന മുത്തുകൾ പോലെ* (ലൂക്കോ. 13:22) ആകുമെന്ന് കണ്ട് മൗനത്തിന് പുത്തൻ അർത്ഥതലങ്ങൾ നൽകി. പീഡാനുഭവത്തിന് യേശു സ്വയം സമർപ്പിച്ചതിനാൽ (മർക്കോ. 14:36) ആരോപണങ്ങളിൽ നിശബ്ദനായി. അപഹാസ്യങ്ങൾ ശാന്തമമായി സഹിക്കുന്ന നീതിമാനും നിഷ്കളങ്കനുമായ യേശു *സഹന ദാസനായി.*

യേശുവിനെ വാക്കിൽ കുടുക്കുവാൻ പരീശന്മാരും (മത്താ. 22:15) സാദൂക്യരും (മത്താ. 22:34) ശ്രമിച്ചിട്ടുണ്ടെങ്കിലും യേശുവിന്റെ പ്രബോധനത്തിൽ പലപ്പോഴും അവർ ആശ്ചര്യപ്പെട്ടു. സഹോദരൻ നിന്നോട് പിഴച്ചാൽ *നീയും അവനും മാത്രമുള്ളപ്പോൾ കുറ്റം അവനു ബോധ്യം വരുത്തുക* (മത്താ. 18:15) എന്നാണ് യേശു കല്പിച്ചത്. സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ എന്ന് പൗലോസ് ശ്ലീഹ (റോമ. 12:18) വിശദീകരിക്കുന്നു. ബഹള പൂരിതവും അശാസ്ത്രീയവുമായ വിസ്താര ക്രമങ്ങളിൽ യേശു പുലർത്തിയ സമീപനം മൗനത്തിന്റെ ആദ്ധ്യാത്മീകതയാണ്.

ശിഷ്യരുടെ പരിത്യജിക്കലും യൂദാസിന്റെ ഒറ്റിക്കൊടുക്കലും പത്രോസിന്റെ തള്ളിപറയലും യേശുവിനെ പീഡാനുഭവത്തിലേക്ക് നയിക്കുന്നു. യേശു *മശിഹായും ദൈവപുത്രനും യഹൂദന്മാരുടെ രാജാവും* എന്ന അസാധാരണ കുറ്റമാണ് ആരോപിക്കുന്നത്. എന്നാൽ യേശു ദൈവപുത്രൻ എന്ന് പത്രോസും (മർക്കോ. 8:29) ശതാധിപനും (മർക്കോ. 15:39) പ്രഖ്യാപിക്കുന്നു. യേശുവിന്റെ സ്നാനത്തിലും മറുരൂപത്തിലും *ഇവൻ എന്റെ പ്രിയ പുത്രൻ* എന്ന് പിതാവാം ദൈവം വെളിപ്പെടുത്തി.

വിസ്താരത്തിൽ അധികസമയവും യേശു പുലർത്തിയത് നിശബ്ദതയാണ്. ക്രൂശീകരണത്തിലും. ലോകത്തെ പ്രകാശിപ്പിക്കുന്ന യേശുവിന്റെ മൗനപാഠങ്ങൾ ഏകാന്തത, പ്രാർത്ഥന, ധ്യാനം എന്നിവയിൽ നിന്നും ആർജ്ജിച്ചതാണ്. മൗനത്തിന്റെ വിശുദ്ധിയിൽ ധ്യാന മനനങ്ങൾക്ക് അനേക രാവുകൾ യേശു വേർതിരിച്ചിട്ടുണ്ട്. മരുഭൂമിയിലെ ഉപവാസവും (മത്താ. 4:1-11) *ദൈവത്തെ മാത്രം നോക്കി മൗനമായിരിക്കുക* എന്ന എബ്രായ പാരമ്പര്യവും മൗനത്തിന്റെ യോഗാത്മകതയിലേക്ക് പ്രവേശിക്കുവാൻ ശക്തി പകർന്നു. പുതിയ തലമുറയ്ക്ക് മൗനത്തിന്റെ വേരുകൾ തേടിയുള്ള മടക്കയാത്ര അനിവാര്യമാണ്. ശബ്ദ ദൃശ്യ സംസ്ക്കാരം ആധിപത്യം പുലർത്തുന്ന 'കാഴ്ചകളുടെ സംസ്ക്കാരത്തിൽ' മൗനവും ഏകാന്തതയും ധ്യാനവും തകർക്കപ്പെടുന്നു. *ആർത്തിയുടെയും കവറേജിന്റെയും ആഘോഷത്തിന്റെയും* സംസ്ക്കാരത്തിൽ മനസിനെ ആന്തരിക നിശ്ചലതയിൽ പരിപക്വമാക്കുന്നിനുള്ള പരിശീലനം അന്യമാകുന്നു.

മൗനത്തിന്റെ വിശുദ്ധിയിൽ ആത്മശരീര മനസുകൾക്ക് ലഭ്യമാകുന്ന അഗാധവും സമഗ്രവുമായ നിശബ്ദതയാണ് വ്രതാനുഷ്ഠാനത്തിൽ വളർത്തിയെടുക്കേണ്ടത്. ദീർഘ മൗനങ്ങളിൽ താല്ക്കാലിക പരാജയങ്ങൾ ഉണ്ടാകുമെങ്കിലും വിജയമായിരിക്കും ആത്യന്തിക ഫലം. നോമ്പ്, ഉപവാസം, പ്രാർത്ഥന, മൗനം എന്നിവയിൽ ദൈവ മനുഷ്യബന്ധം അഗാധമാക്കുന്നു. മൗനത്തിലൂടെ ദൈവിക പ്രശാന്തതയിൽ എത്തുന്ന മഹാമൗനമാണ് ആത്യന്തികമായി ലഭ്യമാക്കേണ്ടത്.

> "വിസ്താരങ്ങൾ സ്നേഹത്തിന്റേതും സാഹോദര്യത്തിന്റേതുമാകുമ്പോൾ അനുരഞ്ജനത്തിലേക്ക് നയിക്കും. നീതിയും ശാന്തിയും അതിൽ പ്രതിഫലിക്കും. പണം, അധികാരം, മാധ്യമ കവറേജ് എന്നിവ ലക്ഷ്യമാക്കുന്ന വാദകോലാഹലങ്ങളിൽ തകർന്നടിയുന്നത് സദാചാരമൂല്യങ്ങളാണ്."

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

FEED BACK

നീതിമാനായ യൗസേഫിനെ അവഗണിക്കുന്നുവോ?

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വ

> തിരുക്കുടുംബം എന്ന സങ്കല്പം തികച്ചും പാശ്ചാത്യമാണ്. യൂറോപ്പിൽ ശാസ്ത്ര ബോധം വളർന്നതിന്റെ തുടർച്ചയാണ് അത്. ശാസ്ത്രരീത്യാ അപ്പൻ ഇല്ലാതെ കുടുംബം ഉണ്ടാവുക വയ്യ. പൗരസ്ത്യ രഹസ്യാത്മകതയിൽ മാതാവും മകനും മതി. അത് ശാസ്ത്രമല്ല, രഹസ്യാത്മകതയാണ്.

ജോസഫ് റോമാക്കാരെ അനുകരിക്കേണ്ടതില്ല

■ ഡോ. ഡി. ബാബു പോൾ

മലങ്കരയുടെ മഹാഗുരു ആദരണീയനായ ജോഷ്വ അച്ചൻ നമ്മുടെ സഭ നീതിമാനായ യൗസേഫിനോട് അനീതി ചെയ്തു എന്ന് വാദിക്കുന്ന ലേഖനം മൂന്ന് തവണ വായിച്ചു. വെടിക്കെട്ടുകാരന്റെ മുൻപിൽ ഉടുക്ക് കൊട്ടുന്നവന്റെ ഭയത്തോടും വിറയലോടും കൂടെ ചിലത് പറയട്ടെ.

പ്രാർത്ഥനകൾ രചിച്ച പിതാക്കന്മാർ യൗസേഫിനെ "അവഗണിക്കുന്നതിന്" മുൻപ് ആ കർമ്മം നിർവ്വഹിച്ചത് മത്തായിയും ലൂക്കോസും ആണ്. ആട്ടിടയന്മാരെയും മ്ഗൂശേൻമാരെയും കുറിച്ച് സുവിശേഷങ്ങളിൽ പറയുന്നിടത്തൊന്നും അവരും യൗസേഫിനെ 'മൈൻഡ് ' ചെയ്തിട്ടില്ലല്ലോ.

ദൈവാലയത്തിൽ വച്ച് "നിന്റെ അപ്പനും ഞാനും" എന്ന് മറിയം പറയുന്നുണ്ട് എന്നത് ശരി തന്നെ (ലൂക്കോസ് 2:48). അതിനോട് മകൻ പ്രതികരിക്കുന്നത് (2:49) വായിച്ചാൽ മറിയത്തിന്റെ വാക്കിന്മേൽ ആർക്കും വാദം ബലപ്പെടുത്താനാവാതെ വരും. യൗസേഫല്ല, ദൈവമാണ് തന്റെ പിതാവ് എന്നാണ് മറുപടിയിലെ സൂചന. 'അപ്പൻ' എന്ന് മറിയം പറയുമ്പോൾ 'പിതാവ്' എന്ന് മകൻ പറയുന്നു.*

ജോസഫിൽ നിക്ഷിപ്തമായ ദൗത്യം താൽക്കാലികമായിരുന്നു. അത് പ്രാഗത്ഭ്യത്തോടും വിശ്വസ്തതയോടും കൂടെ ജോസഫ് നിർവ്വഹിക്കുകയും ചെയ്തു. അതിനപ്പുറത്തേയ്ക്ക് കടന്ന് പാശ്ചാത്യസഭയെ അനുകരിക്കുന്നതിന് ന്യായമില്ല.

പാശ്ചാത്യ സഭയിൽ തന്നെ ആദ്യ സഹസ്രാബ്ദത്തിന്റെ അന്ത്യത്തോടടുത്താണ് ജോസഫ് ശ്രദ്ധ നേടുന്നത്. ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ ചില പ്രാദേശിക സഭകളിൽ ജോസഫ് ആരാധ്യനായി. പന്ത്രണ്ടാം നൂറ്റാണ്ടിൽ, കൃത്യമായി പറഞ്ഞാൽ 1129-ൽ ആണ്, പാശ്ചാത്യ സഭയിൽ ആദ്യമായി ജോസഫിന്റെ പേരിൽ ഒരു ദേവാലയം ഉണ്ടായത്. അത് ബൊളോണ എന്ന സ്ഥലത്തായിരുന്നു. ബർനാഡ്, തോമസ് അകിനാസ്, ജെർട്രൂഡ്, ബ്രിജിറ്റ് എന്നീ വിശുദ്ധരാണ് ജോസഫിന്റെ പ്രാമുഖ്യം ഉറപ്പിച്ച് പ്രചരിപ്പിച്ചത്. ഇവരൊക്കെ രണ്ടാം സഹസ്രാബ്ദത്തിൽ ജീവിച്ചിരുന്നവരാണ്. പാശ്ചാത്യ സഭയിൽ ജോസഫിന്റെ പേര് കുർബ്ബാന തക്സയിൽ ഉപയോഗിച്ചത് ജോൺ XXIII ആയിരുന്നു. ജോഷ്വ അച്ചൻ പഴയ സെമിനാരിയിൽ പ്രൊഫസർ ആയ ശേഷം ആണ് ജോൺ XXII മാർപ്പാപ്പ ആയത് എന്ന് കൗതുകത്തോടെ ഓർത്തുപോവുന്നു ഞാൻ.

തിരുക്കുടുംബം എന്ന സങ്കല്പം തികച്ചും പാശ്ചാത്യമാണ്. യൂറോപ്പിൽ ശാസ്ത്ര ബോധം വളർന്നതിന്റെ തുടർച്ചയാണ് അത്. ശാസ്ത്രരീത്യാ അപ്പൻ ഇല്ലാതെ കുടുംബം ഉണ്ടാവുക വയ്യ. പൗരസ്ത്യ രഹസ്യാത്മകതയിൽ മാതാവും മകനും മതി. അത് ശാസ്ത്രമല്ല, രഹസ്യാത്മകതയാണ്. (മിനിസ്റ്ററി എന്ന് സായിപ്പ്). കേരളത്തിൽ തിരുക്കുടുംബ സങ്കൽപ്പം പ്രചരിപ്പിച്ചത് വിശുദ്ധ ചാവറ ആണ്. ചാവറയുടെ ലക്ഷ്യം ജോസഫിനോടുള്ള ആദരവ് വളർത്തുക എന്നതിലേറെ കുടുംബ ഭദ്രതയുടെ ആദർശം പ്രചരിപ്പിക്കുക എന്നതായിരുന്നു.

സുറിയാനിസഭയിൽ കോട്ടയത്ത് ശാസ്ത്രി റോഡിൽ ഉള്ള ദേവാലയം മാത്രമാണ് ജോസഫിന്റെ പേരിൽ ഉള്ളത്. ആ പള്ളിയുടെ സ്ഥാപകനായ പെരുമ്പള്ളി മാർ ഗ്രിഗോറിയോസിന്റെ ഇഷ്ട ധ്യാന വിഷയം ജോസഫ് മറിയത്തെ ആദരവോടെ ശുശ്രൂഷിച്ചതായിരുന്നു. അദ്ദേഹം യാക്കൂബ് തൃതീയൻ ബാവായെ സമീപിച്ച് യൗസേഫിന്റെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിക്കാൻ അനുമതി തേടി. അത് പൗരസ്ത്യ പാരമ്പര്യത്തിൽ ഇല്ലെങ്കിലും വേദവിരുദ്ധമല്ല എന്നും പള്ളി സ്ഥാപിക്കാൻ വിരോധമില്ല എന്നും പാത്രിയർക്കീസ് കല്പിച്ചു. ആ പള്ളി അങ്ങനെ ഉണ്ടായെങ്കിലും പെരുമ്പള്ളി തിരുമേനിയുടെ പരിഷ്ക്കാരം മലങ്കരയിൽ ക്ലച്ച് പിടിച്ചില്ല എന്നതിന് ചരിത്രമാണ് സാക്ഷി.

അതേ സമയം ദൈവമാതാവിനോടുള്ള ഭക്തി മലങ്കരയിൽ ശീമയിലേതിനെക്കാൾ എത്രയോ കൂടുതലാണ് എന്ന് ഓർക്കുക. ശീമക്കാർക്ക് ആറ്, ഏഴ് നൂറ്റാണ്ടുകളോടെ ആവാം മരിയഭക്തി കുറഞ്ഞത്. ചരിത്രപരമായി പാശ്ചാത്യ സഭയോടുള്ള വിരോധവും സാമൂഹികമായി ഇസ്ലാമിന്റെ വളർച്ചയും അതിന് പരോക്ഷകാരണങ്ങൾ ആയിട്ടുണ്ടാവാം, ഭാരതത്തിലെ ദേവീസങ്കൽപ്പം പരോക്ഷമായി നമ്മെ മരിയഭക്തിയിൽ ഉറപ്പിച്ചത് പോലെ. കേരളത്തിൽ മാത്രം ആചരിക്കപ്പെടുന്ന എട്ടുനോമ്പ് ഒരുദാഹരണം. അത് അമലോത്ഭവബദ്ധമാണ് എന്ന് ഒരു വിദ്വാൻ എഴുതിയിരിക്കുന്നത് ഈയിടെ കണ്ടു. സുറിയാനി സഭയിലെ പെരുനാളുകളുടെ പട്ടികയിൽ സെപ്റ്റംബർ 8 പണ്ട് മുതൽ തന്നെ ഉള്ളതാണ്. മാറാനായപെരുനാൾ, ഗ്രേഡ് 3!

(സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി കുറിക്കട്ടെ. ഗ്രേഡ് 1 വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുകയും ശാബത് പോലെ ലോക കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും വേണ്ട പെരുനാളുകൾ. യൽദോ, ദനഹാ, സൂബോറോ, സൂലോക്കോ, ശൂനോയോ. അടുത്തത് കുർബ്ബാന കാണണം, ശാബതാചരണം ഐച്ഛികം എന്ന ഇനം. യോനായുടെ ഓർമ്മ ഫെബ്രു. 22, ജൂൺ 29 ഉദാഹരണങ്ങൾ. ഗ്രേഡ് 3 ഐശ്ചികമായ ആചരണം. സെപ്റ്റം. 8, ജനുവരി 15, ജൂലൈ 3 ഇത്യാദി). റോമൻ കത്തോലിക്കാസഭ അമലോത്ഭവം എന്ന ഡോഗ്മ പ്രഖ്യാപിച്ചപ്പോഴാണ് അമലോത്ഭവത്തിരുന്നാൾ ഉണ്ടായത്. അതിന്റെ തീയതി ഡിസംബർ 8 നിശ്ചയിച്ചതാകട്ടെ സെപ്റ്റംബർ 8 അടിസ്ഥാനമാക്കിയും. നാലാം നൂറ്റാണ്ടിൽ ഡിസംബർ 25 ക്രിസ്മസും അങ്ങനെ മാർച്ച് 25 സൂബോറോയും ആയത് പോലെ തന്നെ.

അമലോത്ഭവത്തെക്കുറിച്ച് കൂടെ ഒരു വാക്ക്. നമുക്കെന്നല്ല കത്തോലിക്കർക്ക് പോലും ശരിയായ അവബോധം ഇല്ലാത്തത് സംഗതി. ദൈവമാതാവിന്റെ ജനനം നമ്മുടെ കർത്താവിന്റേത് പോലെ ആയിരുന്നു എന്നല്ല അമലോത്ഭവ സിദ്ധാന്തം പഠിപ്പിക്കുന്നത്. മാതാപിതാക്കളിൽ നിന്ന്, പ്രകൃതി നിയമം അനുസരിച്ച്, നാം ഓരോരുത്തരേയും പോലെ തന്നെ മറിയാമും ജനിച്ചു. എന്നാൽ മറിയം ഗർഭത്തിൽ ഉരുവായ ആദ്യനിമിഷം തന്നെ കൃപ നിറഞ്ഞവളായി വാഴ്ത്തപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ടു. ഇതാണ് പത്തൊൻപതാം നൂറ്റാണ്ടിൽ പ്രഖ്യാപിതമായ ഡോഗ്മ. നാം അത് അങ്ങനെ പ്രഖ്യാപിച്ചിട്ടില്ലെന്ന് മാത്രമല്ല, വചനിപ്പ് വേളയിലാണ് വിശുദ്ധീകരിക്കപ്പെട്ടത് എന്ന് വിശ്വസിച്ചുപോരികയും ചെയ്യുന്നു. കന്യക ചെവിയിൽകൂടെ ഗർഭം ധരിച്ചു എന്ന് ഏതോ പിതാവ് എഴുതിയിട്ടുണ്ടല്ലോ. പ്രകാശമായ ദൈവം ഇറങ്ങി വസിച്ച അന്ധകാരനിബിഡമായ ഗർഭപാത്രം (വെള്ളിയാഴ്ച മൂന്നാം മണി സമയത്തെ രഹസ്യ പ്രാർത്ഥനയിലാണ് *ഗർഭപാത്രത്തിലെ അന്ധകാരം* എന്ന ആശയം ഞാൻ ആദ്യമായി ശ്രദ്ധിച്ചത്). അപ്പോൾ മുതൽ പാപമുക്തയായി എന്നാണ് നമ്മുടെ വിശ്വാസം. പതിമൂന്ന് വയസ്സിലാണ് മറിയം ഗർഭം ധരിച്ചത് എന്നാണ് നമ്മുടെ പാരമ്പര്യം. അതായത് പതിമൂന്ന് വർഷത്തെ വ്യത്യാസം. ദുഃഖവെള്ളിയാഴ്ച കഴിഞ്ഞാണ് കന്യകമറിയാം, ശേഷം മനുഷ്യരെ പോലെ, രക്ഷിക്കപ്പെട്ടത് എന്നത് പ്രൊട്ടസ്റ്റന്റ് വാദം ആണ്. റോമാക്കാരോടുള്ള വിരോധത്തിൽ നാമും അത് ഏറ്റുപിടിക്കാറുണ്ടെങ്കിലും നമ്മുടെ പാരമ്പര്യവും പ്രാർത്ഥനകളും ആ നിലപാടിനെ ഉറപ്പിക്കുന്നില്ല. അത് പോകട്ടെ. അത് വേറെ വിഷയം. ശൂനോയോ പോലെ ആണ് ഇക്കാര്യവും എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. നൂറ്റാണ്ടുകളായി നാം നോമ്പോട് കൂടെ ആചരിക്കുന്നതാണ് ദൈവമാതാവിന്റെ വാങ്ങിപ്പ്. 1950-ൽ മാത്രം ആണ് റോമാക്കാർ അത് ഡോഗ്മ ആയി പ്രഖ്യാപിച്ചത്. അപ്പോൾ അജ്ഞത കൊണ്ടോ അഹങ്കാരം കൊണ്ടോ അവർ അസംപ്ഷന് മലയാളം തേടി. ഐ.സി. ചാക്കോ, 'സ്വർഗ്ഗാരോപണം' എന്ന സംസ്കൃതപദം നിർദ്ദേശിച്ചു. ശൂനോയോ പെരുനാളിനുണ്ടായിരുന്ന പ്രാധാന്യം ആണ് ഈ ഡോഗ്മയെ എതിർക്കുന്നതിൽ നിന്ന് നമ്മെ തടഞ്ഞത് എന്ന് തോന്നുന്നു.

ജോസഫിലേക്ക് തിരിച്ചുവരാം. അപ്പോക്രീഫൽ കൃതികളിലാണ് ജോസഫിനെക്കുറിച്ച് ഒന്നാം സഹസ്രാബ്ദത്തിൽ പരാമർശങ്ങൾ കാണുന്നത്. ശൈശവ സുവിശേഷങ്ങളിൽ, ആശാരിയായ ജോസഫിന്റെ ചരിത്രം എന്ന കൃതിയിൽ, വിശുദ്ധ കന്യകയുടെ ജീവിതം, മറിയയുടെ ജനന സുവിശേഷം, തോമാസുവിശേഷം തുടങ്ങിയ അപ്പോക്രീഫൽ രചനകളിൽ. ഇവയൊന്നും സഭ അംഗീകരിക്കുന്ന പുസ്തകങ്ങളല്ല. ഇവയിൽ നിന്ന് ജോസഫിനെക്കുറിച്ച് കിട്ടുന്ന വിവരങ്ങൾ 'വേദശബ്ദരത്നാകര'ത്തിൽ സംക്ഷേപിച്ചിട്ടുണ്ട്.

ലത്തീൻ ഭാഷയിൽ Entia non sunt multiplicanda sine necessitate എന്ന് ഒരു പഴഞ്ചൊല്ല് ഉണ്ട്. ആവശ്യത്തിലേറെ ഒന്നും പെരുപ്പിക്കരുത് എന്നാണ് അതിന്റെ അർത്ഥം നമുക്കും അതാണ് കരണീയം. ജോസഫിന്റെ ജീവിതവും നീതിയും ഇഷ്ടധ്യാനവിഷയമാക്കുന്നവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. റോമാക്കാരെയും ഗ്രീക്കുകാരേയും ഒന്നും അനുകരിക്കാൻ നാം തുനിയേണ്ടതില്ല.

(ഗ്രീക്ക് ഭാഷയിൽ പിതാവ്/അപ്പൻ എന്നത് ലൂക്കോ. 2:48-ൽ "പറ്റെർ സു" (father of you) എന്നും 49-ൽ "പറ്റ്റോസ് മു" (father of me) എന്നും കാണുന്നു. ഇത് രണ്ടും ഒരേ പദത്തിന്റെ രണ്ട് രൂപമാണ്. "എന്റെ പിതാവ്" "നിന്റെ പിതാവ്"എന്ന വ്യത്യാസമല്ലാതെ പിതാവിൽ വ്യത്യാസമില്ല. ഒരേ പദം തന്നെ - എഡിറ്റർ)*

■

മലങ്കരസഭ മാസിക സപ്തതി നിറവിൽ

മലങ്കരസഭ എഴുപതു വർഷമായി മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ കഴിയുന്നത് ഏവരുടേയും നിസ്തുല പ്രോത്സാഹവും സഹകരണവും കൊണ്ടാണ്.

- മലങ്കരസഭാ മാസിക വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഏവരും ഹൃദയപൂർവ്വം സഹകരിക്കണം. സ്നേഹിതരെ മലങ്കരസഭാ മാസികയുടെ വരിക്കാരായി ചേർക്കുവാൻ ഉത്സാഹിക്കണം.
- വരിസംഖ്യ, സംഭാവന, പരസ്യം എന്നിവ കൃത്യമായി നൽകി സഹായിക്കണം.
- പ്രിയപ്പെട്ടവരുടെ പേരിൽ സ്ഥിര നിക്ഷേപം/എൻഡോവ്മെന്റ് നൽകി മലങ്കസഭ മാസികയുടെ പ്രവർത്തനങ്ങൾക്ക് സ്നേഹപൂർവ്വമായ കൈത്താങ്ങലുകൾ നൽകാവുന്നതാണ്.
- ഇടവക പെരുന്നാൾ, പ്രിയപ്പെട്ടവരുടെ ഓർമ്മ, വാർഷികം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകി സഹകരിക്കണം.

Malankara Sabha Magazine
Devalokam, Kottayam-04; Ph:0481-2573234, 9447141639

വിശുദ്ധ കുമ്പസാരം

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

മാമോദീസായ്ക്ക് ശേഷം ഒരു ക്രിസ്ത്യാനി സ്വാതന്ത്ര്യ ബുദ്ധി മൂലമോ സാത്താന്റെ പ്രേരണമൂലമോ പാപം ചെയ്യുമ്പോൾ ആ പാപത്തിന് മോചനം ലഭിക്കുവാൻ ഉള്ള കൂദാശയാണ് വി. കുമ്പസാരം. കുമ്പസാരം മൂലം ദൈവവുമായും മനുഷ്യരുമായും അനുരഞ്ജനം സാധ്യമാകുന്നതിനാൽ അനുരഞ്ജനത്തിന്റെ കൂദാശ എന്നും ഇതിന് പേരു വിളിക്കാം

പാപം ഏറ്റു പറയുവാനായി എപ്പോഴെല്ലാം ഓർക്കുന്നുവോ അപ്പോഴെല്ലാം കുമ്പസാരിക്കണം. യഥാർത്ഥമായ അനുതാപത്തോടെ ആയിരിക്കണം. കുമ്പസാരം വഴി ആത്മീയ പുനരുജ്ജീവനം സാധ്യമായി തീരുന്നു. അതിന് ചില ഒരുക്കങ്ങൾ ആവശ്യമാണ്. സ്വയപരിശോധന, അനുതാപം, ഏറ്റുപറച്ചിൽ, പ്രതിജ്ഞ, പ്രായശ്ചിത്തങ്ങൾ, വി. കുർബാനാനുഭവം. എന്നിവ പാപമോചനം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങളാണ്.

കുമ്പസാരം എന്നത് ഒരു പോർട്ടുഗീസ് പദമാണ്. കത്തോലിക്കാ സഭയുടെ സ്വാധീനത്തിൽ കടന്നുവന്നതാണ്. സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനൂസോ അഥവാ ഏറ്റുപറച്ചിൽ എന്നാണ് ഈ കൂദാശയ്ക്ക് നൽകിയിരിക്കുന്ന പേര്.

1. വി. കുമ്പസാരം എന്തിന്?

കുമ്പസാരത്തിന്റെ ആവശ്യത്തിന് പ്രധാനമായും രണ്ട് കാരണങ്ങൾ ഉണ്ട്. വേദശാസ്ത്രപരമായും മനശാസ്ത്രപരമായും. വേദശാസ്ത്രപരമായി, പുരോഹിതന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ വേദപുസ്തകത്തിൽ നിഷ്കർഷിച്ചിരിക്കുന്നതാണ്. (യോശുവ 7:19) യഹോവയ്ക്ക് എതിരായി ആഖാൻ പാപം ചെയ്ത് പിടിക്കപ്പെട്ടപ്പോൾ യോശുവാ പറയുന്നത് ഇപ്രകാരമാണ്. "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോട് ഏറ്റു പറയുക; നീ എന്തുചെയ്തു എന്നു പറയുക, എന്നോട് മറച്ചുവയ്ക്കരുത്." ഇവിടെ യോശുവായുടെ സാന്നിധ്യത്തിൽ ദൈവത്തോട് ഏറ്റുപറയുകയാണ് ആഖാൻ ചെയ്യുന്നത്. അതായത് യഹോവയ്ക്ക് വേണ്ടി യോശുവായോട് ഏറ്റുപറയുന്നു. അതോടൊപ്പം ഏറ്റുപറച്ചിലിനും വേദപുസ്തകാടിസ്ഥാനമുണ്ട്. സദൃശ്യ.28:13 "നിന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും". കൂടാതെ (1 യോഹന്നാൻ 1:9)" "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും



ശുബ്ക്കോനോ

ഒരു പെരുനാളിലേക്ക് അനുതാപത്തിലേക്ക് പ്രവേശിക്കുന്നു. വിരുന്നിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി കാലു കഴുകുന്നു. അതുപോലെ ഹൃദയ ശുദ്ധീകരണമാണ് കുറിക്കുന്നത്. പരസ്പരം സമാധാനം നൽകിയുള്ള പ്രവേശനം.

വാദേദൽമീനോ

ഇത് ഒരു ശുശ്രൂഷയാണ്. സ്വർഗാരോഹണത്തിലേക്ക് നാം പ്രവേശിക്കുന്ന സമയത്ത് ദൈവം നമുക്ക് വേണ്ടി വാതിൽ തുറക്കുന്നതിന്റെ അടയാളം. മത്തായി 25:1-13-ൽ പത്ത് കന്യകമാരുടെ ഉപമ പറയുന്നു. ഒരുങ്ങിയിരുന്നവർ വാതിൽ തുറന്ന് പ്രവേശിച്ചു. കർത്താവിന് വേണ്ടി ഒരുക്കത്തോടെ വന്നിരിക്കുന്നു. അതുകൊണ്ട് വിരുന്നുശാലയായ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ അനുവാദം തരണം. അനുതാപത്തോടെ ദൈവത്തിന്റെ വാതിൽ മുട്ടുമ്പോൾ വാതിൽ തുറക്കുന്നു. വാതിൽ നമുക്കായി തുറക്ക്പ്പെടുന്നതിന്റെ അടയാളം (വെളി 3 : 20).

ഹാശാ ആഴ്ചയിൽ തിങ്കൾ രാത്രി രണ്ടാം കൗമായോട് അനുബന്ധിച്ച് നടത്തുന്നു. ഉപമയിൽ മണവാളനെ മണവാട്ടി എതിരേറ്റ് യാത്ര ചെയ്യുന്നത് രാത്രിയിൽ.

വാദേദൽമീനോ - പ്രവേശനം എന്നാണ് അർത്ഥം. ലമീനോ എന്നതിന് Port or harbour എന്നാണ് പറയുന്നത് ഹാർബ്ബറിലേക്ക് പ്രവേശിക്കുന്നു. ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന്റെ അടയാളം. രക്ഷയുടെ തുറമുഖത്ത് പ്രവേശിക്കുന്നതിന്റെ അടയാളം എന്നൊക്കെ അർത്ഥം നൽകാം.

ഗോഗുൽത്താ നാട്ടുന്നത്

അഗ്നി സർപ്പത്തിന്റെ കടിയിൽ നിന്നും രക്ഷ നേടുവാനായി മോശ പിത്തള സർപ്പത്തെ പാളയ മദ്ധ്യത്തിൽ ഉയർത്തി അതിൽ നോക്കിയവർ രക്ഷ പ്രാപിച്ചു. പിശാ

> പാപം ഏറ്റു പറയുവാനായി എപ്പോഴെല്ലാം ഓർക്കുന്നുവോ അപ്പോഴെല്ലാം കുമ്പസാരിക്കണം. യഥാർത്ഥമായ അനുതാപത്തോടെ ആയിരിക്കണം. കുമ്പസാരം വഴി ആത്മീയ പുനരുജ്ജീവനം സാധ്യമായി തീരുന്നു.

നോമ്പു വിചാരം

ഡോ. മാത്യൂസ് മാർ സേവേറിയോസ്
മെത്രാപ്പോലീത്താ

ചിന്റെ ആക്രമണത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി ലോകത്തിന്റെ നടുവിൽ ക്രിസ്തു ക്രൂശിക്കപ്പെട്ടു. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നോക്കുന്നവർ പാപത്തിൽ നിന്നും രക്ഷപ്രാപിക്കുന്നു. നോമ്പ് പാപത്തിൽ നിന്ന് രക്ഷപെടുവാനുള്ളതാണ്. അതിനാൽ നോമ്പിന്റെ മദ്ധ്യേ കുരിശിനെ നാം നാട്ടുന്നു.

ഓശാന കുരുത്തോല വാഴ്‌വ്

പ്രപഞ്ചത്തിലെ വൃക്ഷങ്ങളെ മുഴുവനേയും വാഴ്ത്തുന്നതിന്റെ അടയാളം യേശുവിന്റെ രാജകീയ യാത്രയിൽ വൃക്ഷങ്ങൾ കർത്താവിനൊടൊപ്പം പങ്കെടുത്തതിന്റെ അടയാളമായി അന്ന് കുരുത്തോല ഉപയോഗിച്ചു. അതിനാൽ ഇന്നു നാമും അത് ഉപയോഗിക്കുന്നു.

ചില്ലകൾ വെട്ടി ഉപയോഗിച്ചതിന്റെ പ്രതീകമായി നാം പൂക്കൾ ഉപയോഗിക്കുന്നു. മക്കാബിയരുടെ പുസ്തകത്തിൽ പൂക്കളെപ്പറ്റി പറയുന്നു. യൂദ മക്കാബി യേറുശലേമിലേക്ക് വന്നപ്പോൾ പൂക്കൾ വിതറിയിരുന്നു. പൂക്കളും, ചില്ലുകളും, കുരുത്തോലയും പ്രപഞ്ചത്തിലെ മുഴുവൻ വൃക്ഷങ്ങളെ കാണിക്കുന്നു. എല്ലാ വൃക്ഷങ്ങളും മഹത്വരമായ തുല്യത്വത്തിൽ സന്തോഷിക്കുന്നു. അതു മുഖാന്തരമായി എല്ലാ വൃക്ഷങ്ങളും വാഴ്ത്തപ്പെടുന്നു. ഈ കുരുത്തലയേയും വെട്ടപ്പെട്ട മരത്തേയും വാഴ്ത്തണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. എല്ലാ വൃക്ഷത്തിനുമുള്ള വാഴ്‌വാണ് നൽകുന്നത്.

കാൽ കാഴുകൽ

വിനയത്തിന്റെയും, സ്നേഹത്തിന്റെയും, അടയാളം വിരുന്നുശാലയിൽ ഇരിക്കുന്നവർ അതിഥികളെ കാൽ കഴുകുന്നതിന്റെ അടയാളം. ഇത് ഒരു Feast ആണ്. കർത്താവ് അത്താഴത്തിന് ശേഷം കാൽ കഴുകുന്നു. Symbolic meaning of Humility സ്നേഹത്തിന്റെയും, വിനയത്താലും കാൽ കഴുകുന്നു. Symbol of Readiness to Serve Sacriference or Christ എല്ലാ ഓർത്തഡോക്സ് സഭയിലും, മെത്രാപ്പോലീത്താമാരും വൈദീകരും, ചേർന്ന് കാൽ കഴുകൽ നടത്തുന്നു. ഇരിക്കുന്നത് ആർക്കും ഇരിക്കാം.

പെന്തക്കോസ്തി

പെന്തക്കോസ്തി ശുശ്രൂഷയ്ക്ക് മൂന്നു ശുശ്രൂഷകളാണ് ഉള്ളത്. മൂന്ന് ശുശ്രൂഷയ്ക്ക് മൂന്നു പാത്രത്തിൽ വെള്ളം എടുക്കണമെന്നില്ല ഒരു പാത്രത്തിൽ വെള്ളം മാറ്റി ഒഴിച്ചാലും മതി. ത്രിത്വത്തിന്റെ പ്രതീകമായി 3 പാത്രം വയ്ക്കുന്നു. 3 ശുശ്രൂഷയ്ക്ക് 3 പാത്രം വയ്ക്കുന്ന ത്രിയേക ദൈവം ഏകമാണ്. ഏകത്വത്തിൽ ത്രിത്വം എന്ന രീതിയിലാണ് പാട്ടുകൾ.... ■

പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."

രണ്ടാമതായി മനശാസ്ത്രപരമായ അടിസ്ഥാനം. ഹൃദയത്തിൽ/മാനസികമായി പ്രയാസങ്ങൾ നേരിട്ടാൽ അത് അടിച്ചമർത്തി വയ്ക്കാതെ മറ്റൊരാളോട് പറഞ്ഞാൽ ആശ്വാസം കിട്ടുന്നു. കൗൺസിലിങ്ങിന്റെ തത്വവും ഇതുതന്നെയാണ്. പ്രയാസങ്ങൾ അമർത്തിവച്ചാൽ അത് മാനസികമായ പല പ്രശ്നങ്ങൾക്കും കാരണമാകുന്നു, അതിനാൽ അതു പങ്കുവയ്ക്കുന്നത് ആശ്വാസപ്രദമാണ് പങ്കുവയ്ക്കാൻ യോജിച്ച വ്യക്തി പുരോഹിതനാണ്.

2. പട്ടക്കാരന്റെ മുൻപിലുള്ള രഹസ്യകുമ്പസാരത്തിന്റെ പ്രാധാന്യം എന്ത്? പാപങ്ങൾ നേരിട്ട് ദൈവത്തോട് പറഞ്ഞാൽ പോരെ?

പട്ടക്കാരന്റെ മുൻപിൽ കുമ്പസാരിക്കുന്നതിന്റെ അടിസ്ഥാനം കർതൃ വചനമാണ്. യോഹന്നാൻ 20:23. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു." അതായത് പാപമോചനത്തിനുള്ള അധികാരം പട്ടക്കാരന് നൽകിയിരിക്കുന്നു. അതിനാൽ പാപമോചനം ലഭിക്കുന്നു. കൂടാതെ തക്കതായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തിരുത്തലുകളും നൽകുവാൻ പട്ടക്കാരന് സാധിക്കുന്നതുകൊണ്ടും പട്ടക്കാരന്റെ മുൻപിലുള്ള കുമ്പസാരത്തിന് പ്രാധാന്യം ഉണ്ട്.

3. കുമ്പസാരിക്കേണ്ട സമയം എപ്പോൾ? നിശ്ചിത കാലാവധിയിൽ കുമ്പസാരിക്കണമെന്നുണ്ടോ?

ആത്മാവിന് കുറ്റബോധം ഉണ്ടാകുമ്പോൾ കുമ്പസാരിക്കണമെന്നല്ലാതെ സമയപരിധി ഇല്ല. സഭയുടെ ഭരണഘടന അനുശാസിക്കുന്ന പ്രകാരം പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ട യോഗ്യതയായി ആണ്ടു കുമ്പസാരം നിശ്ചയിച്ചു. ഉദ്ദേശം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ചിരിക്കണം എന്നതായിരുന്നു. എന്നാൽ ഇന്ന് പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ടി കുമ്പസാരിക്കുന്ന നിലയിലേക്ക് മാറിപ്പോയി.

സാധാരണയായി നോമ്പുകാലഘട്ടങ്ങളിൽ പ്രത്യേകിച്ച് വലിയ നോമ്പിൽ കുമ്പസാരിക്കുന്ന ഒരു പാരമ്പര്യം ഇന്ന് നിലവിലുണ്ട്. കാരണം നോമ്പിന്റെ സമയമായതുകൊണ്ട് കുമ്പസാരത്തിനുള്ള ഒരുക്കം സാധ്യമാകുന്നു. മുൻകാലങ്ങളിൽ പെസഹായ്ക്ക് മാത്രമായിരുന്നു വി. കുർബാന അനുഭവിച്ചിരുന്നത്. കൂടാതെ കുമ്പസാരിച്ചു മാത്രമേ വി. കുർബാന അനുഭവിക്കാവു എന്നു നിയമവും ഉണ്ടായിരുന്നു അതിനാലാണ് വലിയ നോമ്പിൽ ധാരാളം ആളുകൾ കുമ്പസാരിച്ചിരുന്നത്. എന്നാൽ ഇന്ന് ഹൂസോയോ പ്രാർത്ഥന വന്നതുകൊണ്ട് കുമ്പസാരത്തിന്റെ പ്രാധാന്യവും ഒരുക്കവും നഷ്ടമായി.

വിവാഹം, മാമോദിസ എന്നീ കൂദാശകൾക്ക് മുമ്പായി ബന്ധപ്പെട്ടവർ, വിവാഹത്തിന് വധുവരന്മാർ, മാമോദിസയേൽക്കുന്ന ആൾ അല്ലെങ്കിൽ ശിശുക്കൾക്കാണെങ്കിൽ മാതാപിതാക്കൾ, തലതൊടുന്ന ആൾ എന്നിവർ നിർബന്ധമായും കുമ്പസാരം നടത്തിയിരിക്കണം എന്ന് നിയമം ഉണ്ട്. ■

ശാന്തി നിറയുന്ന അനുരഞ്ജനം

അബദ്ധവശാലുണ്ടാകുന്ന തെറ്റിദ്ധാരണകളും ബോധപൂർവ്വം പ്രചരിക്കപ്പെടുന്ന സത്യവിരുദ്ധമായ കഥകളും ഉണ്ടാക്കുന്ന വിഭാഗീയതയുടെ ഇരുളകറ്റുവാൻ കൂടികാഴ്ച്ചകളിലൂടെയും തുറന്ന സംസാരങ്ങളിലൂടെയും ഇതരസംവേദനങ്ങളിലൂടെയും സത്യത്തിന്റെ വെളിച്ചം പ്രസരിപ്പിക്കേണ്ടിയിരിക്കുന്നു.

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

മൂകയായ ഒരു പെൺകുട്ടി ശബ്ദിക്കുന്നതാണ് 2015ൽ ഇറങ്ങിയ 'ബജറംഗി ഭായിജാൻ' എന്ന് പ്രസിദ്ധമായ ഫിലിമിന്റെ അന്ത്യം. സമാധാനത്തിന്റെയും അനുരഞ്ജന ത്തിന്റെയും അതിശക്തമായ സന്ദേശം കൈമാറുന്ന ഈ ഫിലിം മൂകതയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് അവസാനി ക്കുന്നത് ശ്രദ്ധേയമാണ്. സ്നേഹരാഹിത്യത്തിന്റെ മൂകതയ്ക്ക് അന്ത്യം കുറിക്കുവാനും സമാധാനം ആചരിക്കു വാനുമുള്ള ശുബ്ക്കോനോ (അനുര ഞ്ജന) ശുശ്രൂഷയുടെ ഒരു സാമൂഹ്യമാനം ഈ ഫിലിമിൽ അവതരിപ്പിക്ക പ്പെടുന്നുണ്ട്.

പിണക്കവും അകൽച്ചയും സംസാരം മുറിച്ചുകളയുന്നു. ചെറിയ ക്ലാസ്സുകളിൽ കൂട്ടുകാർ തമ്മിൽ പിണങ്ങുമ്പോൾ ഇനി സംസാരമില്ലാ എന്നർത്ഥത്തിൽ മുഖം വീർപ്പിച്ച് ഇരു കരങ്ങൾ കൊണ്ട് ആഗ്യംകാട്ടി കൂട്ടുവെട്ടുന്നത് അറിവുള്ളതാണല്ലോ. സ്നേഹത്തി ലേക്കുള്ള മാർഗ്ഗവും സ്നേഹത്തിന്റെ പ്രകാശനവും ഒക്കെയായ സംസാരം കുടുംബതലങ്ങളിലും, ഔദ്യോഗിക തലങ്ങളിലും, അയൽപക്കങ്ങളിലും, സഭകൾ തമ്മിലും, മതങ്ങൾ തമ്മിലും, രാജ്യങ്ങൾ തമ്മിലും ഒക്കെ നിലച്ചു പോകാറുണ്ട്. ഈ മൂകതയും നിസ്സംഗ തയും അവസാനിപ്പിക്കുവാ നുള്ള ആഹ്വാനമായാണ് വലിയ നോമ്പിന്റെ ആരംഭത്തിലെ ശുബ്ക്കോനോ നൽകുന്നത്.

മനുഷ്യ ബന്ധങ്ങളിൽ വന്നുപോയ വിഭാഗീയതയും മൂകതയും അവസാനി പ്പിച്ച് അനുരഞ്ജന പ്പെടു വാനും മനുഷ്യർ പരസ്പരം സ്നേഹ ത്തിന്റെയും സമാധാനത്തി ന്റെയും വക്താക്കളാകുവാനുള്ള ശബ്ദ മാണ് സുവിശേഷ ത്തിന്റേത്. ശുബ് ക്കോനോ ശുശ്രൂഷയ്ക്കു വായിക്കുന്ന സുവിശേഷ ഭാഗത്ത് (വി. മത്തായി 18 : 18 -25) പാവപ്പെട്ട ഒരു മനുഷ്യന് കരുണാമയ നായ രാജാവ് പതിനായിരം താലന്ത് ഇളച്ചു കൊടുക്കു ന്നതിനേക്കുറിച്ച് യേശുപറയുന്നത് ദൈവത്തിൽ നിന്ന് നാം സ്വീകരിക്കുന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും ആഴവും വ്യാപ്തിയും ഓർമ്മപ്പെടുത്തു വാനാണ്. ഈ പതിനായിരം താലന്ത് യേശുവിന്റെ കാലത്ത് പാലസ്തീൻ നാടുമുഴുവൻ കൂടെ റോമാസാമ്രാജ്യ ത്തിനു കൊടുത്തിരുന്ന നികുതിയുടെ പത്തിരട്ടിയിലധികമായ ഒരു തുകയാ ണെന്നതു ചിന്തോദ്ദീപകമാണ്. ഇത്രയും വലിയ കരുണ സ്വീകരിച്ച മനുഷ്യനാണ് വളരെ തുച്ഛമായ നൂറു വെള്ളിക്കാശിനുമാത്രം തന്നോടു കടപ്പെട്ടിരിക്കുന്ന ഒരു കൂട്ടു ദാസ നോടു കരുണയില്ലാതെ ഉപദ്രവിക്കു ന്നത്. ഗ്രീക്കുഭാഷയിൽ ഈ ഉപമയിൽ സ്നേഹവും, ക്ഷമയുമില്ലാതെ വർത്തി ക്കുന്ന മനുഷ്യനെ യജമാനൻ 'ദുഷ്ട ദാസാ' എന്നു വിളിക്കുന്നതിനു പയോഗിക്കുന്ന പദവും കർതൃപ്രാർത്ഥ നയിൽ ദുഷ്ടനിൽ നിന്നുഞങ്ങളെ വിടുവിക്കണമേ എന്ന അപേക്ഷയിൽ ദുഷ്ടൻ (പോണീറോസ്) എന്നതിനുപ യോഗിച്ചിരിക്കുന്ന പദവും ഒന്നു തന്നെയാണെന്നതും ശ്രദ്ധേയമാണ്.

കരുണയില്ലാതെ വിഭാഗീയതയും വിഘടനവും ഉണ്ടാക്കുന്നവർ പൈശാ ചിക പ്രവർത്തിയാണു ചെയ്യുന്നതെന്ന് അർത്ഥം. സമാധാനം ഉണ്ടാക്കുവാൻ പരിശ്രമിക്കുന്നവർ ആണ് ദൈവമക്ക ളെന്ന യേശുവിന്റെ പഠിപ്പിക്കൽ (വി.



മത്തായി 5 : 9) ഈ പശ്ചാത്തലത്തിൽ കൂടുതൽ അർത്ഥവത്താകുന്നു.

മതതീവ്രവാദം വിഭാഗീയതയുടെ ഇരുൾ വ്യാപിപ്പിക്കുന്നതിൽ ശക്തമായി പ്രവർത്തിപ്പിച്ചുകൊണ്ടിരി ക്കുന്നു. തങ്ങളുടേതല്ലാത്ത മതങ്ങളിലും സമുദായങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവരെയെല്ലാം നശിപ്പിച്ച് തങ്ങളുടേതുമാത്രമായ ഒരു ലോകം ഉണ്ടാക്കാൻ ശ്രമിക്കുന്ന 'ഇസ്ലാമിക സ്റ്റേറ്റി'ന്റെ തീവ്രവാദികൾ നൽകുന്നത് ലോകചരിത്രത്തിലെ ഏറ്റവും ഭീകരമായ ചിത്രങ്ങളായിരിക്കും. ഇതിനു സമാനമായ 'അൽഖയിദാ' 'ബൊക്കോഹാറം' തുടങ്ങിയ സംഘടനകളും മതവികാരങ്ങളെ ദുരുപയോഗം ചെയ്ത് സ്കൂൾ കുട്ടികളുടേതുൾപ്പടെ എത്ര ആയിരക്കണക്കിന് മനുഷ്യരുടെ ജീവനാണ് അപഹരിച്ചത്.

ഇറ്റലിയിൽ മുസ്സോളനിയുടേയും ജർമ്മനിയിൽ ഹിറ്റ്ലറുടെയും നേതൃത്വത്തിൽ വ്യാപിച്ചു വളർന്ന ഫാസിസം, ന്യൂനപക്ഷങ്ങളിൽപെട്ട ലക്ഷകണക്കിനാളുകളെ ഉപദ്രവിക്കുവാനും ഉന്മൂലനം ചെയ്യുവാനും മുഖാന്തിരമായി. ഫാസിസത്തിന്റെ സൂചനകളാണ് അടുത്തിടയായി ഇന്ത്യയുടെയും വിവിധഭാഗങ്ങളിൽ നിന്നായി കാണുന്നതും കേൾക്കുന്നതും. സത്യവും, നീതിയും ബഹുസ്വരതയും സാമൂഹ്യസഹർത്തിത്വവും ലക്ഷ്യമാക്കി ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാൻ ശ്രമിച്ച എം.എം കൽബുർഗി, നരേന്ദ്ര ദബാൽക്കർ, ഗോവിന്ദ് പാൻ സാരെ മത തീവ്രവാദ രാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ഇരകളായി മരിച്ചു എന്നത് അൽപമെങ്കിലും സാമൂഹ്യാവബോധമുള്ളവർക്കൊക്കെ മനസ്സിലായിട്ടുള്ള താണ്. പ്രശസ്ത തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുകനെ മത തീവ്രവാദികൾ നിശ്ശബദ്നാക്കിയതും ഒരു സൂചന മാത്രം. വ്യത്യസ്ഥമായി ചിന്തിക്കുകയും, എഴുതുകയും, ഭക്ഷണം കഴിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരെ നിശ്ശബ്ദമാക്കാനോ, പീഡിപ്പിക്കുവദനോ, കൊലപ്പെടുത്തുവാനോ ഉള്ള ഈ വിധ ശ്രമങ്ങളെ അപലപിക്കാനും മനുഷ്യ സഹോദര്യത്തെയും നാനാത്വത്തിലെ ഏകത്വത്തെയും ഉയർത്തിപറയാനും ഉള്ള ഉദ്യമം സമൂഹം ഫാസിസത്തിലേക്ക് വഴുതി വീഴാതെ സഹോദര്യത്തോടെ വസിക്കുവാൻ അതിനെ സജ്ജമാക്കുന്ന ശുബ്ക്കോനോയുടെ തുടർ പ്രവർത്തനമാകണം. മതത്തിന്റെ അന്തസത്തയിൽ ഉള്ള പ്രപഞ്ചവിധാതാവിനെക്കുറിച്ചും മനുഷ്യനിലെ ഉൽകൃഷ്ടമായ ആത്മീയ സാധ്യതകളെ കുറിച്ചുമുള്ള ദർശനവും ധാർമ്മിക ബോധനങ്ങളും മനുഷ്യരെ സ്നേഹവും വിശാലതയും നൽകി മനുഷ്യത്വപൂർണ്ണതയിലേക്കു നയിക്കുവാൻ സഹായകരമാണ്. ഇക്കാര്യങ്ങളുടെ ഒരു തികഞ്ഞ വെളിപ്പാടായിരുന്നല്ലോ ക്രിസ്തുവിൽ അനുഭവവേദ്യമായത്. ഈ അന്തസത്തയോടുള്ള വിശ്വസ്തത അഭികാമ്യമാണ്. അത് സർവ്വലോകത്തിനുമുള്ള സന്തോഷവും സകലരുടെയും സകലത്തിന്റെയും നന്മയെ ലക്ഷ്യമാക്കാനുള്ള പ്രചോദനവും ആണ്. ഈ അന്തസത്തയുൾക്കൊണ്ടുകൊണ്ട്, മതവികാരങ്ങുടെ ദുരുപയോഗത്തിന്റെയും വികലമാക്കപ്പെടുന്ന രാഷ്ട്രീയത്തിന്റെയും സങ്കലനഫലമായ തീവ്രവാദത്തെ എതിർക്കുവാനുള്ള പ്രേരണയാകണം ശുബ്ക്കോനോ.

വ്യക്തികൾ തമ്മിലുള്ളതുമുതൽ രാഷ്ട്രങ്ങൾ തമ്മിലുള്ളതുവരെ എല്ലാ വിഭാഗീയതകളുടെയും സംഘർഷങ്ങളുടെയും അടിസ്ഥാന കാരണങ്ങളിൽ പ്രധാനമായി കാണുന്നത് അജ്ഞാനം അഥവാ തെറ്റിദ്ധാരണ, അനീതി, അഹന്ത, എന്നിവയാണ്. ഈ മൂന്നു കാരണങ്ങളും പരസ്പര ബന്ധിതവുമാണ്. അബദ്ധവ ശാലുണ്ടാകുന്ന തെറ്റിദ്ധാരണകളും ബോധപൂർവ്വം പ്രചരിപ്പിക്കപ്പെടുന്ന സത്യവിരുദ്ധമായ കഥകളും ഉണ്ടാക്കുന്ന വിഭാഗീയതയുടെ ഇരുളകറ്റുവാൻ കൂടികാഴ്ച്ചകളിലൂടെയും തുറന്ന സംസാരങ്ങളിലൂടെയും ഇതരസംവേദനങ്ങളി ലൂടെയും സത്യത്തിന്റെ വെളിച്ചം പ്രസരിപ്പിക്കേണ്ടിയിരി ക്കുന്നു. ശ്രീ. എ.പി.ജെ അബ്ദുൽ കലാം സാമൂഹ്യ സമാധാനത്തിനായി പറഞ്ഞിരിക്കുന്ന സംഭവകഥകളി ലൊന്നായിരുന്നല്ലോ, തന്റെ ചെറുപ്പകാലത്ത് താൻ കണ്ടിരുന്ന മൂന്നു മതനേതാക്കളുടെ സ്ഥിരമായ കൂടി വരവിന്റെയും സംസാരങ്ങളുടെയും കഥ : അബ്ദുൾ കലാം രാമേശ്വരത്തെ പ്രധാനക്ഷേത്രത്തിലെ പൂജാരിയായിരുന്ന ലക്ഷ്മണാശാസ്ത്രികളും ക്രിസ്തീയ നേതാവായിരുന്ന ഫാദർബോദലും മോസ്കിലെ ഇമാമായിരുന്ന തന്റെ പിതാവും ഒരു മിച്ചുചേരുന്ന സ്നേഹ സംഭവ കഥയാണിത്. സ്കൂളിൽ പുതുതായി വന്ന അൽപം ത്രീവ്രവാദഭാവമുള്ള അദ്ധ്യാപകൻ പൂജാരിയുടെ മകനായ തന്റെ കൂട്ടുകാരനോടൊപ്പം മുമ്പിലിരിക്കുന്ന അബ്ദുൾ കലാമിനെ മുസ്ലീമായതുകൊണ്ട് പുറകിലെ ബഞ്ചിലേക്കുമാറ്റി ഇരുത്തിയപ്പോൾ അത് ഇരു സ്നേഹിതർക്കും അസഹനീയ വേദനയുണ്ടാക്കി. ഇതറിഞ്ഞ് മുൻപ് പറഞ്ഞ മൂന്നു മത നേതാക്കളുടെ കൂടി വരവിൽ അദ്ധ്യാപകനെ വിളിപ്പിക്കുകയും വിമർശിക്കുകയും മതത്തിന്റെ പേരിൽ കുഞ്ഞുമനസ്സുകളിൽ വിഭാഗിതയും പരസ്പരദ്വേഷവും ഉണ്ടാക്കുവാനുള്ള ശ്രമത്തെ മുളയിലെനുള്ളുകയും ചെയ്തു.

പ.ബസ്സേലിയോസ് മർത്തോമാ മാത്യൂസ് ദ്വിദീയൻ ബാവാ തിരുമേനി നെയ്യാറ്റിൻ കര ചെക്കോട്ടുകോണം ആശ്രമത്തിലെ സ്വാമി സത്യാനന്ദ സരസ്വതികളെ തിരുവനന്തപുരത്ത് പോയി കണ്ടു വർഗ്ഗീയത വളരാതെ നിലയ്ക്കൽ പ്രശ്നം തീർക്കുവാൻ ശ്രമിച്ച സംഭവം കേരള ചരിത്രത്തിലെ ഒരു സുന്ദര ശുബ്ക്കോനോ ആയിരുന്നു.

സാഹിത്യവും കലയും ദൈവശാസ്ത്രവും ഒക്കെ ശുബ്ക്കോനോ ലക്ഷ്യമാക്കി പ്രവർത്തന നിരതമാകേണ്ടത് അനിവാര്യമാണ്. ഈ നൂറ്റണ്ടിലെ ഏറ്റവും ജനശ്രദ്ധയാകർഷച്ച ബോളിവുഡ് ഫിലിമായ 'ബജറംഗി ഭായിജാ'നെക്കുറിച്ചു പറഞ്ഞായിരുന്നല്ലോ തുടങ്ങിയത്. കബീർ ഖാൻ സംവിധാനം ചെയ്തു, കെ.വി വിജയേന്ദ്രപ്രസാദ് തിരക്കഥ എഴുതിയ ഈ ഫിലിമിൽ മുഖ്യനടൻ സൽമാൻ ഖാൻ , പവൻകുമാർ ചതുർവേദിയെന്ന ഭക്തനായ ബ്രാഹമണനായും ഹർഷാലി മൽഹോത്ര, ഷാഹിദാ എന്ന പാകിസ്ഥാനി മുസ്ലിം കൊച്ചു പെൺകുട്ടിയായും

ശേഷം 22-ാം പേജിൽ

ഭാസുര തേജസ്

■ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യവും ദേശീയതയും സ്വയ ശീർഷകത്വവും സംരക്ഷിച്ച ക്രാന്തദർശിയായ പരിശുദ്ധനാണ് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത (1858–1934).

'ദൈവാശ്രയം, ബുദ്ധിശക്തി, പാണ്ഡിത്യം, സ്വഭാവ സംസ്ക്കാരം, കർമ്മധീരത, അനഹങ്കാരം, കൃത്യബോധം, കളങ്കരഹിതമായ ജീവിതം, സ്ഥാനമാഹാത്മ്യം, സ്വസമുദായത്തിന്റെ സർവ്വപ്രധാനമായ ഘട്ടത്തിൽ നായകത്വം വഹിക്കാൻ സിദ്ധിച്ച ഭാഗ്യം, ജീവിതത്തിലെ സംഭവ ബഹുലത... എന്നിവ പരിഗണിക്കുമ്പോൾ മഹാരഥന്മാരിൽ പ്രഥമ സ്ഥാനമാണ് വട്ടശ്ശേരിൽ തിരുമേനിക്കുള്ളത് എന്ന് മലയാള മനോരമ 1934 ഫെബ്രുവരി 25 ന് *കാലം ചെയ്ത മെത്രാപ്പോലീത്ത അവർകൾ* എന്ന മുഖപ്രസംഗത്തിൽ എഴുതി.

സത്യവും നീതിയും ഉൾക്കൊണ്ട് മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിനും തദ്ദേശീയതയ്ക്കുവേണ്ടി ധർമ്മയുദ്ധം ചെയ്ത ധീരനും വിശുദ്ധനുമായ മഹായോഗിയായ പ.വട്ടശ്ശേരിൽ തിരുമേനിയെ 'പരിശുദ്ധൻ' എന്ന് ആദ്യം വിശേഷിപ്പിക്കുന്നത് ശിഷ്യനായ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ്. 1934 ഫെബ്രുവരി 24-ന് വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ നടത്തിയ പ്രഭാഷണത്തിൽ വട്ടശ്ശേരിൽ തിരുമേനിയെ 'മലങ്കര സഭയുടെ സിംഹക്കുട്ടി' എന്നാണ് വിശേഷിപ്പിക്കുന്നത്.

പ്രഭാഷണത്തിൽ പല പ്രാവശ്യം 'വിശുദ്ധ പിതാവ്', 'പരിശുദ്ധ പിതാവ്', 'വിശുദ്ധ ഭൃത്യൻ', 'പുണ്യവാളൻ' എന്ന് അഭിസംബോധന ചെയ്തിരിക്കുന്നു. മലങ്കരസഭയുടെ 'വലിയ മല്പാൻ' എന്നും 'മഹാൻ' എന്നും 'രാജർഷി എന്നും' സഭയ്ക്കുവേണ്ടി അനവധി പീഡകൾ സഹിച്ചതിനാൽ 'മൗദ്യോനോ' (സഹദ) എന്നും വിളിക്കുന്നു. ഒരു അഗാധ ബുദ്ധിമാനും വലിയ ജ്ഞാനിയും, മഹാപണ്ഡിതനും ധീരയോദ്ധാവും അചഞ്ചല ഹൃദയനുമാണ് വട്ടശ്ശേരിൽ തിരുമേനിയെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചു. 'ആത്മീയ പ്രകാരം ഒരു മഹാനും യാതൊരു കുറവും ഇല്ലാത്ത പിതാവും ആയിരുന്നു' എന്നും അഭിപ്രായപ്പെട്ടു. ആത്മീയ കാര്യങ്ങളിൽ ക്രമവും നിഷ്ഠയും പുലർത്തിയതിന്റെ ദൃക്സാക്ഷിയാണ് പ. ബാവ എന്ന് വ്യക്തമാക്കി. സുറിയാനി ഭാഷ, കാനോൻ, സഭാചരിത്രം എന്നിവയിൽ ഓർമ്മ ശക്തിയോടുകൂടിയ പാണ്ഡിത്യമുള്ള വലിയ മല്പാനായിരുന്നു വട്ടശ്ശേരിൽ തിരുമേനിയെന്ന് ശിഷ്യനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവ ചരമ പ്രസംഗത്തിൽ സ്ഥാപിക്കുന്നു.

ഭാസുര ചൈതന്യം

വിശുദ്ധിയുടെ ഭാസുര ചൈതന്യം നിറഞ്ഞ മഹാപ്രതിഭയായ ഗുരുവിനെ പ. ബാവ പ്രഭാഷണത്തിൽ പ്രതിഷ്ഠിക്കുന്നത് ശ്രദ്ധിക്കുക: *സഭയ്ക്ക് വലിയ ഒരു പുണ്യവാളൻ നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ നഷ്ടം വലുതാണ്. നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽ നിന്ന് പരിഞ്ഞു പോയിരിക്കുന്നു. നമ്മുടെ വലിയ മെത്രാപ്പോലീത്ത ഇന്നു കാലം ചെയ്തിരിക്കുന്നു. നമ്മുടെ ഈ വിശുദ്ധ പിതാവ് ഇന്ന് എടുത്തു കൊള്ളപ്പെട്ടിരിക്കുന്നു. കണ്ടാലും യിസ്രായേലിൽ ഒരു വലിയ രാജാവ് ഇന്ന് വീണിരിക്കുന്നു.* ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധി നിറഞ്ഞ ഗുരുവിനെയാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവ ഹൃദയത്തിൽ പ്രതിഷ്ഠിച്ചത്. 'ഞങ്ങളുടെ

വിശുദ്ധ പിതാവേ സമാധാനത്താലെ പോവുക' എന്നാണ് കബറടക്കത്തിൽ യാത്രാമൊഴി നൽകിയത്.

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിന്റെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ സവിസ്തരം പ്രതിപാതിച്ച ഇസഡ് എം. പാറേട്ട് (1890-1981) നാല് വാല്യങ്ങളാണ് നിറച്ചത്. 'മലങ്കര നസ്രാണികൾ' നാലാം വാല്യവും (1969), എട്ടും (1977) ഒൻപതും (1979) പത്തും (1980) വാല്യങ്ങൾ 'മാർ ഗീവർഗീസ് മാർ ദീവന്നാസിയോസിന്റെ നിത്യാക്ഷരങ്ങൾ' എന്ന പേരിലും പ്രസിദ്ധീകരിച്ചു.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി കുരിശുച്ചുമന്ന് കാൽവറിക്കുന്ന് കയറിയ പൗരുഷവും തോജോപൂർണ്ണവുമായ ചങ്കൂറ്റവുമാണ് വട്ടശ്ശേരിൽ തിരുമേനിയിൽ പ്രകടമായതെന്ന് ഇസഡ് എം. പാറേട്ട് നിരീക്ഷിച്ചു. ചുവന്ന കുപ്പായം, 'കുഞ്ഞാടിന്റെ രക്തത്തിൽ' മുക്തി എടുത്ത യൂണിഫോം, സഭാ നാഥന്റെ പ്രതിപുരുഷ കവചമയിരുന്നു. മലങ്കരസഭയുടെ ഭരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കർത്തവ്യ കർമ്മം നിർവ്വഹിച്ച ഒരുവിശുദ്ധനാണ് മാർ ദീവന്നാസിയോസ് എന്നും പാറേട്ട് എഴുതി.

വിശുദ്ധിയുടെ പൗരുഷമായി പ്രകീർത്തിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ 2003 ഫെബ്രുവരി 24-ന് സഭ പരിശുദ്ധനായി പ്രഖ്യാപിച്ചപ്പോൾ അത്യധികം ആഹ്ലാദിച്ചത് ശിഷ്യനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവ (1874-1964) ആയിരിക്കും.

ജ്ഞാനിയായ വട്ടശ്ശേരിൽ മല്പാൻ

അഗാധമായ വേദപാണ്ഡിത്യം, യുക്തിവാദ പ്രതിവാദചാതുര്യം, ബുദ്ധിപ്രസരം, ആദിയായ ഉജ്ജ്വല സിദ്ധി വിശേഷങ്ങളാൽ അനുഗ്രഹീതനായിരുന്നു വട്ടശ്ശേരിൽ തിരുമേനിയെന്ന് 'ജീവിത സ്മരണയിൽ' കെ. സി. മാമ്മൻ മാപ്പിള രേഖപ്പെടുത്തിയിരിക്കുന്നു. നിരന്തരമായ വായനയും ധ്യാനവും പഠനവും പരിശീലനവും വേദശാസ്ത്രം, തർക്കശാസ്ത്രം ബുദ്ധിശേഷി എന്നിവ സമന്വയിപ്പിച്ച് പക്വമായ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ആഗാധ പാണ്ഡിത്യം നേടി. ഇതിനുള്ള കഴിവും പ്രാപ്തിയും വളരെ ചെറുപ്പത്തിൽ തന്നെ വെളിപ്പെടുത്തി.

പതിനെട്ടാമത്തെ വയസ്സിൽ പത്രോസ് തൃതീയൻ ബാവായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ച വട്ടശ്ശേരിൽ ഗീവർഗീസ് ഇംഗ്ലീഷിലും സുറിയാനിയിലും സഭാചരിത്രം, ആരാധന, വിശ്വാസം, കാനോൻ, വേദശാസ്ത്രം എന്നിവയിലും വ്യുൽപത്തി നേടി. 1876-ൽ നടന്ന മുളന്തുരുത്തി സുന്നഹദോസിൽ 18 വയസുമാത്രം പ്രായമുള്ള വട്ടശ്ശേരിൽ ഗീവർഗീസ് ശെമ്മാശന് ലഭ്യമായത് പ്രമുഖമായ സ്ഥാനമാണ്. മലങ്കരയിൽ എത്തിയ അബ്ദുള്ള മാർ ഗ്രീഗോറിയോസിന്റെ ദ്വിഭാഷിയായി പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു. സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് പ്രഭാഷണം തത്സമയം മൊഴിമാറ്റം നടത്തുവാൻ പതിനെട്ടു വയസുമാത്രം പ്രായമുള്ള ശെമ്മാശന് സാധിച്ചു.

പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത 1879 ഒക്ടോബർ 16-ന് പൂർണ്ണശെമ്മാശപട്ടവും 1880 ജനുവരി 18-ന് വൈദിക പട്ടവും നൽകി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത (1833-1909) പരുമല സെമിനാരിയിൽ 23 വയസ്സുള്ള ഗീവർഗീസ് കശ്ശീശയെ മല്പാനായി നിയമിച്ചു. അദ്ദേഹം 'വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ എന്ന് അറിയപ്പെട്ടു. വെട്ടിക്കൽ ദയറ, എം.ഡി. സെമിനാരി, പരുമല സെമിനാരി, പഴയ സെമിനാരി എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചെങ്കിലും അദ്ദേഹം ഏറ്റവും അധികം കാലം പരുമല സെമിനാരിയിലായിരുന്നു (1981-1908). 1903 നവംബർ 2-ന് പുലിക്കോട്ടിൽ തിരുമേനി, പരുമലയിൽ വച്ച് റമ്പാനാക്കി. മൂന്നു പതിറ്റാണ്ടിന്റെ ബന്ധമാണ് അദ്ദേഹത്തിന് പരുമലയുമായുള്ളത്. പഴയ സെമിനാരി കേന്ദ്രീകരിച്ചായിരുന്നു പിന്നീടുള്ള കർമ്മകാണ്ഡം (1908-1934). 50-ാം വയസിൽ മെത്രാപ്പോലീത്തായും 51-ാം വയസ്സിൽ മലങ്കര മെത്രാപ്പോലീത്തായും (1909) ആയ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് 1912 സെപ്റ്റംബർ 15-ന് മലങ്കര സഭയിൽ ഒരു സ്വതന്ത്ര കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിന്റെ സൂത്രധാരകത്വം നിർവ്വഹിച്ചു. 1934 ലെ മലങ്കരസഭാ ഭരണഘടനയുടെ കരട് ക്രോഡീകരിച്ച ശില്പിയുമാണ്. ബഥനി സന്യാസ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ശക്തമായ നേതൃത്വവും നൽകി.

മലങ്കരസഭയെ ധീരമായി നയിക്കുവാനുള്ള ശേഷി വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്



പഴയ സെമിനാരിയിൽ പെരുന്നാൾ ഫെബ്രുവരി 23-27 വരെ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 82-ാം ഓർമ്മ ഫെബ്രുവരി 23 മുതൽ 27 വരെ പഴയ സെമിനാരിയിൽ നടത്തും. 23-ന് രാവിലെ 8.30-ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ പെരുന്നാളിന് കൊടിയേറും. വൈകിട്ട് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 25-ന് 2.30 നുള്ള ചരിത്ര സെമിനാർ വൈദിക ട്രസ്റ്റി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് മോഡറേറ്റു ചെയ്യും. ഫാ. ഡോ. ജേക്കബ് കുര്യൻ, ഡോ. വർഗീസ് പേരയിൽ എന്നിവർ പ്രബന്ധം അവതരിപ്പിക്കും. 26-ന് രാവിലെ 10 മുതൽ ധ്യാത്തിന് പ്രൊഫ. തോമസ് കുരുവിള നേതൃത്വം നൽകും. വൈകിട്ട് ഏഴിന് പ്രിൻസിപ്പാൾ ഫാ.ഡോ.ഒ. തോമസ് പ്രസംഗിക്കും. കോട്ടയം ചെറിയ പള്ളിയിൽ നിന്നും ആരംഭിക്കുന്ന റാസയും പള്ളികളിൽ നിന്നെത്തുന്ന തീർത്ഥാടകരും സംയുക്തമായി 8.30-ന് പഴയ സെമിനാരിയിൽ എത്തിച്ചേരും.

27-ന് രാവിലെ വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പ. കാതോലിക്കാബാവ മുഖ്യ കാർമ്മികത്വം വഹിക്കും. 11-നുള്ള വനിതാ സമ്മേളനത്തിന് പ്രിയാ ജേക്കബും സന്യാസ സമ്മേളനത്തിന് ഫാ. കോശി പി. ജോഷ്വായും നേതൃത്വം നൽകും.

ഭവന നിർമ്മാണ സഹായ വിതരണം 11-ന് സോഫിയാ സെന്ററിൽ നടത്തും. ഡോ. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. ജോർജ് ജോസഫ്, കെ. സഖറിയാ റമ്പാൻ, അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിക്കും.

-കെ. സഖറിയ റമ്പാൻ
(പഴയ സെമിനാരി മാനേജർ)

മലങ്കരസഭ മാസിക

പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാളിനോടനുബന്ധിച്ച് ഫെബ്രു. 26, 27 തീയതികളിൽ പഴയ സെമിനാരിയിൽ മലങ്കര സഭാ മാസികയുടെ കൗണ്ടർ പ്രവർത്തിക്കും. വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും സൗകര്യം ഉണ്ടായിരിക്കും.
Ph: 0481-2573234, 9947804477

മെത്രാപ്പോലീത്താ സ്വാംശീകരച്ചത് പിതാവായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിൽ നിന്നും (1833-1909) പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ (1848-1902) നിന്നുമാണ്. കാര്യശേഷികൊണ്ട് പുലിക്കോട്ടിൽ തിരുമേനിയും ദൈവഭക്തികൊണ്ട് പരുമല തിരുമേനിയും മലങ്കര സഭയിൽ അദ്വിതീയരാണെന്ന് വട്ടശ്ശേരിൽ തിരുമേനി സ്ഥാനാരോഹണ പ്രഭാഷണത്തിൽ പറഞ്ഞു:

'ഈ രണ്ട് വന്ദ്യന്മാരിൽ 'വലിയ തിരുമേനി' എന്റെ വാത്സല്യ പിതാവും 'കൊച്ചു തിരുമേനി' എന്റെ പ്രിയ ഗുരുവുമാണ്". (മലങ്കര നസ്രാണികൾ Vol. IV, P. 107, 2015) വട്ടശ്ശേരിൽ തിരുമേനിക്ക്, പുലിക്കോട്ടിൽ തിരുമേനി 'വലിയ മെത്രാച്ചനും, പരുമല തിരുമേനി 'കൊച്ചു മെത്രാച്ചനുമാണ്'. ഇവർ ഗുരുവും മല്പാനും ഉപദേഷ്ടാവും മാത്രമല്ല, ജീവിത മാതൃകയുമായിരുന്നു.

പരുമലയിൽ താമസിച്ച് പരുമല തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചതിനാൽ മലങ്കരസഭയുടെ വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും നേതാക്കന്മാരെ പരിചയപ്പെടുന്നതിനും അവസരം ലഭിച്ചു. 'വള്ളം കയറിയും' 'ബോട്ടു മാർഗ്ഗവും' നടന്നുമുള്ള സഞ്ചാരം അത്യധികം ദുർഘടമായിരുന്നെങ്കിലും അത്യുൽസാഹത്തോടെ ഗുരുവിനൊപ്പം യാത്ര ചെയ്തു.

കോട്ടയം പഴയ സെമിനാരി കേന്ദ്രീകരിച്ച് സഭാ ഭരണം നിർവ്വഹിച്ചതിനാൽ ഇരുന്നൂറു വർഷത്തെ പാരമ്പര്യമുള്ള സെമിനാരിയുടെ 1908 മുതൽ 1934 വരെയുള്ള ചരിത്രം പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും പ്രവർത്തനവും ദർശനവുമായി സമന്വയിച്ചിരിക്കുന്നു. കോട്ടയം എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പാളായി എട്ടു വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. ഇത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുവാൻ പരിശീലിപ്പിച്ചു.

ആരാധനയും വിശ്വാസ പ്രബോധനവും

സുറിയാനി ഭാഷയിലും വ്യാകരണത്തിലും അതീവ വ്യുൽപ്പത്തി ആർജ്ജിച്ചെങ്കിലും ആരാധന ഭാഷ മലയാളത്തിൽ ആയിരിക്കണമെന്ന് വട്ടശ്ശേരിൽ തിരുമേനി നിർബന്ധിച്ചിരുന്നു. പ്രാർത്ഥനകൾ മലയാളത്തിൽ ക്രോഡീകരിക്കുന്നതിനുള്ള താല്പര്യം ശക്തമായിരുന്നു. ക്യംതാ പ്രാർത്ഥനാ ക്രമവും, കുർബ്ബാന ക്രമവും മലയാളത്തിൽ പ്രസിദ്ധീകരി

മാംഗല്യം 2016

ജയ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 'മാംഗല്യം 2016' എന്ന പേരിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ 5 നിർധനരായ പെൺകുട്ടികളുടെ വിവാഹം നടത്തികൊടുക്കുന്നു. അപേക്ഷകൾ ഫെബ്രുവരി 15-ന് മുമ്പായി ഇടവകയുടെ വിലാസത്തിൽ അയച്ചു തരുക.

പ്രധാന നിബന്ധനകൾ

1. അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ ശുപാർശ കത്തും ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടുപേരുടെയെങ്കിലും ഒപ്പോടുകൂടിയ ശുപാർശയും ഉണ്ടായിരിക്കണം.
2. തിരഞ്ഞെടുക്കപ്പെടുന്ന പെൺകുട്ടികളുടെ വിവാഹം 2016 മെയ് മാസം 15-നും ജൂൺ മാസം 15-നും ഇടയിലുള്ള ഒരു ദിവസം കേരളത്തിൽ സൗകര്യപ്രദമായ ഒരു ദേവാലയത്തിൽ വച്ച് ഈ ഇടവക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.
3. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ 2016 ഏപ്രിൽ 15-ന് മുൻപായി വിവാഹ ആലോചനയും വിവാഹ നിശ്ചയവും നടത്തി ആ വിവരം ഇടവക വികാരിയിലൂടെ രേഖാമൂലം അറിയിക്കേണ്ടതാണ്.
4. തിരഞ്ഞെടുക്കപ്പെടുന്ന പെൺകുട്ടികൾക്ക് വിവാഹ കൂദാശയുടെ മോതിരം വാഴ്വിനും കിരീടം വാഴ്വിനും ആവശ്യമായ സ്വർണ്ണമോതിരവും മാലയും, അതോടൊപ്പം ദമ്പതികളുടെ പേരിൽ ₹ 50,000/- ന്റെ സ്ഥിര നിക്ഷേപവും വിവാഹ കൂദാശയ്ക്ക് ശേഷമുള്ള സൽക്കാരത്തിന്റെ ചെലവും യുവജനപ്രസ്ഥാനം വഹിക്കുന്നതാണ്.

ORTHODOX CHRISTIAN YOUTH MOVEMENT
St. Thomas Orthodox Church (Delhi Diocese), Sector-2, DCM, Mahatma Gandhi Nagar, Ajmeer Rd, Jaipur, Rajasthan - 302021, Tel: 0141-2351938
Contact: Fr. T. J. Johnson (Vicar & President), Mob: 08769101400, Email: frtjjohnson@gmail.com

ച്ചത് ആരാധനക്രമങ്ങൾ മലയാള ഭാഷയിൽ പുനക്രമീകരിക്കുവാൻ വഴി തെളിച്ചു. ആരാധന ഹൃദ്യമായി മലയാള ഭാഷയിൽ അവതരിപ്പിക്കുന്നതിന് കണ്ടത്തിൽ വർഗീസ് മാപ്പിളയും കൊട്ടാരത്തിൽ ശങ്കുണ്ണി മേനോനും ആവശ്യമായ സഹകരണങ്ങൾ നൽകി. സുറിയാനി ഭാഷയിൽ അഗ്രഗണ്യനായിരുന്നിട്ടും ആരാധന, മലയാള ഭാഷയിൽ തന്നെ ആയിരിക്കണമെന്ന കർക്കശ മനോഭാവമാണ് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ പുലർത്തിയിരുന്നത്.

മലങ്കരസഭയിൽ സഭാ വിശ്വാസ സത്യങ്ങൾ മലയാളത്തിൽ ഉണ്ടാകണമെന്ന് ആഗ്രഹിച്ച വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ 1900-ൽ പ്രസിദ്ധീകരിച്ചതാണ് 'സുറിയാനി സത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ'. സഭയുടെ വിശ്വാസവും ഉപദേശവും മതസാരവും സാധാരണക്കാർക്ക് പകർന്ന് കൊടുത്ത് അവരെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. മലങ്കര സഭയിൽ വിശ്വാസ പ്രബോധനത്തിന് മതോപദേശ സാരങ്ങൾ ഫലപ്രദമായ പ്രാഥമിക പാഠമായിരുന്നു.

വിശുദ്ധിയുടെ ഭാസുര തേജസ്സ്

കാതോലിക്കാ സിംഹാസനത്തിന്റെ സ്വാതന്ത്ര്യത്തിനും വളർച്ചക്കുമായി അക്ഷീണം യത്നിച്ച് സഭയുടെ ആധുനിക ഘട്ടത്തെ ഭാസുരമാക്കിയ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് 'സഭാഭാസുരൻ' എന്നറിയപ്പെടുന്നു. -ഡോ. സാമുവൽ ചന്ദനപ്പള്ളി എഴുതുന്നു: *മലങ്കരസഭാഭാസുരൻ എന്ന് നാമധേയം വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് തികച്ചും അന്വർത്ഥമാണ്. അന്ധകാരവ്യതമാക്കമായിരുന്ന മലങ്കര സഭ ചരിത്രത്തെ പ്രദീപ്തമാക്കിയ സൂര്യനായിരുന്നു അദ്ദേഹം. സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുക എന്ന സൂര്യധർമ്മം അദ്ദേഹം നിറവേറ്റി.*

മലങ്കരസഭയെ ഭാസുരമാക്കുന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതം മല്ലപ്പള്ളിയിൽ ആരംഭിച്ച് പരുമലയിൽ വികസിച്ച് പഴയ സെമിനാരിയിൽ പ്രജ്വലിച്ച എഴുപത്തിയാറു വർഷം ധീരോധാത്തമായ കർമ്മ പർവ്വമായിരുന്നു. മലങ്കരസഭയിൽ ഉണ്ടായ വിവിധങ്ങളായ പ്രതിസന്ധികളെ ധീരതയോട് നേരിട്ട് 1909 മുതൽ 1934 വരെ സഭയെ നയിച്ചു. കാർമേഘാവൃതമായ മലങ്കരസഭയ്ക്ക് ഭാസുരകാന്തി പകർന്ന ഒരു കാലഘട്ടം സൃഷ്ടിക്കാൻ കഴിഞ്ഞതിനാൽ സഭാഭാസുരൻ എന്നറിയപ്പെട്ടു. സത്യത്തിന്റെയും നീതിയുടെയും ദൈവിക പ്രകാശം പകർന്ന 'സഭാഭാസുരൻ' വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് വിശുദ്ധിയുടെ ഭാസുരതേജസ്സായി.

മലങ്കരസഭയുടെ ദേശീയ തനിമയും സ്വാതന്ത്ര്യവും സംരക്ഷിച്ച് തലമുറകളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച വിശുദ്ധിയുടെ ഭാസുര തേജസ്സാണ് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ. മലങ്കര സഭയുടെ ആത്മീകവും ഭൗതികവുമായ പൈതൃകം പരിരക്ഷിച്ച ധീരയോദ്ധാവും. ■

നമ്മുടെ ജനനായകർ

ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗമായി മൂന്നാം പ്രാവശ്യവും തെരഞ്ഞെടുക്കപ്പെട്ട മുട്ടം കൊച്ചുകോയിക്കൽ ജോൺ തോമസ്. മാവേലിക്കര ഭദ്രാസനത്തിൽ മുട്ടം സെ. മേരീസ് ഇടവകാംഗമാണ്.



ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗമായി രണ്ടാം പ്രാവശ്യവും തെരഞ്ഞെടുക്കപ്പെട്ട പത്തിച്ചിറ നടയിൽ വീട്ടിൽ ജേക്കബ് ഉമ്മൻ. മാവേലിക്കര ഭദ്രാസനത്തിൽ പത്തിച്ചിറ സെന്റ് തോമസ് ഇടവകാംഗമാണ്.



വാരപ്പെട്ടി ഡിവിഷൻ ജില്ലാ പഞ്ചായത്ത് അംഗമായി തെരഞ്ഞെടുക്കപ്പെട്ട കോട്ടക്കുടിയിൽ കെ.റ്റി. അബ്രഹാം. പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ഉമ്മിണികുന്ന് സെ. മേരീസ് മഹാ ഇടവകാംഗം.

10th Death Anniversary (15-02-2016)

SOSAMMA ZACHARIAH
Asha Vihar,
Pattathanam, Kollam

Inserted By:-
P. A. ZACHARIAH (Husband)
BOKARO STEEL CITY,

Daughters:
Dr. Asha Ajith (KIMS Hosp. Tvm.)
Dr. Shyni Rony Alex (UK)

Son in Laws:
Dr. Ajith Thomas (KIMS Hosp. Tvm.)
Dr. Roney Alex Cheriyan (UK)

SERMON



വലത്തുഭാഗത്തെ കള്ളൻ

■ ഡോ. എം. കുര്യാക്കോസ് പുല്ലുവഴി

"....പിന്നെ അവൻ : യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ എന്നുപറഞ്ഞു. യേശു അവനോട് : ഇന്നു നീ എന്നോട് കൂടെ പറുദീസായിൽ ഇരിയ്ക്കും എന്നു ഞാൻ സത്യമായിട്ടും നിന്നോടു പറയുന്നു എന്നുപറഞ്ഞു."

(വി.ലൂക്കോസ് 23:42,43)

വി. വേദപുസ്തകത്തിലെ ഏറ്റവും ഹൃദയസ്പർശിയായ രംഗങ്ങളിലൊന്നാണ് സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. സഹകുരിശിലെ ഒരുവനും ക്രിസ്തുവും തമ്മിലുള്ള ഹ്രസ്വ സംഭാഷണം. ശിക്ഷാവിധിയേറ്റ് മരണത്തെ മുന്നിൽ കാണുന്ന കള്ളന്റെ അന്ത്യാഭിലാഷം നിവർത്തിച്ചുകൊടുക്കുന്ന രക്ഷകന്റെ ആശ്വാസവചനങ്ങൾ. അനുതപിക്കുന്ന പാപിയെ മുൻവിധികളില്ലാതെ പറുദീസയിലേയ്ക്ക് കൈപിടിച്ച് ആനയിക്കുന്ന ലോകരക്ഷകൻ. ക്രൂശിൽ കിടന്നുകൊണ്ട് കണ്ണുനീരിന്റെ മാമോദീസാ ഏൽക്കുന്ന കുറ്റവാളിയെ തന്റെ മുറിവുകളിൽ നിന്ന് ഒഴുകിയ രക്തം കൊണ്ട് കഴുകി ശുദ്ധീകരിക്കുന്ന മഹാ പുരോഹിതൻ. പതിനൊന്നാം മണിക്കൂറിന്റെ അസ്തമന വേളയിൽ തന്റെ ഹൃദയകവാടത്തിൽ പശ്ചാത്താപ വിവശനായി വന്ന് മുട്ടി വിളിച്ച കവർച്ചക്കാരന് പറുദീസായുടെ പ്രാകാര വാതിലുകൾ മലർക്കെ തുറന്നുകൊടുക്കുന്ന സ്വർഗ്ഗാധിപതി. ഗോഗുൽത്തായുടെ ഉയരങ്ങളിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുമ്പോഴും കാണാതെ പോയ അവസാനത്തെ ആടിനെയും തേടിപ്പിടിച്ച് അതിനെ മാർവ്വോടണയ്ക്കുന്ന വലിയ ഇടയൻ. നുറുങ്ങിയ ഹൃദയത്തോടെ തന്നെ വിളിച്ചപേക്ഷിയ്ക്കുന്നവരെ അവരുടെ കണക്കുപുസ്തകങ്ങൾ മറിച്ചുനോക്കാതെ സ്വർഗ്ഗീയ മണവറയിലേക്ക് പ്രവേശിപ്പിയ്ക്കുന്ന ന്യായാധിപതിമാരുടെ ന്യായാധിപതി. എല്ലാം നിവർത്തിയായി തന്റെ പ്രാണനെ പിതാവിന്റെ കൈയിൽ ഭരമേൽപ്പിക്കുന്നതിനുമുമ്പ് തന്നിൽ അഭയം പ്രാപിച്ച കൊള്ളക്കാരന് പറുദീസായിൽ തന്റെ കൂടെ പാർപ്പിടം ഒരുക്കുന്ന ദൈവപുത്രൻ. മൂന്നാം മണിനേരത്തും ആറാം മണിനേരത്തും ഒമ്പതാം മണിനേരത്തും വന്ന മുമ്പന്മാർക്കും പതിനൊന്നാം മണിനേരത്ത് വന്ന പിമ്പന്മാർക്കും ഒരേ കൂലി കൊടുക്കുമെന്ന് (വി.മത്തായി 20:1–8) അരുളി ചെയ്തവനായ സ്വർഗ്ഗീയ മുന്തിരിത്തോപ്പിന്റെ ഉടമസ്ഥൻ. തന്റെ അളവില്ലാത്ത കൃപയുടെ ശ്രീഭണ്ഡാരം തുറന്ന് ദൈവീക നീതി നിവർത്തിയ്ക്കുന്ന അഭൗമ നിമിഷങ്ങൾ... അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും നീർച്ചാലുകളിലേക്ക് ഒഴുകിയെത്തുന്ന രക്ഷകന്റെ അനന്തസ്നേഹം. എല്ലാം സഹിക്കുന്ന ക്രൂശിലെ സ്നേഹം. എല്ലാം മറക്കുന്ന സ്വർഗ്ഗീയ സ്നേഹം.. എല്ലാം ക്ഷമിയ്ക്കുന്ന ദിവ്യ സ്നേഹം...

ക്രിസ്തുവിനെയും അവന്റെ കഷ്ടാനുഭവത്തെയും ഏറ്റുപറയുന്ന സഭ അവനിൽ നിന്ന് പാപപരിഹാരം കൈക്കൊള്ളുകയും അവന്റെ ഉയർപ്പിൽ സന്തോഷിയ്ക്കുകയും അവന്റെ രാജ്യത്തിൽ അവകാശികളായിത്തീരുകയും ചെയ്യുമെന്ന് ഈ സംഭവം അസന്നിഗ്ദ്ധമായി പ്രഖ്യാപിയ്ക്കുന്നു. മാനസാന്തപ്പെടുന്ന കൊടും പാപിയുടെ അസംഖ്യങ്ങളായ കടങ്ങളും പാപങ്ങളും അകൃത്യങ്ങളും തന്റെ ഓർമ്മയിൽ നിന്ന് മായിച്ച്, അവനെ

നിത്യസൗഭാഗ്യങ്ങളുടെ മണവറയിലേയക്ക് തൽക്ഷണം സ്വീകരിയ്ക്കുവാൻ തയ്യാറായി നിൽക്കുന്ന യേശു എന്ന രക്ഷകൻ എപ്പോഴും നമുക്ക് സമീപസ്ഥനാണ് എന്ന് ഈ രംഗം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മാനസാന്തരപ്പെട്ട കള്ളൻ വലത്തുവശത്തെ കുരിശിൽ തൂങ്ങിയവൻ തന്നെ ആണ് എന്നതിന് വേദപുസ്തകത്തിൽ തെളിവുകളൊന്നുമില്ല. അത് പാരമ്പര്യ വിശ്വാസമാണ്. വലതുവശത്തിന് യഹൂദമതത്തിലും മറ്റ് സമൂഹങ്ങളിലും പ്രത്യേക പ്രാധാന്യം കൽപ്പിക്കുന്നുണ്ട്. പഴയ നിയമത്തിലുടനീളം ഇതിന് ഉപോൽബലകമായ ധാരാളം വാക്യങ്ങളും പ്രസ്താവനകളും കാണാം. അധികാരത്തിന്റെയും അവകാശത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളമായിട്ടാണ് വലത്തുകൈയും വലതുഭാഗവും ബൈബിളിൽ കാണപ്പെടുന്നത്. ഗോത്രപിതാവായ യാക്കോബ് യോസേഫിന്റെ മക്കളായ എഫ്രയിമിനെയും (ഇളയവൻ) മനശ്ശെയും (മൂത്തവൻ) വലതുകൈയും ഇടതുകൈയും പിണെച്ചു വച്ച് അനുഗ്രഹിയ്ക്കുന്ന സന്ദർഭമാണ് (ഉല്പത്തി 48:16-19) ഒരു പക്ഷേ പഴയ നിയമത്തിൽ ഈ വിധം രേഖപ്പെടുത്തിയിരിയ്ക്കുന്ന ആദ്യസംഭവം. യോസേഫിന് ഇതിൽ അനിഷ്ടം തോന്നുകയും അപ്പന്റെ വലതുകൈമാറ്റി മൂത്തപുത്രന്റെ തലയിൽത്തന്നെ വയ്ക്കുവാൻ അപ്പനെ നിർബന്ധിയ്ക്കുന്നത് കാണുക. പക്ഷേ ആ ശ്രമം വിഫലമായി എന്നുള്ളത് കൗതുകകരമാണ്.

പുതിയ നിയമത്തിലും ആദിമസഭയിലും യഹൂദ പാരമ്പര്യം തുടർന്നു വന്നു. യേശുക്രിസ്തുവും വലതുഭാഗത്തിനും വിശിഷ്ടത നൽകുന്നതായി കാണാവുന്നതാണ്. പടകിന്റെ വലത്തുഭാഗത്ത് വല വീശുവാൻ യേശു കല്പിക്കുകയും അങ്ങനെ ചെയ്തപ്പോൾ ശിഷ്യന്മാർക്ക് വല നിറയെ മത്സ്യം ലഭിയ്ക്കുകയും ചെയ്ത സംഭവം യോഹന്നാന്റെ സുവിശേഷം 21:6 ൽ വിവരയ്ക്കുന്നു. "...ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിയ്ക്കുന്നതും ആകാശമേഘങ്ങളെ വാഹമാക്കി വരുന്നതും നിങ്ങൾ കാണും' എന്ന് യേശു മഹാപുരോഹിതനായ കയ്യാഫാവിനോട് പറയുന്നുണ്ട്. (മത്തായി 26:64). സ്വർഗ്ഗാരോഹണം ചെയ്ത ശേഷം ക്രിസ്തു "ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു." മർക്കോസ് 16:19) സ്തേഫാനോസ് ക്രിസ്തുവിനെ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിയ്ക്കുന്നവനായി ദർശിക്കുന്നു.(അപ്പൊ.പ്ര.7:36) 1 പത്രോസ്.3:22-ലും എഫെ.1:19-21) വരെയുള്ള വാക്യങ്ങളിലും ഇതേ ആശയം അപ്പോസ്തലന്മാർ സ്പഷ്ടമാക്കുന്നുണ്ട്. വലതുവശം ഐശ്വര്യത്തിന്റെയും ശുഭകാര്യങ്ങളുടെയും ദിക്കാണെന്നുള്ള വിശ്വാസത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്.

ക്രൂശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിന്റെ ചിത്രവും പെയിന്റിംഗുകളും ശ്രദ്ധിച്ചാൽ തന്റെ തല വലതുവശത്തേക്ക് അല്പം ചരിഞ്ഞാണ് ചിത്രീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നത് എന്ന് കാണാവുന്നതാണ്. യേശു വലതുവശത്തേയ്ക്കു നോക്കി മാനസാന്തപ്പെട്ട കള്ളനോട് സംസാരിയ്ക്കുകയും അവന് ആത്മരക്ഷ പ്രദാനം ചെയ്ത് സ്വർഗ്ഗീയ പറുദീസ വാഗ്ദാനം ചെയ്യുകയും അതിനുശേഷം തന്റെ ആത്മാവിനെ പിതാവിന്റെ കൈയിൽ ഭരമേൽപിക്കുകയും ചെയ്തുവെന്നാണ് സൂചിപ്പിക്കുന്നത്.

മാനസാന്തരപ്പെട്ട കള്ളന്റെ പേര് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്പോക്രിഫൽ സുവിശേഷങ്ങളിലും എഴുത്തുകളിലും അവരുടെ പേരുകൾ വ്യക്തമായി കൊടുത്തിട്ടുണ്ട്. നിക്കോദിമോസിന്റെ സുവിശേഷവും കത്തോലിക്കാ സഭയിലെ പാരമ്പര്യവും അനുസരിച്ച് വലത്തുഭാഗത്ത് ക്രൂശിക്കപ്പെട്ടവന്റെ പേര് ദിസ്മാസ് (ദെമാസ്) എന്നും ഇടത്തുഭാഗത്ത് ക്രൂശിയ്ക്കപ്പെട്ടവന്റെ പേര് ഗെസ്റ്റാസ് (ഗെമാസ്) എന്നും ആണ്. തീത്തൂസ് എന്നും ദുമാക്കസ് എന്നും ഉള്ള പേരുകൾ ആണ് വേറെ ചില സുവിശേഷങ്ങളിൽ കാണുന്നത്. മലങ്കര സഭകളിൽ മാനസാന്തരപ്പെട്ട കള്ളന്റെ പേര് തീത്തൂസ് എന്നുതന്നെയാണ് കൂടുതൽ പ്രചാരത്തിലുള്ളതും പഴയ ഗ്രന്ഥങ്ങളിൽ കാണുന്നതും.

യേശുവിന്റെ ബാല്യകാലം വിവരിക്കുന്ന അപ്പോക്രിഫൽ സുവിശേഷമായ Arabic Gospel of Infancy (Syriac Infancy Gospel) എന്ന ഗ്രന്ഥത്തിൽ രണ്ടു കള്ളന്മാരുടെ പൂർവ്വ ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. പേരുകൾ തീത്തൂസ്, ദുമാക്കസ് എന്നു തന്നെ. യേശുകുഞ്ഞിനെയും കൊണ്ട് യൗസേഫും മറിയാമും മരുഭൂമിയിൽ കൂടി ഓടിപ്പോകുമ്പോൾ അവരെ കൊള്ളയടിക്കുവാൻ ഇവർ ശ്രമിക്കുന്നു. എന്നാൽ തീത്തൂസിന് പൈതലിന് നേരെ അലിവുണ്ടായി ദുമാക്കസിനെ പിൻതിരിപ്പക്കുവാൻ ശ്രമിയക്കുന്നു. അതിന് വഴങ്ങാത്ത ദുമാക്കസിന് 40 ദ്രമപ്പണം കോഴ കൊടുക്കുവാൻവരെ തീത്തൂസ് തയ്യാറായി. ദിവ്യശിശു അപ്പോൾ ഇപ്രകാരം മൊഴിഞ്ഞുവത്രെ...യഹൂദർ എന്നെ അവസാനം ക്രൂശിൽ തറയ്ക്കും. അന്ന് ഞാൻ ഇവനെ എന്നോടു കൂടെ പറുദീസയിലേയ്ക്ക് ആന യിക്കും... ഇങ്ങനെ പോകുന്നു. കഥകൾ.......

എന്തായാലും മാനസാന്തരപ്പെട്ട കള്ളന്റെ പേര് ദിസ്മാസ് എന്നു തന്നെയാണെന്നാണ് കൂടുതൽ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. 'അസ്തമയം' , 'മരണം' എന്നെല്ലാം അർത്ഥമുള്ള ഒരു ഗ്രീക്ക് പദത്തിൽ നിന്നാണ് ആ വാക്കിന്റെ ഉത്ഭവം. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കള്ളന്മാരിൽ ഒരുവൻ മാനസാന്തരപ്പെട്ട സംഭവം വിശദമായി പ്രതിപാദിയ്ക്കുന്നുണ്ട്. മറ്റു സുവിശേഷങ്ങളിൽ ഈ വിഷയം വളരെ ഹ്രസ്വമായി മാത്രം പരാമർശിയ്ക്കപ്പെടുന്നു. മർക്കോസ് അത് ഒരു പ്രവചന നിവർത്തിയാണെന്ന് കൂടി വെളിപ്പെടുത്തുന്നുണ്ട്. (15:28) ''അധർമ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നുള്ള തിരുവെഴുത്തിന്റെ (യെശ.53:12) പൂർത്തീകരണമാണ് അത് എന്ന് സുവിശേഷകൻ വിശദീകരിക്കുന്നു.

ക്രിസ്തുവിന്റെ രണ്ടു വശത്തുമായി ക്രൂശിക്കപ്പെട്ടവർ "കള്ളന്മാർ' ആയിരുന്നു എന്നാണ് ആദ്യത്തെ രണ്ട് സുവിശേഷങ്ങളിൽ കാണുന്നത്. ലൂക്കോസിന്റെ വിവരണത്തിൽ അവർ " ദുഷ്പ്രവർത്തിക്കാർ" ആണ്. യോഹന്നാനാകട്ടെ അവരെ വെറും രണ്ടു 'ആളുകൾ' എന്നു മാത്രം വിശേഷിപ്പിയ്ക്കുന്നു. മൂലഭാഷയായ ഗ്രീക്കിൽ "ലെസ്റ്റെസ്" എന്ന പദമാണ് മത്തായിയും മർക്കോസും ഉപയോഗിയ്ക്കുന്നത്. അർത്ഥം: കൊള്ളക്കാരൻ, കവർച്ചക്കാരൻ എന്ന് . വഴിയാത്രക്കാരെ നിർജ്ജന പ്രദേശത്ത് പതിയിരുന്ന് ആക്രമിക്കുന്നവരെയാണ് ആ വാക്കുകൊണ്ട് വിവക്ഷിയ്ക്കുന്നത്. നല്ല ശമര്യക്കാരന്റെ ഉപമയിലെ കൊള്ളക്കാരനെ വിവരിയ്ക്കുന്നതും ഇതേ വാക്കുകൊണ്ടാണ്. (ലൂക്കോസ്:10:25-37) നല്ല ശമര്യാക്കാരന്റെ ഉപമ യഥാർത്ഥത്തിൽ നടന്ന ഒരു സംഭവമാണെങ്കിൽ യരുശലേമിൽ നിന്ന് യരീഹോവിലേയ്ക്കുള്ള വഴിയിൽ പതിയിരുന്ന കള്ളന്മാർ ദിസാമാസും ഗെസ്റ്റാസും തന്നെ ആയിരുന്നിരിയ്ക്കണം. സ്വർണ്ണനാവുകാരനായ

വി.ഈവാനിയോസ് (ക്രിസോസ്റ്റം എ.ഡി.347-407) അഭിപ്രായപ്പെടുന്നത് ക്രിസ്തുവിനെ ഏറ്റുപറഞ്ഞ കള്ളൻ നേരത്തെ മരുഭൂമിയിൽ താമസിച്ചിരുന്നവരും നിരാംബലരായ വഴിയാത്രക്കാരെ ആക്രമിച്ച് അവരെ കൊള്ളയടിയക്കുന്നവനുമായിരുന്നു എന്നാണ്. ഗ്രിഗറി മാർപാപ്പ (എ.ഡി. 540-604) അവൻ ഒരു കൊലപാതകി ആയിരുന്നു എന്നഭിപ്രായപ്പെടുന്നു. വി.ലൂക്കോസ് 'kakourgos' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചുകാണുന്നത്. അർത്ഥം ക്രിമിനൽ, ദുഷ്പ്രവർത്തിക്കാരൻ എന്ന്

രക്തരൂക്ഷിതമായ വിപ്ലവത്തിൽ പങ്കുചേർന്ന ദിസ്മാസിനെ റോമാഭരണകൂടം വിവിധ കുറ്റങ്ങൾ ചുമത്തി മരണശിക്ഷയ്ക്കു വിധിച്ചു എന്നു കരുതുന്നവർ ഏറെയുണ്ട്

അനുതപിച്ച വലത്തുഭാഗത്തെ കള്ളനെ ആദരിയ്ക്കുകയും വാഴത്തപ്പെട്ടവരുടെ കൂട്ടത്തിൽ ഗണിയ്ക്കുകയും ചെയ്യുന്ന സഭകൾ ഉണ്ട്. സെന്റ് ദിസ്മാസ് എന്നുവിളിയ്ക്കപ്പെടുന്ന അദ്ദേഹത്തെ കത്തോലിയ്ക്കാ സഭ അടക്കം അനേകം പാശ്ചാത്യസഭകളും ബൈസാന്റിയൻ ഓർത്തഡോക്സ് സഭകളും ബഹുമാനിയ്ക്കുന്നു. ഓർമ്മ-മാർച്ച 25-ാം തീയതി തന്നെ. മലങ്കര സഭകളിൽ അങ്ങനെ ഒരു പതിവ് ഇല്ല എങ്കിലും പ്രാർത്ഥനകളിൽ വലത്തുഭാഗത്തെ കള്ളനെ സ്മരിയ്ക്കുന്നുണ്ട്. "കള്ളനു തുറന്നു കൊടുത്ത പ്രകാരം നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്ക് തുറന്നു തരണമെ" എന്ന് സന്ധ്യപ്രാർത്ഥനയിൽ നാം ചൊല്ലുന്നു. ദുഃഖവെള്ളിയാഴ്ച ക്രമത്തിൽ "കള്ളന്മാരുടെ സംവാദം" എന്ന സംഭാഷണ രൂപത്തിലുള്ള സുഗീസോയിൽ ക്രൂശിലെ മേൽപറഞ്ഞ രംഗം വളരെ മനോഹരമായി ചിത്രീകരിച്ച് പാടുന്നുണ്ട്. സ്ലീബാ വന്ദനവിന്റെ അവസരത്തിലും കള്ളനെ ഓർക്കുന്നു. കർത്താവേ! നീ രാജത്വം പ്രാപിച്ച് വരുമ്പോൾ ഞങ്ങളെയും ഓർക്കണമെ എന്ന് ആ കള്ളനോടു കൂടെ ഞങ്ങളും ചൊല്ലുന്നു."

കൽദായസഭയിൽ ഉയിർപ്പിനു ശേഷം വരുന്ന തിങ്കളാഴ്ചയിലെ പ്രത്യേക ശുശ്രൂഷയിൽ വലത് ഭാഗത്തെ കള്ളനെ അനുസ്മരിച്ചുള്ള ഒരു വിചിത്രമായ ചടങ്ങ് അനുവർത്തിയ്ക്കുന്നതായി അറിയുന്നു. മാനസാന്തരപ്പെട്ട കള്ളന്റെ തിങ്കളാഴ്ച എന്നാണ് അന്നത്തെ ദിവസം അറിയപ്പെടുന്നതുതന്നെ.

അനുതപിച്ച കള്ളന്റെ മാനസാന്തരവും ഏറ്റുപറച്ചിലും ക്രിസ്തുവിന്റെ വാഗ്ദാനവും രക്ഷയുടെ വേദശാസ്ത്രത്തിലും ഏറ്റവും മർമ്മപ്രധാനമായ ഒരു പ്രമേയമാണ്. രക്ഷ ദൈവത്തിന്റെ ദാനമാണെന്നും അത് അവന്റെ കൃപയാലും കരുണയാലും സൗജന്യമായി ലഭിയ്ക്കുന്നതാണെന്നും, തന്നെ ഏറ്റുപറയുന്നവർക്ക് മുൻവിധികളില്ലാതെ തന്നെ അത് പ്രാപ്യമാണെന്നും കാൽവറിയിലെ കള്ളന്റെ പറുദീസാ പ്രവേശനം വ്യക്തമാക്കുന്നു.

വലത്തുവശത്തെ കള്ളൻ തന്റെ മാനസാന്തരത്തിലൂടെ രക്ഷപ്രാപിച്ച സംഭവം ധ്യാനിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നമ്മുടെ ചിന്തകളിലേയ്ക്ക് കടന്നവരുന്നു :

1. ഏതു കൊടുംഭീകരനും രക്ഷിയ്ക്കപ്പെടാവുന്ന പാപിയാണ്. ഏതു സാഹചര്യത്തിലും ഏതു പ്രായഘട്ടത്തിലും

2. സ്വയം പാപിയാണെന്ന് അയാൾ മനസ്സിലാക്കുന്നു. അനുതപിയ്ക്കുന്നു.

3. യേശുവിനെ ദുഷിച്ച മറുഭാഗത്തെ കള്ളനെ അവൻ ശാസിയ്ക്കുകയും തിരുത്തുകയും ചെയ്യുന്നു.

4. തന്റെ അകൃത്യങ്ങൾ നിമിത്തം താൻ ശിക്ഷായോഗ്യനാണെന്ന് സ്വയം ഏറ്റുപറയുന്നു.

5. യേശുക്രിസ്തു പാപികളെ രക്ഷിയ്ക്കാൻ വന്നവനാണെന്നും അവന്റെ ക്രൂശുമരണം മനുഷ്യജാതിയുടെ രക്ഷയ്ക്കുവേണ്ടിയുള്ളതാണെന്നും അവൻ മനസ്സിലാക്കുന്നു.

6. യേശു ചിന്തിയ രക്തം നിർദ്ദോഷിയുടെ വിലയേറിയ പാപപരിഹാര രക്തമാണെന്ന് അവന് വ്യക്തമാകുന്നു.

7.യേശു രാജത്വം പ്രാപിയ്ക്കുമെന്നും അവന്റെ രാജ്യം സ്ഥാപിതമാകുമെന്നും അവൻ വിശ്വസിച്ച് ഏറ്റുപറയുന്നു.

8. ക്രിസ്തുവിന്റെ കൂടെ സ്വർഗ്ഗരാജ്യത്തിലുള്ള ആ നിത്യവാസത്തിനുവേണ്ടി അവൻ യേശുവിൽ പ്രത്യാശവയ്ക്കുന്നു. അവനോട് യാചിക്കുന്നു.

മരമതിനുയരെ കർത്താവേ
കള്ളനുകിട്ടിയ നിന്റെ വരം
ത്രിത്വത്തെകൊണ്ടാടി-
മരിച്ചോരും കൈക്കൊണ്ടീടേണം.

കർത്താവേ! കള്ളനു ലഭിച്ച ആ വൻകൃപ ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും ലഭിയ്ക്കണമെ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു പറയുന്നു ■

ഉ|പ|ദ|ർ|ശ|നം

ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം". (1 കോരി. 15:14). ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമാണിത്. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു എന്ന സത്യത്തിന്മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. യഹൂദന്മാർ പെസഹ ആചരിക്കുന്നതിന് നീസാൻ മാസം 14-നു ആയിരുന്നു. അതിനുശേഷം വരുന്ന ഞായറാഴ്ച തങ്ങളുടെ രക്ഷകനായ യേശുക്രിസ്തു ക്രിസ്ത്യാനികൾ ഒന്നിച്ചു കൂടിയിരുന്നു. യുസീബിയസ് എന്ന ചരിത്രകാരൻ എ.ഡി. 110-ലാണ് ക്രമീകൃതമായ വിധത്തിൽ "ഉയിർപ്പ്" ആചരിക്കാൻ തുടങ്ങിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്നാനാർത്ഥികൾ 3 ദിവസം നോമ്പ് നോറ്റ് ഉപവസിച്ച് മാമോദീസ ഏറ്റിരുന്നു. 8-ാം നൂറ്റാണ്ടിലാണ് വാസ്തവത്തിൽ കർത്താവിന്റെ പുനരുത്ഥാനപ്പെരുന്നാളിനെ വിശേഷിപ്പിക്കാൻ 'ഈസ്റ്റർ' എന്ന വാക്ക് ഉപയോഗിക്കാൻ തുടങ്ങിയത്. (വെണറബിൾ ബീഡ് (Venerable Beed) എന്ന ആംഗ്ലോ സാക്സൺ പുരോഹിതനാണ് ഈസ്റ്റർ എന്ന പേര് ആദ്യം നിർദ്ദേശിച്ചത്. അത് സഭ അംഗീകരിക്കുകയായിരുന്നു.

ആഘോഷങ്ങളെല്ലാം വസന്ത-പുതുജീവിതത്തോട് ബന്ധപ്പെട്ടിരുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് ക്രിസ്തീയ സഭ ഉയിർപ്പിന് ഈസ്റ്റർ എന്ന പേര് നൽകുന്നത്. സമാധാനത്തിന്റേയും സന്തോഷത്തിന്റേയും പ്രത്യാശയുടേയും സന്ദേശമാണല്ലൊ ഉയിർപ്പു പെരുന്നാൾ ഉൽഘോഷിക്കുന്നത്.

എ.ഡി. 325-ൽ കൂടിയ നിഖ്യാസുന്നഹദോസിൽ ഏകീകൃതമായ രീതിയിൽ ഒരേ ദിവസം എല്ലാ സഭകളും ഈസ്റ്റർ ആചരിക്കണമെന്ന് തീരുമാനമുണ്ടായത്. മാർച്ചുമാസം (ആദാർ) 21-നോ അതിനു തൊട്ടു ശേഷമോ വരുന്ന പൂർണ്ണ ചന്ദ്രന്റെ തൊട്ടു പിന്നാലെയുള്ള ഞായറാഴ്ച ആയിരിക്കണം ഈസ്റ്റർ ആചരിക്കേണ്ടത് എന്നായിരുന്നു തീരുമാനം. ഈ ക്രമപ്പെടുത്തലനുസരിച്ച് ഈസ്റ്റർ മാർച്ച് 22-ന് മുമ്പോ ഏപ്രിൽ 25 നു പിമ്പോ സംഭവിക്കുകയില്ല. അതുകൊണ്ട് യഹൂദ പെസഹാ ആചരണ ദിവസത്തിലും ഈസ്റ്റർ വരികയില്ല. 1953-ൽ ഗ്രീഗോറിയൻ കലണ്ടർ നമ്മുടെ സഭ സ്വീകരിക്കുകയും അതനുസരിച്ച് പെരുന്നാൾ പട്ടികകൾ ക്രമീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

ഈസ്റ്റർ

റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

'ഈസ്റ്റർ' അനേക സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. ദീർഘമായ പ്രതിപാദനത്തിന് മുതിരുന്നില്ല. മൂന്നു കാര്യങ്ങൾ മാത്രം ചുരുക്കമായി പ്രതിപാദിക്കുന്നു.

1. മനുഷ്യന്റെ തിന്മയാണ് യേശുവിനെ ക്രൂശിക്കാൻ ഇടയാക്കിയത്. പക്ഷേ അവൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു, അവൻ ഇന്നും ജീവിക്കുന്നു. ആത്യന്തികമായ വിജയം നന്മയ്ക്കാണ്.

2. വിദ്വേഷവും പകയും സ്വാർത്ഥതയുമായിരുന്നു യേശുവിനെ ക്രൂശിലേറ്റാൻ കാരണം. പക്ഷേ, ക്രൂശിച്ചവർക്ക് യേശുവിന്റെ ആളത്വത്തേയോ യേശു തുടങ്ങിവച്ച ദൈവരാജ്യ സ്ഥാപനത്തേയോ ഇല്ലാതാക്കാൻ സാധിച്ചില്ല. സ്നേഹം മൂലം യേശു സകലത്തേയും കീഴടക്കി.

3. മരണത്തിനപ്പുറമായ ഒരു ജീവനുണ്ട്. നിത്യജീവൻ അത് സമൃദ്ധിയായ ജീവനാണ്. അത് പ്രദാനം ചെയ്യുന്നത് യേശു ക്രിസ്തുവാണ്. "യേശു പറഞ്ഞു:" ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു.

> **വിദ്വേഷവും പകയും സ്വാർത്ഥതയുമായിരുന്നു യേശുവിനെ ക്രൂശിലേറ്റാൻ കാരണം. പക്ഷേ, ക്രൂശിച്ചവർക്ക് യേശുവിന്റെ ആളത്വത്തേയോ യേശു തുടങ്ങിവച്ച ദൈവരാജ്യ സ്ഥാപനത്തേയോ ഇല്ലാതാക്കാൻ സാധിച്ചില്ല. സ്നേഹം മൂലം യേശു സകലത്തേയും കീഴടക്കി.**

പ്രസിദ്ധ സുവിശേഷക പ്രസംഗകനായിരുന്ന എഫ്.ബി. മേയർ താൻ ഇനി അധികകാലം ജീവിക്കുകയില്ല എന്ന കാര്യം മനസ്സിലാക്കിയപ്പോൾ ഉത്തമ സുഹൃത്തിന്നെഴുതി: "ഞാനിനി അധികകാലം ജീവിക്കുകയില്ല എന്നു മനസ്സിലാക്കുന്നു. അതുകൊണ്ട് മറുപടി എഴുതേണ്ട. അടുത്ത പ്രഭാതത്തിൽ ഒരു പക്ഷേ നമുക്ക് കണ്ടുമുട്ടാം. ■

വിജയി



മാവേലിക്കര: ഹൈദരാബാദിലും മൈസൂരിലുമായി നടന്ന ട്രയാത്ത്ലൺ (TRIATHLON) ഓപ്പൺ നാഷൺ മീറ്റിൽ രണ്ടും അഞ്ചും സ്ഥാനം കരസ്ഥമാക്കിയ ഇലന്തൂർ ബി.എഡ് കോളജ് കായിക അധ്യാപകനും ചുനക്കര നോർത്ത് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക വികാരിയുമായ ഫാ. ജോബി കെ. ജോൺ. കേരള സംസ്ഥാന സൈക്ലിംഗ് റ്റീമിലും സംസ്ഥാന മാസ്റ്റേഴ്സ് അത്ലറ്റിക് ടീമിലും അംഗമാണ്.

മലങ്കരസഭാ മാസിക സപ്തതി പ്രഭാഷണം

കുട്ടംപേരൂർ: മലങ്കരസഭാ മാസിക സപ്തതി പ്രഭാഷണവും വിപാസന സെമിനാറും കുട്ടംമ്പേരൂർ സെന്റ് മേരീസ് പള്ളിയിൽ നടത്തി. മലങ്കരസഭാ മാസിക ചീഫ് എഡിറ്റർ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. റ്റിജു ഏബ്രഹാം സമ്മേളനം ഉദ്ഘാടനം ചെയ്തു.

വിപാസന ഡയറക്ടർ ഡോ. സിബി തരകൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. അന്നമ്മ വർഗീസ്, ഡോ. റോസമ്മ അലക്സ്, കെ.ഒ. വർഗീസ്, റ്റി. കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു.

അഖില മലങ്കര ബാലസമാജം 33-ാമതു വാർഷിക ക്യാമ്പ് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, ഫാ. ജെയിംസ് മർക്കോസ്, ഫാ. റിഞ്ചു പി. കോശി, ഫാ. മാത്യു കെ. ജോൺ, ഷിജു ജോൺ, ജേക്കബ് തോമസ് എന്നിവർ സമീപം.

ശാന്തി നിറയുന്ന ...

13-ാം പേജിൽ നിന്നു തുടർച്ച...

അഭിനയിക്കുന്നു. പാകിസ്ഥാനിലെ സുൽത്താൻപൂറിൽ നിന്ന് അപകടത്തിൽ സംസാരശേഷി നഷ്ടപ്പെട്ട ഷാഹിദാ യേയും കൊണ്ട് അമ്മ ഡൽഹിയിലെ പുണ്യകേന്ദ്രത്തിൽ വന്ന് തിരികെ പോകുമ്പോഴാണ് ട്രെയിൻ കൂടുതൽ സമയം നിർത്തിയിട്ട ഒരു സറ്റേഷനിൽ ഷാഹിദാ അമ്മ അറിയാതെ പുറത്തിറങ്ങിയത്. തിരികെ കയറും മുമ്പേ ട്രെയിൻ വിട്ടുപോയി. മറ്റൊരു ട്രെയിനിൽ ഹരിയാനയിലെ കുരുക്ഷേത്രയിൽ വന്നിറങ്ങിയ ഷഹിദായെ പവൻകുമാർ കണ്ടുമുട്ടുന്നു. ആരുമില്ലാത്ത മൂകയായ ആ പെൺകുട്ടിയെ താൻ താമസിക്കുന്ന പിതൃ സ്നേഹിതനായ ദയാനന്ദിന്റെ വീട്ടിലേയ്ക്കു കൊണ്ടു പോയി. ബ്രാഹമണ കുട്ടിയായി ഗണിക്കപ്പെട്ട അവൾ അവിടെ വളർത്തപ്പെട്ടെങ്കിലും പല സംഭവങ്ങളും അവൾ ക്രമേണ പാകിസ്ഥാനി മുസ്ലിം ആണെന്നു വെളിപ്പെടുത്തി. ദയാനന്ദിന്റെ മകൾ രസികയുമായുള്ള വിവാഹത്തിനുമുമ്പ് ഷാഹിദായെ തിരികെ പാക്കിസ്ഥാനിൽ കൊണ്ടു വിടുവാൻ പവൻ കുമാർ നിർബന്ധിതമായി. അനേക കടമ്പകളും പ്രതിസന്ധികളും കടന്ന് കുട്ടിയുടെ സ്ഥലവും കടുംബവും കണ്ടെത്തുവാനുള്ള പവൻകുമാറിന്റെ ത്യാഗപൂർവ്വമുള്ള യാത്രയിൽ ഫിലിം കാണുന്നവരും അറിയാതെ പങ്കുചേർന്നുപോകും. പാക്കിസ്ഥാനിൽ പോലീസുകാരുടെയും മറ്റും പീഠനങ്ങൾക്കു വിധേയപ്പെടേണ്ടി വന്നെങ്കിലും കുട്ടിയുടെ വീട് കണ്ടെത്താൻ പലരും സഹായച്ചു. ഷാഹിദയും അമ്മയും തമ്മിലുള്ള കുട്ടിക്കാഴ്ച്ചയുടെയും ഒന്നാകിലി ന്റെയും ഹൃദയ സ്പർശിയായ

ചിത്രം ഒരു ചാനൽ റിപ്പോർട്ടർ ചിത്രീകരിക്കുകയും ഇന്റർനെറ്റിലൂടെ ഈ സംഭവമെല്ലാം ഇന്ത്യയിലും പാകിസ്ഥാനിലും വൈറൽ ആകുകയും ചെയ്തു. ദൗത്യം പൂർത്തികരിച്ച് വേദനയിൽ പുളഞ്ഞ് മന്ദംമന്ദം അതിർത്തിയിലേക്കു മടങ്ങുന്ന പവൻകുമാറിനെ ആയിരക്കണക്കിന് പാക്കിസ്ഥാൻകാർ ഹർഷ പുളകിതരായി യാത്രയയപ്പു നൽകി കൂടെനടന്നു. അപ്പോഴേക്കും മറുപുറത്ത് ബജറംഗി ഭായിജാൻ എന്നിയപ്പെടുന്ന പവൻകുമാറിനെ സ്വീകരിക്കുവാൻ ആയിരിക്കണക്കിന് ഇന്ത്യാക്കാർ ഒത്തുകൂടി അതിർത്തിയിൽ വന്നപ്പോൾ ഔദ്യോഗിക രേഖകളില്ലാത്ത ഭായിജാനെ പട്ടാളക്കാർ കടത്തിവി ടാതെ മാറി മാറി നിന്നപ്പോൾ ധാരാളം പാക്കിസ്ഥാനികൾ തന്നെ മുന്നോട്ട് വന്ന് ഹിന്ദു മതാനുയായി ആയ ഈ ഇന്ത്യാക്കാരനെ കയറ്റിവിടുവാൻ അതിർത്തിയിലെ വേലിക്കെട്ടുകൾ തർക്കുന്ന രംഗവും പ്രതീകാതമാകമായി. അവസാനം ഷാഹിദ ഓടി ഓടി പുറകെ വന്ന് തനിക്കു വേണ്ടി ത്യാഗം സഹിച്ച ആ മനുഷ്യനെ വിളിച്ചു കരയുന്നതി നിടയിൽ തന്റെ മൂകത അവസാനിച്ചു ശബ്ദവും പുറത്തുവന്നു.

ഗുരു, മാറാത്ത നാട്, തുടങ്ങിയ മലയാള സിനിമകളും വർഗ്ഗീതയ്ക്ക് അറുതി വരുത്തുനാുള്ള ഉദ്യമങ്ങളായിരുന്നല്ലോ. മഹാഭാരത കഥയും, "യുദ്ധവും സമാധാനവും" എന്ന ടോൾസ്റ്റോയുടെ നോവലും യുദ്ധത്തിന്റെ വ്യർത്ഥത തുറന്നുകാട്ടി സമാധാനത്തിനുള്ള ആഹ്വാനമാണ്. സമാധാനത്തിനുള്ള സർഗ്ഗാത്മകത സൃഷ്ടികൾ നടത്തുന്നത് വ്യത്യസ്ഥമായ ഒരു ശുബ്ക്കോനോ ശുശ്രൂഷയാണ്.

"നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം ... സഹോദരൻമാരെമാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു." (വി. മത്തായി 5:46,47). ഈ ചോദ്യങ്ങളിലൂടെ ശുബ്ക്കോനായിക്കായി ഇടവകയുടെയും സഭയുടെയും മതത്തിന്റെയും ഒക്കെ സാധാരണ അതിർത്തികൾക്കപ്പുറത്തേക്ക് സ്നേഹത്തിന്റെ സാഹസിക യാത്ര ചെയ്ത് വിശേഷം ചെയ്യുവാൻ യേശുവിളിക്കുന്നു. മനുഷ്യർ തമ്മിലുള്ള ശുബ്ക്കോനോ ദൈവവുമായുള്ള അനുരഞ്ജനത്തിന്റെ പ്രകടഭാവമായ ആരാധനയ്ക്കുള്ള പ്രധാന ഒരുക്കമാണെന്നും യേശു പഠിപ്പിച്ചു. സത്യ പ്രകാശത്തിലൂടെ അജ്ഞാനാന്ധകാരമകറ്റുന്നതും, ദൈവത്തിന്റെ അധീശത്വം അറിഞ്ഞനുസരിച്ച് വിനയിതരാകുന്നതും, ക്ഷമിക്കുന്നതും, നീതി പുനസ്ഥാപിക്കുവാൻ ശ്രമിക്കുന്നതും, വൈവിധ്യത്തിന്റെ സൗന്ദര്യവും ബഹുസ്വരതയിലെ ഐക്യത്തിന്റെ മഹത്വവും അറിയിക്കുന്നതും സമാധാനം ഉണ്ടാക്കുന്ന ദൈവമക്കളുടെ സവിശേഷതകളാണ്. നിത്യസ്നേഹസമൂഹമായ പരിശുദ്ധ ത്രിത്വത്തിൽ നിന്നു പഠിക്കുന്നതും അനുവഭവിക്കുന്നതുമിതാണ്. ശുബ്ക്കോനോ ശുശ്രൂഷയിലെ എത്രോയിൽ നിന്നുള്ള ഏതാനും വാചകങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ :

"കർത്താവേ ഞങ്ങളുടെ ഹൃദയങ്ങളെ സമാധാന മന്ദിരങ്ങളും ഞങ്ങളുടെ മനസ്സുകളെ സമാധാന തുറമുഖങ്ങളും അക്കിത്തീർത്ത്, നിന്നോടും അന്യോന്യവുമുള്ള യഥാർത്ഥ സ്നേഹം ഞങ്ങളുടെ ഉള്ളിൽ വിതയ്ക്കേണമേ. സ്നേഹവും യോജിപ്പും ഐക്യമത്യവും ഭക്തിയും ഞങ്ങളിൽ സ്ഥാപിക്കണമേ. അങ്ങനെ വെടിപ്പോടെ ഞങ്ങൾ അന്യോന്യം സമാധാനം നൽകുവാനും പരമാർത്ഥതയോടെ അതു സ്വീകരിക്കുവാനും ഞങ്ങൾക്കിടയാകണമേ... നീ സകലത്തേയും സമാധാനം മൂലം ആനന്ദിപ്പിക്കുന്നവനും നിരപ്പിനാൽ സകലത്തെയും സന്തോഷിപ്പിക്കുന്നവനും ആകുന്നുവല്ലോ." ■

40th Death Anniversary
09-02-2016



FR. JACOB MURICKAL

First Vicar, St. Mary's Orthodox Cathedral, Ernakulam

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം.

By Saly Babu Jacob, Ajey, Mili, Alexander, Abraham



PRAYER ROPE

പ്രാർത്ഥനാ ചരട്

ഫാ. ജോഷ്വാ കെ. കോശി,
തിരുവനന്തപുരം

ലോകത്തിലെ എല്ലാ എപ്പിസ്ക്കോപ്പൽ സഭകളിലെയും ആരാധനാരീതികൾ പരിശോധിക്കുമ്പോൾ അരൂപിയായ ദൈവത്തിന് ആരാധന അണയ്ക്കുന്നത് കേവലം വാക്കുകൾകൊണ്ടു മാത്രമല്ല, മറിച്ച് നിയതമായ അർത്ഥങ്ങൾ നൽകപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ സഹായത്തോടെയാണ്. നിലവിൽ ഉപയോഗിക്കപ്പെടുന്ന ധൂപക്കുറ്റിയും, മറ്വഹസകളും, കൈമണികളും ആരാധനയ്ക്കു സ്വർഗീയാനുഭവം നൽകുന്നതു ശ്രദ്ധേയമാണ്. ഇന്ന് ഇതര കിഴക്കൻ സഭകൾക്കു സുപരിചിതവും എന്നാൽ ഭാരതത്തിലെ ഓർത്തഡോക്സ് സഭയ്ക്ക് അജ്ഞാതവുമായിരുന്ന പ്രാർത്ഥനാചരടുകളുടെ ഉപയോഗം സർവ്വ സാധാരണമായിരിക്കുകയാണ്. സദുദ്ദേശത്തോടെ രൂപപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനാചരടുകൾ ഇന്നു സഭയിൽ സർവ്വ സാധാരണമായിക്കൊണ്ടിരിക്കുന്നെങ്കിലും അതിന്റെ ഉപയോഗത്തിലുള്ള അജ്ഞതമൂലം അതിന്റെ മഹത്വം ദുഷിക്കപ്പെട്ടുപോകുവാൻ സാദ്ധ്യതകൾ ഏറെയാണ്. ഇവിടെയാണു പ്രാർത്ഥനാചരടുകളെപ്പറ്റി ഒരു പഠനത്തിന്റെ ആവശ്യകത ഉയരുന്നത്.

എന്താണു പ്രാർത്ഥനാ ചരട്?

പ്രാർത്ഥനാ ചരട് (Prayer Rope) എന്നാൽ "കമ്പിളിയുടെയോ പട്ടിന്റെയോ ചരടിനാൽ വൃത്താകൃതിയിൽ നിർമ്മിതവും സുനിശ്ചിത എണ്ണമുള്ള പ്രത്യേക കെട്ടുകളാൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതുമാണ്." കിഴക്കൻ സഭകളിലെ ആശ്രമവാസികളുടെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്തതും അവരുടെ നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു സഹായകമായി വർത്തിക്കുന്ന ഉപകരണങ്ങളിൽ ഒന്നുമാത്രമാണിവ. ചില പാരമ്പര്യങ്ങളിൽ പറയുന്നതു പ്രാർത്ഥനാ ചരടിലെ ഓരോ കെട്ടുകളും ദൈവമാതാവിന്റെ കണ്ണുനീർത്തുള്ളികളാണെന്നാണ്.

ചരിത്രം

പ്രാർത്ഥനാ ചരടിന്റെ ഉത്ഭവത്തെപ്പറ്റി ഏകീകൃതവും ക്രമീകൃതവുമായ ഒരു ചരിത്രം ആഗോള സഭകളിൽ കാണുന്നില്ല. ഒരു പൊതു പാരമ്പര്യത്തിൽ നിന്നും രൂപം കൊണ്ട വ്യത്യസ്ത ചരിത്രങ്ങൾ എവിടെയും നമുക്കു ദർശിക്കാം. എങ്കിലും പ്രാർത്ഥനാ ചരടിന്റെ ഉത്ഭവത്തിനു ക്രിസ്തീയ സന്യാസപ്രസ്ഥാനങ്ങളുടെ അത്രതന്നെ പഴക്കം ഉണ്ട് എന്നാണു കണ്ടെത്തൽ. ഈജിപ്റ്റിലെ മണലാരണ്യത്തിൽ ധ്യാനിക്കാൻ പോകുന്ന സന്യാസിമാർ ഇവ ഉപയോഗിക്കുക പതിവായിരുന്നു. ആശ്രമവാസികൾ ഓരോരുത്തരും ദിവസവും 150 സങ്കീർത്തനവും വായിച്ചു ധ്യാനിക്കണമെന്നത് അവരുടെ ചിട്ടകളിലൊന്നായിരിക്കെ, അക്ഷരാഭ്യാസമില്ലാത്തവരും കാഴ്ചക്കുറവുള്ളവരും "നാഥാ, യേശുവേ, ദൈവപുത്രാ എന്നോട് കരുണ തോന്നേണമേ" എന്ന യേശുനാമ പ്രാർത്ഥനയോ (Jesus Prayer) അതുപോലുള്ള ക്ഷണനേര പ്രാർത്ഥനകളോ ചൊല്ലുകയും പ്രാർത്ഥനാ ചരടിന്റെ സഹായത്താൽ പ്രാർത്ഥനകളുടെ എണ്ണം കൃത്യമായി തികയ്ക്കുകയും ചെയ്തു വന്നിരുന്നു.



സദുദ്ദേശത്തോടെ രൂപപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനാചരടുകൾ ഇന്നു സഭയിൽ സർവ്വ സാധാരണമായിക്കൊണ്ടിരിക്കുന്നെങ്കിലും അതിന്റെ ഉപയോഗത്തിലുള്ള അജ്ഞത മൂലം അതിന്റെ മഹത്വം ദുഷിക്കപ്പെട്ടുപോകുവാൻ സാദ്ധ്യതകൾ ഏറെയാണ്.

ആദിമകാലങ്ങളിൽ ഓരോ പ്രാർത്ഥനകൾ പൂർത്തിയാക്കുമ്പോഴും സന്യാസാർത്ഥികൾ ഒരു പാത്രത്തിനുള്ളിൽ ഓരോ കല്ലിടും. ഇതു പ്രാർത്ഥനകളുടെ കൃത്യമായ എണ്ണം തികയ്ക്കുന്നതിനു വേണ്ടിയുള്ള ആശ്രമ സമ്പ്രദായങ്ങളിലൊന്നായിരുന്നു. എന്നാൽ കാലക്രമത്തിൽ യാത്രവേളകളിൽ ഇവ കൊണ്ടുപോകുന്നത് ക്ലേശകരമായതിനാൽ അതിനുപകരം പ്രാർത്ഥനാ ചരടുകൾ അവരുടെ ഉപയോഗത്തിൽ കൊണ്ടുവന്നു എന്നും പറയപ്പെടുന്നു. പഴയകാലങ്ങളിൽ പ്രാർത്ഥനാ പുസ്തകത്തിന്റെ ലഭ്യതകുറവുള്ളതിനാൽ പുസ്തകമില്ലാത്തവർ പ്രാർത്ഥനാ ചരടിന്റെ സഹായത്താൽ ക്ഷണനേര പ്രാർത്ഥനകൾ ചൊല്ലുന്നതും പതിവായിരുന്നു.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. പക്കോമിയോസാണ് ആശ്രമങ്ങളിൽ പ്രാർത്ഥനാ ചരടിന്റെ ഉപയോഗക്രമം കൊണ്ടുവന്നതെന്നാണ് ഒരു പൊതു പാരമ്പര്യം. എന്നാൽ ഇന്നു കാണുന്ന പ്രകാരമുള്ള പ്രാർത്ഥനാ ചരടുകളിലെ കെട്ടുകൾക്കു രൂപം നൽകിയതു സന്യാസപിതാവായ അന്തോനിയോസ് ആണെന്നൊരു പാരമ്പര്യവും നിലവിലുണ്ട്. അദ്ദേഹം നിത്യമുള്ള പ്രാർത്ഥനാസമയങ്ങളിൽ ഓരോ പ്രാർത്ഥന അവസാനിക്കുമ്പോഴും കർത്താവേ കരുണ ചെയ്യണമേയെന്ന് ഉരുവിട്ടുകൊണ്ട് ഒരു തുകൽ ചരടിൽ ഓരോ കെട്ടുകളിടും. എന്നാൽ രാത്രിയിൽ സാത്താൻ വന്ന് ഈ കെട്ടുകൾ അഴിക്കുകയും അതുവഴിയായി അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതത്തെ നിന്ദിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന് ഒരു മാലാഖയുടെ ദർശനം ഉണ്ടാവുകയും മാലാഖയുടെ നിർദ്ദേശപ്രകാരം ഓരോ കെട്ടിലും ഒന്നിനുമുകളിൽ ഒന്നായി ഏഴു കുരിശുകൾ വരത്തക്കവിധത്തിൽ പ്രത്യേക രീതിയിൽ കെട്ടുകൾ നിർമ്മിക്കുകയും ചെയ്തു. സ്ലീബായുടെ അടയാളമുള്ളതിനാൽ പിശാചിന് ഈ കെട്ടുകൾ പിന്നീട് അഴിക്കുവാനോ അന്തോനിയോസിന്റെ പ്രാർത്ഥനയെ തടസ്സപ്പെടുത്തുവാനോ കഴിഞ്ഞില്ല എന്നാണ് പാരമ്പര്യം.

കാലക്രമത്തിൽ പ്രാർത്ഥനാചരടുകൾ ആശ്രമ ജീവിതത്തിന്റെ ഭാഗമാവുകയും തലമുണ്ഡനം ചെയ്ത് ആശ്രമ അംഗത്വം സ്വീകരിക്കുന്ന അർത്ഥിക്ക് സന്യാസസമൂഹം നൽകുന്ന വസ്തുക്കളിൽ ഒന്നായി പ്രാർത്ഥനാചരട് മാറുകയും ചെയ്തു. ഇതിനെ ആത്മാവിന്റെ വാളായിട്ടാണു പിതാക്കന്മാർ കരുതിയിരുന്നത്. ആത്മാവിന്റെ വാളായ പ്രാർത്ഥനാ ചരട് ഉപയോഗിച്ചു പിശാചിനോടുള്ള യുദ്ധത്തിൽ പൊരുതി വിജയിക്കുക എന്നതാണ് ഇതു നൽകുന്നതിലൂടെയുള്ള സന്ദേശം.

നിർമ്മാണം

പ്രാർത്ഥനാ ചരടിലെ ഓരോ കെട്ടും നിർമ്മിക്കുന്നത് ഒരു കലയായിട്ടാണു പിതാക്കന്മാർ കണ്ടിരുന്നത്. വളരെ ക്ഷമയോടെ മാത്രമേ സങ്കീർണ്ണമായ കെട്ടുകൾ നിർമ്മിച്ച് ഓരോ പ്രാർത്ഥനാ ചരടും പൂർത്തിയാക്കാൻ സാധിക്കൂ. ആദിമകാലങ്ങളിൽ ആശ്രമങ്ങളിൽ മാത്രം നിർമ്മിച്ചിരുന്ന പ്രാർത്ഥനാ ചരടുകൾ ഇന്ന് അപൂർവ്വമായിട്ടെങ്കിലും സാധാരണക്കാർ നിർമ്മിക്കാറുണ്ട്. യഥാർത്ഥ വിശ്വാസവും ദൈവഭക്തിയുമുള്ള ഒരു വ്യക്തി പരിപൂർണ്ണമായും യേശുനാമ പ്രാർത്ഥന ചൊല്ലിക്കൊണ്ടായിരിക്കണം ഇത് നിർമ്മിക്കേണ്ടത് എന്നാണ് പൊതുനിയമം.

സാധാരണ കമ്പിളിയിൽ നിന്നോ പട്ടിൽ നിന്നോ ഉള്ള ഒരേ വലിപ്പമുള്ള രണ്ടു ചരടുകൾ പരസ്പരം പ്രത്യേക രീതിയിൽ കൂട്ടിയിണക്കിയാണ് ഒരു കെട്ടുനിർമ്മിക്കുന്നത്. ഒരു പ്രാർത്ഥനാ ചരടിൽ 33, 50, 100, 150, 300 കെട്ടുകൾ വരെ കാണാമെങ്കിലും ഇന്ന് എണ്ണത്തിൽ വ്യതിയാനം കണ്ടുവരുന്നു. ഈ സുനിശ്ചിത എണ്ണമുള്ള കെട്ടുകൾ ചേർന്ന ചരടിന്റെ രണ്ടറ്റവും അതേ ചരടുപയോഗിച്ചു നിർമ്മിച്ച കുരിശുകൊണ്ടാണു ബന്ധിക്കുന്നത്. ചരടിലെ നിശ്ചിത കെട്ടുകൾക്കിടയിൽ മുത്തുകൾ ചേർക്കുന്ന പാരമ്പര്യം ഉണ്ട്. കുരിശിന്റെ അഗ്രത്തായി ഒരു തൊങ്ങൽ (Tassle) വയ്ക്കുന്ന പതിവുണ്ട്. ഇത് ഒരുവന്റെ ആത്മാർത്ഥവും ഹൃദയ്പർശവുമായ പശ്ചാത്താപം നിമിത്തം ഉരുവാകുന്ന കണ്ണുനീർ തുടയ്ക്കുന്നതിനു വേണ്ടിയാണ്.

പ്രതീകാത്മകത

വളരെയധികം പ്രതീകങ്ങളാൽ സംപുഷ്ടമാണ് ഓരോ പ്രാർത്ഥനാ ചരടും. ഇന്നു വ്യത്യസ്ത ചരടുകളിലും നിറങ്ങളിലും ഇവ ലഭ്യമാണ് എങ്കിലും ആദിമകാലങ്ങളിൽ പിതാക്കന്മാർ പ്രാർത്ഥന ചരടുകൾക്ക് നൽകിയിരുന്ന അർത്ഥതലങ്ങൾ പരിശോധിക്കാം.

കറുപ്പ് നിറം- കറുത്ത നിറമുള്ള ചരടുകളിലാണ് പ്രാർത്ഥനാ ചരടുകൾ നിർമ്മിക്കപ്പെട്ടിരുന്നത്. ഇതു പ്രതിനിധീകരിക്കുന്നത് ഒരു വ്യക്തിയുടെ പാപാവസ്ഥയാണ്.

ചുവപ്പ് നിറം- ചുവപ്പുനിറമുള്ള മുത്തുകളും തൊങ്ങലുകളുമാണു പ്രാർത്ഥനാ ചരടുകളിൽ ആദിമകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. നമ്മുടെ കർത്താവിന്റെയും സഭയിലെ രക്തസാക്ഷികളുടെയും രക്തത്തെയും ഇത് പ്രതിനിധാനം ചെയ്യുന്നു.

കമ്പിളി നൂൽ- ഇവിടെ രണ്ടു ചിന്തകളാണ് പ്രതിഫലിക്കുന്നത്. ഒന്നാമതായി, ഇതു കർത്താവിന്റെ തലമുടിയാണെന്നും, രണ്ടാമതായി, ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തു എന്ന നല്ല ഇടയന്റെ ആടുകളാണു നാം എന്നുമുള്ള ചിന്ത.

തൊങ്ങൽ (Tassle)- സ്വർഗ്ഗീയ രാജ്യത്തിന്റെ മഹിമയെയാണിതു പ്രതിനിധീകരിക്കുന്നത്. ഇതു സാധ്യമാകുന്നതു കുരിശിലൂടെയുള്ള യാത്രാ വഴിയിലൂടെയാണ്.

കെട്ടുകളുടെ എണ്ണത്തിലും ഈ പ്രതീകാത്മകത ദർശിക്കാം.

33 - കർത്താവിന്റെ ഭൗമിക വ്യാപാരത്തിൻനാളുകൾ

50 - ഉയിർപ്പിനും പെന്തിക്കോസ്തി ദിവസത്തിനും ഇടയിലുള്ള ദിനങ്ങൾ

100 - വലിയ നോമ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങൾ

150 - സങ്കീർത്തനങ്ങളുടെ ആകെ എണ്ണം

ഉപയോഗ ക്രമം

ഒരു വ്യക്തിയുടെ ഇടതു കൈയ്യിലാണ് പ്രാർത്ഥനാ ചരട് കെട്ടേണ്ടത്. വലതുകൈ ഉപയോഗിച്ച് ചരടിന്റെ ഓരോ കെട്ടിലും സ്ലീബാ വരച്ചു യേശുനാമ പ്രാർത്ഥനയോ, കർത്താവേ കരുണ ചെയ്യണമേ, കർത്താവേ രക്ഷിക്കണമേ തുടങ്ങിയ ക്ഷണനേര പ്രാർത്ഥനകളോ ചൊല്ലാവുന്നതാണ്. എന്നാൽ കൈയ്യിൽ കെട്ടുക അപ്രായോഗികമെങ്കിൽ ഉപയോഗിക്കുന്ന വസ്ത്രത്തിന്റെ ഇടതു പോക്കറ്റിലിട്ടാൽ മതി. ഇത് കഴുത്തിലണിയുന്നതോ ഇടകെട്ടിൽ തൂക്കിയിടുന്നതോ ആയ പാരമ്പര്യം ഇല്ല. ഇതു വിനയത്തിന്റെ പ്രതീകമാണ്. ഒരു വ്യക്തി പ്രാർത്ഥനാ ചരട് ഉപയോഗിച്ചു പ്രാർത്ഥിക്കുമ്പോൾ അതു മറ്റൊരാൾക്കു മുമ്പിൽ പ്രകടനാത്മകവും വികലവുമായ ആത്മീയതയുടെ ദൃഷ്ടാന്തമായി പരിണമിക്കരുത്.

ഉപയോഗസമയം

കാനോനികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനാ സമയങ്ങളിലും വി. കുർബ്ബാന അനുഭവത്തിനു മുമ്പുള്ള ഒരുക്ക സമയങ്ങളിലും പ്രാർത്ഥനാ ചരടുകൾ ഉപയോഗിച്ചു പ്രാർത്ഥിക്കുന്ന പാരമ്പര്യമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്നു അനുദിനമുള്ള വ്യക്തികളുടെ പ്രാർത്ഥനാ സമയങ്ങളിലും യാത്രാവേളകളിലും ഇവ ഉപയോഗിക്കുന്നതു പതിവാണ്.

ഉപസംഹാരം

വിശ്വാസികൾക്കു വ്യക്തിപരമായ ആത്മീയ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനു സഹായകമായ ഇത്തരം വസ്തുക്കളെ നമ്മുടെ അജ്ഞതമൂലം അമിതമായി ആരാധിക്കുന്നത് അപകടമായ വിശ്വാസമാണ്. ഈ അമിതാരാധന മൂലം ഇന്ന് മറ്റ് പല മാധ്യമങ്ങൾക്കും പ്രാധാന്യം കൂടുകയും ക്രിസ്തുവിന് പ്രാധാന്യം കുറയുകയും ചെയ്യുന്നു. അതുപോലെ തന്നെ പ്രാർത്ഥനാചരടുകളിൽ നിർദ്ദിഷ്ട നിറങ്ങളേ ഉപയോഗിക്കാവൂ എന്ന പ്രമാണത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ശരീരത്തിനലങ്കാരമാവും വിധത്തിലുള്ള പല നിറങ്ങളുടെ കൂട്ടിച്ചേർക്കലുകൾ പ്രാർത്ഥനാ ചരടുകളെ വിരൂപമാക്കുന്നു. അതുപോലെ വിപണനലക്ഷ്യം മാത്രം മുൻനിർത്തിയുള്ള പ്രാർത്ഥനാചരടുകളുടെ പരസ്യവൽക്കരണവും നിർമ്മാണവും പരിശീലനവും അതിന്റെ സദുദ്ദേശത്തെ വികലമാക്കുകയാണ്. എന്നാൽ പ്രാർത്ഥനാചരട് നമ്മുടെ നാഥനോട് അനുദിനം നമ്മെ ബന്ധിപ്പിക്കുന്ന സങ്കേതമെന്ന നിലയിൽ മാത്രം ദർശിച്ചുകൊണ്ട് അമിത പ്രാധാന്യം നൽകാതെ ഇവയിലൂടെ പിതാവിനും പുത്രനും പരിശുദ്ധറൂഹായുമാകുന്ന ഏക ദൈവത്തിനു മഹിമയും പുകഴ്ച്ചയും ആരാധനയും അർപ്പിക്കാൻ നമുക്കു സാധിക്കണം. ■

മലങ്കര ഓർത്തഡോക്സ് സഭാദിനം

മലങ്കര ഓർത്തഡോക്സ് സഭാദിനം (കാതോലിക്കാദിനം) മാർച്ച് 13-ന് ഞായറാഴ്ച സഭ ആകമാനം ആചരിക്കണമെന്ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പള്ളികൾക്ക് അയച്ച കൽപ്പനയിൽ ആഹ്വാനം ചെയ്തു. അന്നേ ദിവസം രാവിലെ പള്ളികളിൽ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. പ. സഭയുടെ വിശ്വാസ സഭാ ചരിത്ര പാരമ്പര്യങ്ങളെക്കുറിച്ച് പ്രബോധിപ്പിക്കുകയും ചെയ്യണം. തുടർന്ന് സഭാദിന പ്രതിജ്ഞ എടുക്കണം. ഈ വർഷം കാതോലിക്കാ ദിന പിരിവിലൂടെ 10 കോടി രൂപാ സമാഹരിക്കണം- പ. ബാവാ കല്പനയിലൂടെ ആഹ്വാനം ചെയ്തു.

കേരളത്തിൽ നടത്തുന്ന സഭാദിന പ്രചരണ യോഗങ്ങളിൽ പ. കാതോലിക്കാ ബാവാ മുഖ്യ നേതൃത്വം നൽകും. വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അൽമായ ട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവരും സംബന്ധിക്കും. വിവിധ സ്ഥലങ്ങളിൽ നടത്തുന്ന സഭാദിന പ്രചരണ യോഗങ്ങളുടെ സ്ഥലവും സമയവും: 2016 ഫെബ്രുവരി എട്ടിന് മൂന്നുമണിക്ക് തിരുവല്ല ബഥനി അരമന (നിരണം), ഒൻപതിന് രാവിലെ 11 മണിക്ക് കോഴിക്കോട് സെ. ജോർജ് കത്തീഡ്രൽ (മലബാർ-ബ്രഹ്മവാർ), 10.30-ന് ചക്കുപള്ളം ഗത്സീമോൻ അരമന (ഇടുക്കി), 10-ന് രാവിലെ 10 മണിക്ക് പത്തനംതിട്ട ബേസിൽ അരമന (തുമ്പമൺ) ഉച്ചയ്ക്ക് 2.30-ന് റാന്നി സെന്റ് തോമസ് അരമന (നിലയ്ക്കൽ), 12-ന് രാവിലെ 10.30-ന് കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് സെന്റർ (കോട്ടയം, കോട്ടയം സെൻട്രൽ), 15-ന് രാവിലെ 10.30-ന് ആലുവ തൃക്കുന്നത്തു സെമിനാരി (അങ്കമാലി), ഉച്ചയ്ക്ക് 2.30-ന് കൊരട്ടി സീയോൻ സെമിനാരി (കൊച്ചി), 16-ന് രാവിലെ 10.30-ന് ആർത്താറ്റ് ബിഷപ്സ് ഹൗസ് (കുന്നംകുളം), 2.30-ന് മണ്ണൂത്തി ഗത്സീമോൻ സെമിനാരി (തൃശൂർ).

17-ന് 10.30-ന് കോലഞ്ചേരി പ്രസാദം സെന്റർ (കണ്ടനാട് വെസ്റ്റ്), 2.30-ന് മൂവാറ്റുപുഴ ബിഷപ്സ് ഹൗസ് (കണ്ടനാട് ഈസ്റ്റ്), 18-ന് 10.30-ന് അടൂർ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ (അടൂർ-കടമ്പനാട്), ഉച്ചയ്ക്ക് 2.30-ന് കോട്ടപ്പുറം സെ. ഇഗ്നേഷ്യസ് സെമിനാരി (കൊട്ടാരക്കര-പുനലൂർ), 29-ന് 10.30-ന് ഇടമുളയ്ക്കൽ വി.എം.ഡി.എം. സെന്റർ (തിരുവനന്തപുരം), ഉച്ചയ്ക്ക് 2.30-ന് കുണ്ടറ സെമിനാരി (കൊല്ലം).

മാർച്ച് ഒന്നിന് രാവിലെ 10.30-ന് തഴക്കര തെയോഭാവൻ അരമന (മാവേലിക്കര), ഉച്ചയ്ക്ക് 2.30-ന് ചെങ്ങന്നൂർ ബഥേൽ അരമന, (ചെങ്ങന്നൂർ).



ക്രൂശ് ചുമന്ന ഭാഗ്യശാലി

■ ഡോ. ദിനാ തോമസ് ചെന്നൈ

പാപം മൂലം ദൈവത്തിൽ നിന്നകന്നുപോയ മാനവരാശിയെ ദൈവസന്നിധിയിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പര്യവസാനമാണ് കൽവറിയിലെ ക്രൂശ് മരണം. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും ക്രൂശീകരണവും ഒരു ചരിത്ര സംഭവം മാത്രമല്ല സർവ്വലോകത്തിന്റെയും രക്ഷയുടെ സുവിശേഷമാണത്. മനുഷ്യ ചരിത്രത്തിലെ അതി ദാരുണവും എന്നാൽ അതി മഹത്ത്വവുമായ സംഭവമാണത്.

"ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന്" (യോഹ. 1:29) യോഹന്നാൻ സ്നാപകൻ സാക്ഷീകരിച്ച യേശു ക്രിസ്തുവിന്റെ കാൽവരിയിലെക്കുള്ള യാത്രയിൽ കുരിശിന്റെ ഭാരം വഹിക്കാനാവാതെ ഇടറി വീഴുമ്പോൾ അത് വഹിക്കുന്നതിനായി പിതാവായ ദൈവം മുന്നമെ ഒരാളെ നിയമിച്ചിരുന്നിരിക്കാം. ആ മഹാഭാഗ്യം സിദ്ധിച്ചത് കുറേനക്കാരനായ ശീമോനായിരുന്നു. ശീമോൻ എന്നാൽ "അനുസരിക്കുന്നവൻ" എന്നാണ് അർത്ഥം.

രാജദ്രോഹകുറ്റം ചുമത്തി റോമാ പടയാളികൾ യേശുവിനെ ബന്ധിച്ച് അന്നാസിന്റേയും, പ്രധാനാചാര്യനായ കയ്യാഫാവിന്റെയും മുമ്പാകെ നിർത്തി. കള്ളസാക്ഷികൾ ദൈവദൂഷണകുറ്റം അവന്റെമേൽ ചുമത്തി. യേശുവിനെ നാടുവാഴിയായ പീലാത്തോസിന്റെ അടുക്കലേക്ക് അയച്ചു. റോമാ ഗവർണർക്കു മാത്രമെ കൊലയ്ക്കു വിധിക്കാനുള്ള അധികാരം ഉള്ളു. പീലാത്തോസ് അവനിൽ ഒരു കുറ്റവും കാണായ്കയാലും പെരുന്നാൾ കാലമായതുകൊണ്ട് ഗലീല ഭരണാധിപനായ ഹേരോദേസ് (അന്തിപ്പാസ്) ജറുശലേമിൽ ഉള്ളത് അറിഞ്ഞ് അവന്റെ അടുക്കലേക്ക് അയയ്ക്കുന്നു. എന്നാൽ ഹെരോദേസ് അവനെ ശിക്ഷിക്കാതെ വീണ്ടും പീലീത്തോസിന്റെ അടുക്കലക്കു മടക്കി അയച്ചു.

പീലാത്തോസ്, ജനക്കൂട്ടം കലാപത്തിലേക്ക് നീങ്ങുമോന്ന് ഭയന്ന്, അവരുടെ നിർബന്ധം മൂലം യേശുവിനെ ക്രൂശിക്കുവൻ ഏല്പിച്ചു. പടയാളികൾ അവന്റെ അങ്കി ഊരി പരിഹാസ വസ്ത്രംധരിപ്പിച്ചും മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലയിൽ ചൂടിച്ചു. കയ്യിൽ ഞാങ്ങണയുടെ ഒരു കൊലും കൊടുത്തു. ചിലർ അവന്റെ മുഖത്ത് തുപ്പി തലയിൽ കോലുകൊണ്ടടിച്ച് പിന്നീട് ക്രൂശിക്കുവാനായി കാൽവറിയിലേയ്ക്ക് കൊണ്ടു പോയി.

കാൽവറി (ഗോൽഗുത്താ) നഗരത്തിന് പുറത്തായിരുന്നു. തലയോടിടം എന്നർത്ഥമാണ് ഇപ്രകാരമുള്ള ക്രൂരശിക്ഷകൾ നടത്തുന്നതിന് ഉപയോഗിച്ചിരുന്നത്. തലയോട്ടിയുടെ ആകൃതിയുള്ള ഒരുചെറിയ കുന്നാണ് അത്. ആദാമിന്റെ തലയോട്ടി അവിടെ സ്ഥിതി ചെയ്തു എന്ന ഐതിഹ്യവും ഉണ്ടായിരുന്നു. ഏതു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു എന്ന കുറ്റപത്രം കുറ്റവാളിയുടെ കഴുത്തിൽ തൂക്കിയിടുകയും മുമ്പിൽ ഒരു പടയാളി പിടിക്കുകയോ ചെയ്യുന്ന പതിവുണ്ടായിരുന്നു. കുറ്റപത്രം ക്രൂശിന് മുകളിൽ പതിയ്ക്കയും ചെയ്യും.

യേശുവിന്റെ കുരിശ് സൈപ്രസ് വൃക്ഷത്തിന്റെ തടികൊണ്ടാണ് ഉണ്ടാക്കിയത്. ക്ഷീണ പരവശനായ യേശുവിന്റെ ചുമലില് ആ വലിയ കുരിശ് കയറ്റിവച്ചു. ചുമന്ന് കൊണ്ട് പോയ കുരിശിന്റെ ഭാരം വഹിപ്പാൻ അവന് അശേഷം ത്രാണിയില്ലാതെ പല വട്ടം നിലംപതിച്ചു വളരെ പ്രയാസത്തോടെ മുമ്പോട്ട് പോകാൻ ശ്രമിച്ചപ്പോൾ വീണ്ടും വീണത് യേശു അടിയിലും

കുരിശ് പുറത്തുമായി, അതിഭയങ്കര വേദനയോടെ ആയിരുന്നു.

ഈ അവസരത്തിലാണ്, ഉത്തരാഫ്രിക്കയിലെ കുറേനായിൽ നിന്നും വന്ന യഹൂദനായ ശീമോൻ ആ വഴി കടന്നു പോയത് ഒരുപക്ഷെ പെസഹാ പെരുന്നാളിൽ സംബന്ധിക്കുവാനായി ജറുശലേമിൽ വന്നതായിരിക്കും റോഡിലെ ആരവാരം എന്താണെന്നറിയാൻ, അയാൾ സാവധാനം തന്റെ കോവർ കഴുതയുടെ പുറത്തിരുന്ന് നോക്കി.

കുരിശും വഹിച്ച് മൂന്നുപേർ അതിൽ ഒരാളുടെ മുഖം ശോഭയേറിയതെങ്കിലും ക്രൂരമായ മർദ്ധനമേറ്റതിന്റെ ഫലമായി വളരെ അവശനായി കാണപ്പെട്ടു. തലയിൽ വച്ചിരുന്ന മുൾമുടിയിൽ നിന്നും രക്തം വാർന്ന് മുഖം വളരെ വികൃതമായിരുന്നു. അവന്റെ പുറകെ കുറെ ആളുകൾ അതും കുറെ സ്ത്രീകൾ നിലവിളിച്ചും കൊണ്ട് ക്രൂശിന്റെ പുറകെ നീങ്ങുന്ന കാഴ്ച. പലപ്പോഴും പടയാളികളുടെ ചാട്ട വാറടി കൊണ്ട് ആ മനുഷ്യൻ താഴെ വീഴുന്നു. റോമൻ തെരുവീഥിയിൽ അതൊരു സാധാരണ സംഭവമായിരുന്നു. ക്രൂശിപ്പാൻ കൊണ്ടുപോകുന്നവർ തങ്ങളുടെ ക്രൂശ് വഹിച്ച് കൊണ്ട് പോകുമ്പോഴും പടയാളികൽ അവരെ ക്രൂരമായി മർദ്ധിക്കും. അയാൾ സ്വല്പം കൂടി അടുത്തുവന്നപ്പോഴാണ് അത് നസ്രായനായ യേശു എന്ന് മനസിലായത്. തന്റെ മക്കളായ അലക്സാണ്ടറും രൂഫോസും യേശുവിന്റെ ശിഷ്യഗണത്തിൽപ്പെട്ടവരായിരുന്നതുകൊണ്ട് യേശുവിനെക്കുറിച്ച് ധാരാളം കേട്ടിരുന്നു. ശീമോനും പരക്കെ അറിയപ്പെട്ടിരുന്നു. പക്ഷെ ഈ വികൃതമായ മുഖത്തോടുകൂടി, വലിച്ചിഴച്ചുകൊണ്ട് വന്ന മനുഷ്യൻ യേശു ആണെന്ന് ചിന്തിക്കുവാൻ പോലും അയാൾക്ക് കഴിഞ്ഞില്ല.

യേശുവിനെ അനുഗമിക്കാൻ തന്റെ പുത്രന്മാരെ അയച്ചതുകൊണ്ട് കയ്യാഫാവിന് ശീമോനോട് വൈരാഗ്യമുണ്ടായിരുന്നു. അക്കാലത്ത് കുരിശു ചുമക്കും എന്നത് ആക്ഷേപകരമായ ഒരു കൃത്യമായിരുന്നു. ശീമോൻ കടന്നു പോകുന്നതു കണ്ട് കുരിശു ചുമക്കാൻ അവനെ വിളിക്കൂ" എന്ന് കയ്യാപ്പാ കല്പിച്ചു. ആജ്ഞ കേട്ട് തൽക്ഷണം രണ്ട് ഭടന്മാർ ഓടിയെത്തി. എന്താണെന്നറിയാതെ പകച്ചു നോക്കുമ്പോഴും അവർ ശീമോനെ കോവർകഴുതപ്പുറത്തു നിന്ന് വലിച്ചിറക്കി കുരിശു കിടക്കുന്ന സ്ഥലത്തേക്ക് ഉന്തിത്തള്ളിക്കൊണ്ട് വന്നു. ഒരു റോമൻ പടയാളി എന്തു പറഞ്ഞാലും അത് എത്ര ഹീനമായ ജോലിയാണെങ്കിലും അത് ചെയ്തിരിക്കണം. കുരിശിനരികെ യേശു അവശനായി കിടക്കുന്നതു കണ്ട് അവന്റെ ഹൃദയം വിങ്ങിപ്പൊട്ടി.

പടയാളികൾ ആ ഭാരമേറിയ കുരിശ് ശീമോന്റെ തോളിൽ വച്ച് കഴിഞ്ഞിരുന്നു. അവൻ നല്ല കായപുഷ്ടിയും മനോദൃഢതയുമുള്ള ആളായിരുന്നതിനാൽ കുരിശും വഹിച്ച് യേശുവിന്റെ പിന്നാലെ നടന്നു. യേശുവിന്റെ ദയനീയമായ നോട്ടം അവന്റെ ഹൃദയത്തിൽ ആഴത്തിൽ പതിച്ചു.

മൃത്യുവിന്റെ സങ്കേതമായ തലയോടിടം എന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരു ഒഴിഞ്ഞ സ്ഥലത്ത് കുരിശ് ഇറക്കിവയ്ക്കുന്നതിന് ശതാധിപൻ ശീമോനോട് കല്പിച്ചു.

കുരിശിറക്കി വച്ചിട്ട് ഭയാനകമായ ഈ സ്ഥലത്തു നിന്നും എത്രയും വേഗം തിരികെ മടങ്ങുവാനായിരുന്നു. ശീമോന്റെ മനസ്സിന് പക്ഷെ ഏതൊ അദൃശ്യ ശക്തി അവനെ അവിടെ പിടിച്ചു നിർത്തി അവിടെ നടന്ന ക്രൂര സംഭവങ്ങൾ അവന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു.

അവൻ ഓരോരുത്തരേയും മാറി മാറി വീക്ഷിച്ചു. തോലുരിച്ചതുപോലെ ദേഹമാസകലം ചാട്ടാവാർ അടികൊണ്ടു യേശുവിന്റെ മുഖത്തെ സ്വർഗ്ഗീയമായ തേജസ് അവനെ അത്ഭുതപ്പെടുത്തി. ക്രൂശിക്കുന്നവരുടെ നേരെ നോക്കി അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതുകണ്ട് ശീമോൻ സ്തബ്ദനായി നിന്നു. പച്ചമാംസത്തിലൂടെ ഇരുമ്പാണികൾ അടിച്ചു കയറ്റിയപ്പോഴുണ്ടാകുന്ന വേദനകൾ ക്ഷമയോടെ സഹിച്ചു പടയാളികൾ നിലത്തുനിന്ന് കുരിശെടുത്ത് പൊക്കി സജ്ജീകരിച്ചിരുന്ന കുഴിയിൽ നിർത്തിയപ്പോൾ നേരിട്ട ഹേമം ഭുജത്തിലുള്ള ബന്ധം വിട്ടതുപോലെ തോന്നി. നെഞ്ചിലെ നാഡിഞരമ്പ് നാനാഭാഗങ്ങളിലേക്കും പൊലിഞ്ഞു പൊട്ടിപോകുമാറായി. ഇതെല്ലാം കണ്ടു നില്ക്കാൻ കഴിയാതെ ശീമോൻ കണ്ണടച്ചു. ജീവൻ പോകുന്നിന് മുമ്പ് മാംസം കൊത്തിത്തിന്നാനായി ചുറ്റും പറന്നുകൊണ്ടിരുന്ന കഴുകന്മാരുടെ നേർക്ക് ഭീതിയോടെ നോക്കി. യേശുവിന്റെ കുരിശിന്റെ മുകളിൽ "നസ്രായനായ യേശു-യഹൂദന്മാരുടെ രാജാവ്" എന്ന ലിഖിതം കണ്ടു. തന്നോട് അപേക്ഷിച്ച കള്ളനോട് നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും" (ലൂക്കോ. 23:43) എന്ന വാഗ്ദത്വം നൽകി-പ്രിയ മാതാവിനെ യോഹന്നാന്റെ സ്നേഹപരിലാളനത്തിന് ഏല്പിച്ചു. അന്ത്യമായി "സകലതും നിവൃത്തിയായി. എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" (ലൂക്കോ. 23:46) എന്ന് പറഞ്ഞ് യേശു ക്രൂശിൽ തല ചായിച്ച് പ്രാണനെ വിട്ടു.

മരണസമയത്തുണ്ടായ വിസ്മയജനകമായ സംഭവങ്ങൾ, കണ്ട് ശീമോൻ ഭയന്നുവിറച്ചു. മൂന്നു മണിക്കൂർ അന്ധകാരം സർവ്വത്ര വ്യാപിച്ചു. ഭൂമി കുലുങ്ങി കാൽവറിയിലെ പാറകൾ

36th Death Anniversary
29-06-1980

38th Death Anniversary
28-02-1978

SKARIA THOMAS   ALIYAMMA THOMAS

Assarivadakethil
Mallassery, Pathanamthitta

പൊട്ടിത്തെറിച്ചു. ശവക്കല്ലറകൾ എല്ലാം പിളർന്നു മറിഞ്ഞു. ഇതെല്ലാം കണ്ട് നിന്ന ശതാധിപൻ ഏറ്റ് പറഞ്ഞു. "യേശു സാക്ഷാൽ ദൈവപുത്രനായിരുന്നു. സത്യം" (മർക്കോ. 15:39).

നിന്ദ്യവും നിഷിധവുമായ, യേശുവിന്റെ ക്രൂശ്-ശീമോന്റെ രക്ഷക്ക് കാരണമായി. അവനവന്റെ ജീവിതത്തെ ആകെ മാറ്റി മറിച്ച്. അവനും അവന്റെ കുടുംബവും ദൈവിക രക്ഷാ പദ്ധതിയിൽ പങ്കുകാരായി. അവൻ ക്രിസ്ത്യാനിയായി പിന്നീട് അന്ത്യോഖ്യാസഭയിലെ ഉപദേഷ്ടാക്കളിൽ ഒരാളായി തീർന്നു എന്ന് കരുതാം. ആ കുടുംബം മുഴുവൻ ദൈവിക വേലയ്ക്കായിസമർപ്പിക്കപ്പെട്ടു. എന്ന് പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നു. (റോമ. 16:13) "കർത്താവിൽ പ്രസിദ്ധനായ രൂഫോസിനും, എനിക്ക് അമ്മയായ അവന്റെ അമ്മയോടും വന്ദനം ചൊല്ലുവീൻ".

അപ്പോസ്തോലപ്രവർത്തികളിൽ (13:1) പൗലോസിനേയും ബർന്നബാസിനേയും ഒന്നാമത്തെ മിഷനറിയാത്രയ്ക്ക് അയച്ചവരുടെ കൂട്ടത്തിൽ "നീഹർ" എന്നു പേരുള്ള ശീമോൻ എന്ന് പറയുന്നത് കർത്താവിന്റെ ക്രൂശു വഹിച്ച കുറേനക്കാരനായ ശീമോൻ ആണെന്നാണ് അഭ്യൂഹം. ശിമയോൻ എന്നതിന്റെ മറുപേരാണ് ശീമോൻ. 'നിഗർ' എന്നത് ആഫ്രിക്കൻ പേരാണ്. ആഫ്രിക്കയിലെ കുരേനായിൽ നിന്നും വന്ന കറുത്ത തൊലിയുള്ള മനുഷ്യൻ എന്നാന്ന് പണ്ഡിതമതം.

യേശുക്രിസ്തു അരുളിചെയ്തു "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ (മർക്കോ. 8:34). ഒരുവൻ യേശുവിനെ അനുഗമിക്കണമെങ്കിൽ-സ്വയം ത്യജിക്കണം. 'അഹം'-ഞാനെന്ന ഭാവം കൈവെടിഞ്ഞ്-തന്റെ ക്രൂശ് എടുക്കുന്നു. മരണം, വേദന, രോഗം, വേർപാട്, കഷ്ഠത-ഇവയെല്ലാം തന്റെ അരുമനാഥനെപ്പോലെ ക്ഷമയോട് സഹിച്ച്, യേശുവിനെ പിൻതുടർന്ന് ക്രിസ്തീയ ജീവിതത്തിന്റെ പരിസമാപ്തിയായ ഗോഗുൽത്തായിൽ എത്തിച്ചേരുമ്പോൾ, രക്ഷയ്ക്ക് നിദാനമായിതീരും. ഈ മഹത്തായ പാഠമല്ലെ, യഹൂദന്മാർക്ക് നിന്ദ്യവും നിഷിധവുമായ ക്രൂശെടുത്ത് യേശുവിനെ പിൻതുടർന്നു കുറെനെക്കാരനായ ശീമോൻ നമ്മെ ഓർമ്മിപ്പിക്കുന്നത്. ■

20TH DEATH ANNIVERSARY

KUNJOONJAMMA KURIAKOSE

W/o Late K.G. Kuriakose

Kananthara Kochuthekkethil,
Kaviyoor

ഈ സ്നേഹനിധി ഞങ്ങളുടെ ഹൃദയത്തിൽ എപ്പോഴും ജീവിക്കുന്നു.

Kaviyoor Babu & Fly.
Mumbai

Rajan Kuriakose & Fly.
Kaviyoor

MAR GREGORIOS ORTHODOX CHURCH
PARUMALA OF THE NORTH
B-2, Janakpuri, New Delhi-110058

വിവാഹ സഹായവുമായി ഒരു സ്നേഹസ്പർശം

അപേക്ഷ ക്ഷണിക്കുന്നു

ദൈവകൃപയാൽ വടക്കിന്റെ പരുമലയായ ന്യൂഡെൽഹി ജനക്പുരി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ സെന്റ് ഗ്രിഗോറിയോസ് യുവജന പ്രസ്ഥാനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായ പെൺകുട്ടികൾക്ക് വിവാഹ സഹായം നൽകുന്നതിനായി "സ്നേഹ സ്പർശം 2016" പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. 2016 മാർച്ച് 31-നു മുൻപ് വിവാഹം നടത്താനാഗ്രഹിക്കുന്ന ക്രിസ്തീയ സഭകളിലെ പെൺകുട്ടികളുടെ രക്ഷകർത്താക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട രേഖകൾ അയയ്ക്കേണ്ടതുമാണ്.

1. അപേക്ഷകന്റെ പേര്, വ്യക്തമായ മേൽ വിലാസം
2. ടെലിഫോൺ നമ്പർ
3. ഇടവക ഭദ്രാസനം
4. ദേശക്കുറി, വിവാഹ രെജിസ്ട്രേഷൻ
5. കൂടി നടക്കുന്ന ഇടവകയിലെ വികാരിയുടെ സാക്ഷിപത്രം
6. ഓർത്തഡോക്സ് വിഭാഗത്തിൽ അല്ലാത്തവർ കൂടി നടക്കുന്ന ഇടവക വികാരിയുടെ സാക്ഷിപത്രത്തോടൊപ്പം സമീപ ഓർത്തഡോക്സ് ഇടവകയിലെ വികാരിയച്ചന്റെ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്.
7. പൂർണ്ണമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം

The President
St. Gregorios Orthodox Youth Movement
Mar Gregorios Orthodox Church
B-2, Janakpuri, New Delhi-110058

Contact No.
09810625526 (Vicar/President)
09871986911 (Secretary)
E-mail: frbijupthomas@gmail.com

ഒരു കൈത്താങ്ങ്

"സ്നേഹദീപം" വർഷങ്ങളായി നടത്തി വരുന്ന കാരുണ്യ (ചികിത്സാ, വിദ്യാഭ്യാസം, സ്വയം തൊഴിൽ) പ്രവർത്തനങ്ങളിലേക്കും, ഭവന രഹിതരായവർക്കു നൽകുന്ന ഭവനനിർമ്മാണ പദ്ധതിയിലേക്കും, അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കൂടാതെ, ഈ വർഷം നിർധനരും നിരാലംബരുമായ ഒരു ഓർത്തഡോക്സ് വിശ്വാസിനിയായ പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കുന്നു. ഈ പദ്ധതിയിലേക്ക് രക്ഷിതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. **Office Coordinator, SGOC, Basil Jubilee Center, Bethany Aramana, Thiruvalla, Kerala-689101** എന്ന വിലാസത്തിൽ അപേക്ഷ അയയ്ക്കുക. അപേക്ഷ ഫോം പേജ് 42-ൽ.

വിജയി

സൺഡേസ്ക്കൂൾ സൗത്ത് സെൻട്രൽ സോൺ സീനിയർ വിഭാഗം പ്രസംഗത്തിൽ രണ്ടാം സ്ഥാനം നേടിയ ശാരോൺ ടോം തോമസ്. പാണ്ടനാട് സെ. മേരീസ് വികാരി ഫാ. കെ.ഒ. തോമസിന്റെ മകൻ. പുത്തൻകാവ് സെ. ആൻഡ്രൂസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി.

For Favours Received



Saramma Varghese





P.P. Varghese Bhopal

ഒരു വിശ്വാസി

MARCH 8



സമത്വത്തിനുള്ള പ്രതിജ്ഞ

സമത്വത്തിനായി പ്രതിജ്ഞ എടുക്കാം (Pledge for Parity) എന്ന മുദ്രാവാക്യത്തോടെയാണ് 2016-ലെ ലോക വനിതാദിനം മാർച്ച് 8-ന് ആഘോഷിക്കുന്നത്. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കിയാണ് ഒരോ വനിതാദിനത്തിലും ഐക്യരാഷ്ട്ര സഭ വനിതാദിന ചിന്താവിഷയം നിശ്ചയിക്കുന്നത്.

വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും സാമൂഹിക നിലവാരത്തിലും കേരളത്തിൽ സ്ത്രീകൾ ഏറെ മുന്നിലാണ്. എന്നാൽ സ്വന്തം വീട്ടിൽ പോലും സ്ത്രീകൾ സുരക്ഷിതയല്ല എന്നതാണ് യാഥാർത്ഥ്യം. പലപ്പോഴും ശാരിരികവും മാനസികവും സാമ്പത്തികവുമായുള്ള ചൂഷണങ്ങൾക്കും സ്ത്രീകൾ വിധേയരാകുന്നു. അതിനാൽ ഇത്തരം വിവേചനങ്ങൾ അവസാനിപ്പിച്ച് സമൂഹത്തിന്റെ സമഗ്ര പുരോഗതിയും സമത്വവും സുരക്ഷിതത്വവും കൈവരിക്കുവാൻ പൊതു സമൂഹം പ്രതിജ്ഞാബദ്ധമാകണം.

സമത്വമെന്നത് ലിംഗ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വിശകലനം ചെയ്യേണ്ടത്. ലിംഗ വിവേചനത്തിന്റെ പേരിൽ സ്ത്രീകളെ സമൂഹത്തിൽ അന്യരായി കാണുന്ന സമീപനം തിരുത്തുവാനും അവർക്ക് സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സുരക്ഷിതത്വവും നീതിയും ഉറപ്പാക്കുവാനുമുള്ള പദ്ധതികൾ നിരവധി ഉണ്ട്. ഇവ ഫലപ്രദമായി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

'സമത്വത്തിനുള്ള പ്രതിജ്ഞ' എന്ന 2016-ലെ വനിതാദിന ചിന്തയിൽ താഴെപറയുന്ന ചർച്ചകളും പഠനങ്ങളുമാണ് യു.എൻ. നിർദേശിക്കുന്നത്.

1. സ്ത്രീകൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ഉന്നത സ്ഥാനങ്ങളിൽ എത്തുവാൻ അവസരം സൃഷ്ടിക്കണം. 2. ബോധവും അബോധപൂർവ്വവുമായി നടപ്പിലാക്കുന്ന സ്ത്രീവിരുദ്ധ നിലപാടുകൾ തിരുത്തപ്പെടണം. 3. സ്ത്രീ പുരുഷ സമത്വത്തിൽ അധിഷ്ഠിതമായി പൊതു നേതൃത്വത്തെ രൂപപ്പെടുത്തിയെടുക്കണം. 4. പൊതു സമൂഹത്തിൽ പുരുഷന്മാരുടെ സംഭാവനകൾ വിലയിരുത്തപ്പെടുന്നതോടൊപ്പം സ്ത്രീകളുടെ സംഭാവനകളും നേതൃത്വവും അംഗീകരിക്കപ്പെടണം. 5. സ്ത്രീ പുരുഷന്മാർ പരസ്പര ബഹുമാന്യതയോടെ ഉൾക്കൊള്ളുന്ന സംസ്ക്കാരവും സമീപനവും സമൂഹത്തിൽ വളർത്തണം.

ഉന്നത വിദ്യാഭ്യാസവും സാമ്പത്തിക പുരോഗതിയും വർദ്ധിക്കുന്നുവെങ്കിലും അസ്വസ്തത, മാനസിക ദൗർബല്യം, അക്രമം, അസമത്വം, അരക്ഷിതത്വം എന്നിവ സമൂഹത്തിൽ ശക്തിപ്പെടുകയാണ്. സ്ത്രീകൾ നേരിടുന്ന വിവിധതര അവഗണനകൾ അവസാനിപ്പിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ സഭയിലും സമൂഹത്തിലും ശക്തിപ്പെടുത്തണം. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ സമുന്നതമായ സ്ഥാനവും മഹത്വവും ഉറപ്പിക്കുവാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

– അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

പ്ര|ഭാ|ഷ|ണം



മനുഷ്യത്വത്തിൽ കേന്ദ്രീകൃത ദർശനം

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ദർശനം മനുഷ്യത്വത്തിൽ കേന്ദ്രീകൃതമാണ്. മതം മതത്തിനുവേണ്ടിയല്ല. മതം മനുഷ്യനുവേണ്ടിയാണ് എന്ന ഉൽകൃഷ്ട സന്ദേശമാണത്.

■ **വി. എം. സുധീരൻ** (കെ.പി.സി.സി. പ്രസിഡന്റ്)

എന്റെ മനസിനെ വൈകാരികമായി അടുപ്പിച്ചിട്ടുള്ള മഹാ വ്യക്തിത്വമാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. ഈ സമൂഹത്തെക്കുറിച്ചും ഇവിടെയുള്ള ഉച്ചനീചത്വങ്ങളെക്കുറിച്ചും അദ്ദേഹം വളരെ വ്യാകുലപ്പെട്ടിരുന്നു. സാമൂഹിക നീതി യാഥാർത്ഥ്യമാകാത്തതും തിരുമേനിയെ വേദനിപ്പിച്ചു. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ ആഡംബരങ്ങളിൽ മതിമറന്ന് എന്തും ചെയ്യുവാൻ മടിക്കാത്തപ്പോൾ സാധാരണക്കാരായ മനുഷ്യർ അരവയർ നിറച്ച് ജീവിക്കുവാൻ വേണ്ടി പ്രയാസപ്പെടുകയാണ്. നീതിയും അനീതിയും തമ്മിലുള്ള പോരാട്ടത്തിൽ ദാരിദ്ര്യവും സമ്പത്തും തമ്മിലുള്ള പോരാട്ടത്തിൽ ഉച്ചനീചത്വം നിലനിൽക്കുന്ന ഈ വ്യവസ്ഥയിൽ മനുഷ്യന്റെ സങ്കീർണ്ണ പ്രശ്നങ്ങളെക്കുറിച്ചുള്ള വ്യഥ അദ്ദേഹത്തെ അസ്വസ്തമാക്കി. 'ദരിദ്ര ലോകത്ത് ധനവാനായിരിക്കുന്നത് പാപം' എന്ന പുസ്തകത്തിൽ അത്യഗാധമായി സാമൂഹിക അനീതിയെക്കുറിച്ച് അപഗ്രഥിക്കുന്നു.

അനേകം സാമൂഹിക പ്രശ്നങ്ങളും നിരവധി ചോദ്യങ്ങളും അദ്ദേഹം ഉന്നയിക്കുന്നു. ഇവ പരിശോധിക്കുമ്പോൾ സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും നിഷ്പക്ഷമായ നിരീക്ഷണങ്ങളായിരുന്നു തിരുമേനിയുടേത്. ലോകകാര്യങ്ങൾ വിലയിരുത്തി വിശകലനം ചെയ്യുന്ന രീതിയാണ് തിരുമേനി പുലർത്തിയത്. ചില സഭകൾ സ്വർണ്ണം കൊണ്ട് കുരിശുണ്ടാക്കി പള്ളി അലങ്കരിക്കുമ്പോൾ, ചെറിയ പള്ളികൾ തങ്ങളുടെ പള്ളിപണി പൂർത്തീകരിക്കുവാൻ കഴിയാതെ വിഷമിക്കുന്നുവെന്ന് സധൈര്യം അദ്ദേഹം പറയുന്നു. കോടികൾ മുടക്കി ബോംബുണ്ടാക്കുന്ന സമീപനവും കള്ളപ്പണത്തിന്റെ വളർച്ചയും എല്ലാം വിമർശനങ്ങളിൽ സ്ഥാനം പിടിക്കുന്നു.

സൗമ്യവും ശക്തവുമായ ഭാഷയിലൂടെ സാമൂഹിക പ്രശ്നങ്ങളും അവസ്ഥകളും വിശകലനം ചെയ്യുന്നു. ഒസ്താത്തിയോസ് തിരുമേനിയുടെ ദർശനം മനുഷ്യത്വത്തിൽ കേന്ദ്രീകൃതമായിരുന്നു. മനുഷ്യനെ മറന്നുകൊണ്ട് ഒരു മതം ഇല്ല. മനുഷ്യനാണ് പ്രധാനം. മനുഷ്യന്റെ ജീവിതത്തിൽ നന്മ പകരുവാൻ കഴിയണം. മതം മതത്തിനുവേണ്ടിയല്ല. മതം മനുഷ്യനുവേണ്ടിയാണ് എന്ന ഉൽകൃഷ്ടമായ സന്ദേശമാണ് അദ്ദേഹം നൽകുന്നത്.

'സ്നേഹത്തിന്റെ ഏക മതം' എന്ന ഒസ്താത്തിയോസ് തിരുമേനിയുടെ ആപ്തവാക്യം എത്രയോ പ്രസക്തമാണ്. ജാതിമത സങ്കുചിത രാഷ്ട്രീയ വിഭാഗീയത വർദ്ധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത് എത്രയോ ശക്തമാണ്. എന്നാൽ എല്ലാ മതങ്ങളുടെയും സാരാംശം ഉൾക്കൊണ്ട് സ്നേഹമാണ് ഏറ്റവും വലിയ മതം എന്നും സ്നേഹമാണ് സത്യമെന്നും സ്നേഹമാണ് ഈശ്വരൻ എന്നും അദ്ദേഹം പ്രബോധിപ്പിക്കുന്നു.

ജാതിഭേദമെന്യേ മനുഷ്യമനസ്സുകളെ കൂട്ടിയോജിപ്പിക്കുന്ന ഉദാത്ത കണ്ണിയായി ജീവിക്കുവാൻ ഒസ്താത്തിയോസ് തിരുമേനിക്ക് കഴിഞ്ഞു. മനുഷ്യൻ പ്രകടിപ്പിക്കുന്ന അനൗചിത്യങ്ങൾ വളരെയാണ്. പുതിയതലമുറയ്ക്ക് നാം നൽകുന്ന പാഠവും ഭാഷയും ആക്രമണത്തിന്റെതും വിദ്വേഷത്തിന്റെതുമാണ്. ദൃശ്യമാധ്യമങ്ങൾ മനുഷ്യമനസ്സിനെ അസ്വസ്ഥമാക്കുകയാണ്. നീതിയും ന്യായവും നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രബോധനങ്ങൾക്ക് പ്രസക്തി വർദ്ധിക്കുകയാണ്.

സമ്പത്തും ദാരിദ്ര്യവും തമ്മിലുള്ള വ്യത്യാസം അദ്ദേഹം എല്ലാ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ചൂണ്ടിക്കാണിക്കുന്നു. പള്ളിപറമ്പിൽ താമസിക്കുന്ന കുടിയാന്മാർക്ക് ഭൂമിയുടെ അവകാശം നൽകണമെന്ന് ഭൂപരിഷ്ക്കരണ നിയമങ്ങൾ വരുന്നതിന് മുമ്പേ തിരുമേനിക്ക് പറയുവാൻ കഴിഞ്ഞു.

കേരളം ആർഭാടത്തിന്റെയും ലഹരിയുടെയും പിടിയിൽപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക തകർച്ച, റോഡപകടങ്ങൾ, വിവിധതരം രോഗങ്ങൾ, മനസിക പ്രതിസന്ധി എന്നിവ വർദ്ധിക്കുകയാണ്. മാനസിക രോഗികളും വിഷാദരോഗികളും വർദ്ധിക്കുന്ന കേരളത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും പെരുകുകയാണ്. സാമ്പത്തിക ഭദ്രതയും കുടുംബ സമാധാനവും തകർക്കുന്ന ഒരവസ്ഥയാണ് കേരളത്തിൽ വളർന്നു വരുന്നത്. ധനം ഉണ്ടെങ്കിലും ദരിദ്രനായി ജീവിക്കേണ്ടി വരുന്ന ഒരനുഭവമാണ് കേരളത്തിൽ ശക്തിപ്പെടുന്നത്. സാമ്പത്തിക ഭദ്രതയുള്ള എത്രയോ പേരാണ് ദരിദ്രാവസ്ഥയിലേക്ക് തകർന്നു വീഴുന്നത്. സമ്പന്നതയ്ക്കിടയിലും ദരിദ്രമായ ചുറ്റുപാടിൽ ജീവിക്കേണ്ടി വരുന്നു. പട്ടിണി കിടക്കേണ്ടി വരുന്നു.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം കേരളത്തിൽ കൂടുതലാണ്. ഇത് തലമുറയേയും കുടുംബത്തേയും സമൂഹത്തേയും തകർച്ചയുടെ വക്കത്ത് എത്തിക്കുന്നവയാണ്. ഇവ വിൽപ്പന നടത്തുന്നത് ധനമോഹത്തിനുവേണ്ടിയാണ്. ഈ ധനമോഹം സമൂഹത്തെ തകർക്കുകയാണ് പദവികൾക്കുവേണ്ടി സ്വന്തക്കാരെപ്പോലും വീഴ്ത്താനും അപകീർത്തിക്കാനുമുള്ള പ്രവണത ഇന്ന് എല്ലായിടവും ഉയർന്നു വരുന്നു. എനിക്ക് അവകാശങ്ങൾ ഉള്ളതുപോലെ മറ്റുള്ളവർക്കും അവകാശം ഉണ്ട് എന്ന ബോധ്യത്തിൽ സഹിഷ്ണുതയോടെ സഹവർത്തിത്വത്തോടെ പ്രവർത്തിക്കുവാൻ കഴിയണം. ജനങ്ങൾ ഏല്പിച്ച അധികാരങ്ങൾ ദുരുപയോഗം ചെയ്ത് അഴിമതി വളർത്തുന്നതും തടയണം. ജനാധിപത്യ വിരുദ്ധ നിലപാടുകൾ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കപ്പെടരുത്. അധികാരത്തിൽ എത്തുന്നതിന് വേണ്ടി ജനപിന്തുണ കിട്ടുന്ന ഏതു വളഞ്ഞ മാർഗ്ഗവും പിന്തുടരുവാൻ മടികാണിക്കാത്ത കാലമാണിത്. വർഗീയതയെ വളർത്തുന്ന സമീപനവും മാർഗ്ഗവും വ്യവസ്ഥയായി മാറികൊണ്ടിരിക്കുകയാണ്. സഹിഷ്ണുതയില്ലാത്ത തലങ്ങളിലേക്ക് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു. മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുവാൻ കഴിയുന്നില്ല. മതങ്ങൾ പുലർത്തുന്ന ഉൽക്കൃഷ്ട ആശയങ്ങൾ എല്ലാം ദുർവ്യാഖ്യാനം ചെയ്ത് മനുഷ്യരേയും മതങ്ങളേയും ഭിന്നിപ്പിച്ച് സമൂഹത്തിൽ ദുരന്തങ്ങൾ സൃഷ്ടിക്കുകയാണ്.

സങ്കുചിത വർഗ്ഗീയ വികാരങ്ങൾ ആളിക്കത്തിക്കുവാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കണം. വംശഹത്യയുടെ പേരിൽ സമൂഹത്തിൽ തകരുന്നത് സഹോദര്യമാണ്. വർഗ്ഗീയത ശക്തിപ്പെടുമ്പോൾ പട്ടിണിയും കുടിവെള്ളവും, ചികിൽസ സൗകര്യങ്ങളും മറക്കും. വർഗീയത അധികാരത്തിൽ എത്തുന്നതിനുള്ള എളുപ്പ വഴിയായി കണ്ടെത്തുന്നു.

ഇന്ത്യൻ ഭരണഘടനയിലെ ഏറ്റവും വലിയ അവകാശം ജീവിക്കുവാനുള്ള അവകാശമാണ്. സ്ഥാപിത താല്പര്യക്കാർ അവർക്ക് ഇഷ്ടമില്ലാത്തവരെ ജീവിക്കുവാൻ അനുവദിക്കാതിരിക്കുന്നു. വളരെ ആപത്കരമായ അവസ്ഥയിലേക്കാണ് സമൂഹം നീങ്ങുന്നത്. ജനാധിപത്യത്തിന്റെ മറുവശമാണ് മതേതരത്വം. മതേതരത്വം ഇല്ലെങ്കിൽ ജനാധിപത്യം ഇല്ല. ജനാധിപത്യം എവിടെ ഉണ്ടോ അവിടെ മതേതരത്വം നിലനിന്നേ മതിയാകൂ. ജനാധിപത്യത്തിന്റെ അനിവാര്യ ഘടകമാണ് മതേതരത്വം. ജനാധിപത്യവും മതേതരത്വവും കടുത്ത വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിത്. മതത്തേക്കാൾ മനുഷ്യനെ സ്നേഹിക്കണമെന്ന് പഠിപ്പിച്ച മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പഠിപ്പിക്കൽ ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രധാന്യം അർഹിക്കുന്നു.

ജനാധിപത്യ മതേതര ആശയങ്ങൾ നിലനിർത്തി പൊതുരംഗത്തെ തെറ്റായ പ്രവർത്തനങ്ങൾ തിരുത്തുവാൻ കഴിയണം. ജനാധിപത്യം, പരിസ്ഥിതി, വർഗീയത എന്നിവയെക്കുറിച്ച് എല്ലാം ഒസ്താത്തിയോസ് തിരുമേനി പ്രബോധിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതം ഒരു സന്ദേശമായിരുന്നു. ജീവിതം കൊണ്ട് സ്നേഹത്തിന്റെ സന്ദേശം സമൂഹത്തിന് നൽകി. ഒരു പുരുഷ ജീവിതം അർത്ഥ പൂർണ്ണമായി സമൂഹത്തിന് സമർപ്പിച്ച ആ ധന്യാത്മാവിന് പ്രണാമം അർപ്പിക്കുന്നു.

(തിരുവല്ല ബഥനി അരമനയിൽ നടത്തിയ മാർ ഒസ്താത്തിയോസ് സ്മാരക പ്രഭാഷണ സംഗ്രഹം. 2015 ഡിസം. 9)

- JTK

മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ

ഫെബ്രു. 13–20 വരെ

മാവേലിക്കര:- മലങ്കര സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നാലാമത് ഓർമ്മ ഫെബ്രുവരി 13 മുതൽ 20 വരെ സെ. പോൾസ് മിഷൻ സെന്റർ ചാപ്പലിൽ നടത്തും. 14–ന് 9.30–ന് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത കൊടിയേറ്റ് നടത്തും. 17–ന് ധ്യാനയോഗത്തിൽ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും.

18–ന് രാവിലെ 10 മുതൽ ഡോ. ബിജു തോമസിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തും.

19–ന് രാവിലെ എട്ടിന് പുതിയകാവ് സെ. മേരീസ് കത്തീഡ്രലിൽ നിന്നും ഐനാംസിന്റെ നേതൃത്വത്തിൽ പദയാത്ര. 10–ന് മിഷനറി കോൺഫ്രൻസിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിക്കും. സമ്മേളനം ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. പ്രൊഫ. ഡോ. ചെറിയാൻ തോമസ് ക്ലാസ്സ് എടുക്കും. വൈകിട്ട് ഏഴിന് സോപാന അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ.എം. ജോർജ് അനുസ്മരണ പ്രഭാഷണം നടത്തും. 20–ന് രാവിലെ 8–ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ കുർബ്ബാനയും ആശിർവാദവും. ■

മലങ്കരസഭ മാസിക

വരിസംഖ്യ

ഒറ്റപ്രതി	: ₹ 15
ഒരുവർഷം	: ₹ 180
രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000
വിദേശത്തേക്ക്:	
ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

GREAT LENT

അനുതാപത്തിനായ് കാത്തിരിക്കുന്നു...



ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. (2 പത്രോസ് 3:9).

■ ഫാ. ഡോ. വർഗീസ് ജോഷ്വ

ലൗകീക സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ മനുഷ്യർ പരക്കം പായുന്ന ഈ അത്യന്താധുനിക ലോകത്തിൽ നോമ്പിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ആവർത്തിച്ചാവർത്തിച്ച് ചിന്തിക്കേണ്ട ഒരു വേദഭാഗമാണിത്. ഈ വാക്യം പഠിക്കുമ്പോൾ അല്പം ചരിത്ര പശ്ചാത്തലം മനസ്സിലാക്കുന്നത് സഹായകരമായിരിക്കും. രണ്ട് വാഗ്ദത്തങ്ങൾ നൽകിക്കൊണ്ടാണ് യേശു തമ്പുരാൻ പിതാവിന്റെ സന്നിധിയിലേക്ക് വാങ്ങിപ്പോയത്. (1) സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെയിരിക്കേണ്ടതിന് നിങ്ങൾക്ക് അയച്ചുതരും (യോഹ 14:16). (2) ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാനിരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും (യോഹ 14:3). ഇതിൽ ഒന്നാമത്തെ വാഗ്ദത്തം പൂർത്തീകരിച്ചു. എന്നാൽ രണ്ടാം വാഗ്ദത്തിനായി സഭ ആശയോടെ കാത്തിരുന്നു.അത് ഉടൻ സംഭവിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. ആയതുകൊണ്ടാണ് യെരുശലേമിലെ സഭ അവർക്കുള്ളതൊക്കെയും വിറ്റ് ശിക്ഷ്യന്മാരുടെ കാൽക്കൽ കൊണ്ടുവരികയും വാങ്ങിപ്പോകാതെ കൂട്ടായ്മ ആചരിക്കുകയും ചെയ്തത്. എന്നാൽ കർത്താവു വന്നില്ല സഭ ദരിദ്രയായിത്തീർന്നു. ഇങ്ങനെ ദരിദ്രരായിത്തീർന്ന യെരുശലേമിലെ സഭയ്ക്കുവേണ്ടിയാണ് പൗലോസ് ശ്ലീഹാ ധർമ്മ ശേഖരം നടത്തിയത് (1 കൊരി 16:1-4; 2 കൊരി 8:1-9; റോമ 15:30-31). ഒടുവിൽ അക്ഷമരായി അവിശ്വാസികളുടെ വിപരീതോപദേശങ്ങളിൽ വഴിപ്പെട്ട് പലരും സത്യവിശ്വാസത്തെ ചോദ്യം ചെയ്യുവാനും തങ്ങൾക്കു ബോധിച്ചരീതിയിൽ ജീവിക്കുവാനും തുടങ്ങി ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അപ്പോസ്തോലൻ ഈ ലേഖനം എഴുതുന്നത്.

മൂന്നു കാര്യങ്ങളാണ് അപ്പോസ്തോലൻ ഈ വാക്യത്തിൽ ഓർപ്പിക്കുന്നത് (1) തെറ്റായ അറിവുകൾ ഉപേക്ഷിക്കണം ദൈവത്തിന്റ അറിവിലേക്ക് വളരണം(2) കർത്താവ് രണ്ടാമതു വരും നിശ്ചയം. (3)ദൈവം മനുക്ഷ്യന്റെ അനുതാപത്തിനായി കാത്തിരിക്കുന്നു.

1. തെറ്റായ അറിവുകൾ ഉപേക്ഷിക്കണം ദൈവത്തിന്റ അറിവിലേക്ക് വളരണം

ആദിമസഭയുടെ ഏതാണ്ട് അതേ പശ്ചാത്തലത്തിലാണ് ആധുനിക സഭയും ജീവിക്കുന്നത്. ന്യായവിധിയേക്കുറിച്ച് തെല്ലും ഭയമില്ലാതെ ഭൗതിക ആഢംബരങ്ങളിൽ പുളച്ചുജീവിക്കുവാനാഗ്രഹിക്കുന്ന ഒരു സമൂഹമല്ലേ ഇത്? ആദിമസഭയിൽ വന്നുകൂടിയ തെറ്റായ ഒരു ചിന്തയായിരുന്നു കർത്താവ് വീണ്ടും വരികയില്ലായെന്നത് (2പത്രോ 3:3,9). മനുക്ഷ്യൻ അവന്റെ ഋജുവായ ബുദ്ധിയിൽ ആശ്രയിക്കുന്നതുകൊണ്ടാണ് ഇപ്രകാരം ചിന്തിക്കുന്നതെന്ന് അപ്പോസ്തോലൻ ഓർപ്പിക്കുന്നു. ദൈവത്തിന്റെ ചിന്തയുടെ ആഴമറിയുവാൻ മനുക്ഷ്യൻ അപ്രാപ്തനാണ്. കർത്താവിന് ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയുമാകുന്നു(1 പത്രോ3:8; സങ്കീ 90:4). മനുക്ഷ്യൻ അവന്റെ ജഢീകമായ ഭാവത്തിലും ചുറ്റുപാടിലും നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ ദൈവത്തിന്റെ ഭാവത്തെ തിരിച്ചറിവാൻ സാധിക്കുന്നില്ല. ആത്മീകനു മാത്രമെ ദൈവിക മർമ്മങ്ങളെ തിരിച്ചറിയുവാൻ സാധിക്കയുള്ളൂ (റോമ 2:13-15). യേശുവിനോടു കൂടെയുണ്ടായിരുന്നവർക്കുപോലും അവനേയോ അവന്റെ വഴികളെയോ തിരിച്ചറിഞ്ഞില്ല (യോഹ 14:5). മനുക്ഷ്യൻ പറയുന്നു പല്ലിനുപകരം പല്ല് കണ്ണിനു പകരം കണ്ണ്; എന്നാൽ ദൈവം പറയുന്നു നിന്റെ ഒരു ചെകിട്ട

ത്തടിക്കുന്നവന് മറ്റേതു കൂടെ കാണിച്ചുകൊടുക്കുക. മനുക്ഷ്യൻ പറയുന്നു നല്ലവരായിരിക്കട്ടെ നിങ്ങുടെ സ്നേഹിതർ, ദൈവം പറയുന്നു പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക. മനുക്ഷ്യൻ പറയുന്നു ശിക്ഷ നീതിയോടുകൂടിയതാകണം, ദൈവം പറയുന്നു ശിക്ഷ കരുണയോടുകൂടിയതാകണം.

മനുക്ഷ്യന്റെ സ്നേഹം തനിക്കു നഷ്ടം വരാത്ത ഇടം വരെ മാത്രമെ ഉണ്ടാകയുള്ളൂ എന്നാൽ ദൈവസ്നേഹം താനില്ലാതായിത്തീരുന്നതുവരെയാണ് (യോഹ 3:13, 15:3). ഒരു സാധാരണ മനുക്ഷ്യന് അവന്റെനിലയിൽ നിന്നുകൊണ്ട് ദൈവത്തിന്റെ ഭാവത്തിലേക്ക് (ഫിലി 2:5) ക്രിസ്തുവെന്ന തലയോളം (എഫേ 4:15) വളരുവാൻ സാധിക്കുകയില്ല. ദൈവത്തിന്റെ ഭാവത്തിലേക്ക് വളർന്നെങ്കിൽ മാത്രമെ അവൻ ചിന്തിക്കുന്ന രീതിയിലേക്ക് നമുക്ക് വളരുവാൻ സാധിക്കയുള്ളൂ. ആ ഭാവത്തെ നേടിയെടുക്കാൻ ഹൃദയത്തെ വിശാലമാക്കണം (അപ്പോ. പ്ര 16:14); കണ്ണുകളെ തുറക്കണം (ഉല്പ 21:19; ലൂക്കോ 24:31) ചെവികളെ തുളയ്ക്കണം (സങ്കീ 40:6), മനസ്സ് നിർമ്മലമായിരിക്കണം (സങ്കീ 51:10; മത്താ 5:8). ധ്യാനവും മനനവും ആന്തരിക ബോധത്തെ ഉണർത്തുന്നവയാണ്; ഉൾക്കണ്ണുകളെ തുറക്കുന്നവയാണ്;

ഹൃദയത്തെ പ്രകാശിപ്പിക്കുന്നവയാണ്. ഇരുളിലാണ്ടുകിടക്കുന്ന ബോധം പ്രകാശത്തിലേക്കു വരുമ്പോൾ ചിന്തകൾക്ക് നൈർമ്മല്ല്യമുണ്ടാകും; കാഴ്ചക്ക് വ്യക്തതയുണ്ടാകും; കേൾവിക്ക് വിവേചനമുണ്ടാകും. അതോടെ ആളത്തത്തിനു തന്നെ ഒരു മാറ്റമുണ്ടാകും. നിഗമനങ്ങളിലും തീരുമാനങ്ങളിലും വ്യത്യാസമുണ്ടാകും. അതുകൊണ്ട് ദൈവത്തിന്റെ ആലയത്തിലേക്കു പ്രവേശിച്ച് ധ്യാനിക്കുക. നിനക്ക് തിരിച്ചറിവുണ്ടാകും; ദൈവം നിനക്കാലോചന പറഞ്ഞുതരും(സങ്കീ 73:13).

2. കർത്താവ് രണ്ടാമതു വരും നിശ്ചയം

ആദിമ സഭയിൽ ചിലർ കർത്താവ് രണ്ടാമത് വരികയില്ലയെന്ന് തെറ്റായി ധരിച്ചു. എന്നാൽ അപ്പോസ്തോലൻ ഉറപ്പിച്ചു പറയുന്നു അവൻ വീണ്ടും വരും. അതവന്റെ വാഗ്ദാനമാണ്. അവൻ വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനാണ് (എബ്രാ 10:23). സെറൂഗിലെ യാക്കോബ് പറയുന്നു കർത്താവു മനുക്ഷ്യനെ സൃഷ്ടിക്കുവാനും രക്ഷിക്കുവാനുമായി രണ്ടു പ്രാവശ്യം ഭൂമിയിലേക്കു വന്നു. മൂന്നാമത് ഇനി ന്യായവിധിക്ക് വരും. ന്യായവിധിയിൽ രണ്ടു കാര്യങ്ങളാണ് സംഭവിക്കുക. അനീതി പ്രവർത്തിക്കുകയും ന്യായവിധിയിൽ വിശ്വസിക്കാതിരിക്കുകയും ഈ ലോകത്തിൽ മാത്രം പ്രത്യാശ വെച്ച് ഈ ലോകത്തിൽ മാത്രം നിക്ഷേപം സ്വരൂപിക്കുകയും ദുഷ്ടത പ്രവർത്തിക്കുകയും അനീതിയിൽ സന്തോഷിക്കുകയും കൂട്ടുകാരനെ നിന്ദിക്കുകയും ചെയ്തവവരെ ഇടത്തു ഭാഗത്തേക്കും ന്യായവിധിൽ വിശ്വസിച്ച് നീതി പ്രവർത്തിച്ചവരെ വലത്തുഭാഗത്തേക്കും മാറ്റും. ഇടത്തു ഭാഗത്തുള്ളവരെ എരിതീയും വലത്തുഭാഗത്തുള്ളവർ നിത്യജീവനും അവകാശിക്കും. ആദ്യത്തെക്കൂട്ടർ ഈ ലോകത്തിൽ മാത്രം പ്രത്യാശവെച്ച് ശാരീരിക സുഖങ്ങളിൽ ആനന്ദം കണ്ടെത്തിയവരാണ്. രണ്ടാമത്തെക്കൂട്ടരാകട്ടെ വരുവാനുള്ള ലോകത്തെ പ്രത്യാശിച്ച് ഈ ലോകത്തിലെ കഷ്ടതകളെ സ്വീകരിച്ചവരാണ്. അവർ സന്തോഷിക്കും മുൻപറഞ്ഞവരാകട്ടെ ദുഃഖിക്കും.

അതുകൊണ്ട് മരണത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നരകത്തെക്കുറിച്ചും എപ്പോഴും ഓർമ്മ വേണം. തിന്നുക, കുടിക്കുക, ആനന്ദിക്കുക എപ്പിക്കൂറിയൻ സെക്കുലർ ചിന്താഗതിയിൽനിന്ന് ദൈവസ്നേഹത്തിലേക്കു മാറിക്കൊള്ളണം. അഹങ്കരിച്ച മാലാഖമാർക്കു വന്നവീഴ്ചയും നോഹയുടെകാലത്തും ലോത്തിന്റെ കാലത്തുമുണ്ടായ നാശവും യജമാനനെ നേർവഴിക്കു നടക്കാൻ പ്രേരിപ്പിച്ച ബിലയാമിന്റെ കഴുതയും നമ്മോടു സംസാരിക്കുന്നതായി അപ്പോസ്തോലൻ നമ്മെ ഓർപ്പിക്കുന്നു. അനീതി പ്രവർത്തിക്കുന്ന ഏവന്നുമെതിരായി ദൈവകോപം ചരതിച്ചുവച്ചേക്കുന്നുവെന്ന് പൗലോസ് അപ്പോസ്തോലൻ നമ്മോട് സാക്ഷിക്കുന്നു (റോമ 1:18). നീ എത്ര മഹാനായാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും അവിടെ നിന്നുമിറക്കുമെന്നും (ഒബ 1:14). ചൂളപോലെ കത്തുന്ന ദിവസം വരും ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും ഭൂമി വെന്തുരുകും അതിലുള്ള സകലവും നശിച്ചുപോകും (മലാഖി 4:1, മത്താ 24:29) എന്ന് പ്രവാചക ശബ്ദവും നമ്മെ ഓർപ്പിക്കുന്നു.

3. ദൈവം മനുഷ്യന്റെ അനുതാപത്തിനായി കാത്തിരിക്കുന്നു

മാക്റോതേയിയ എന്ന ഗ്രീക്കു വാക്കാണ് ദീർഘക്ഷമ എന്ന് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ജീവൻ വരെ നഷ്ടപ്പെട്ടേക്കാവുന്ന നരകയാതനയിൽ ഒരു പട്ടാളക്കാരൻ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിനേക്കുറിക്കാനും നടുക്കടലിൽ കരയെ ലക്ഷ്യമാക്കി നീന്തുന്ന ഒരു മനുക്ഷ്യനെ കാണിക്കാനും അന്യായമായി കഷ്ടതയനുഭവിക്കുന്ന ഒരു മനുക്ഷ്യനെ കാണിക്കുവാനുമാണ് ഈ വാക്ക് സാധാരണയായി ഉപയോഗിക്കുന്നത്. ഇത്തരത്തിൽ വളരെ ആഴമേറിയ അർത്ഥമുള്ള വാക്കാണ് മലയാളത്തിൽ ദീർഘക്ഷമയെന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. അതിന്റെ അർത്ഥം ദൈവം മനുക്ഷ്യന്റെ അനുതാപത്തിന്നായി വളരെ യാതനാപൂർവ്വവും ക്ഷമയോടും കാത്തിരിക്കുന്നു എന്നാണ്. കാരണം മനുക്ഷ്യന്റെ രക്ഷ ദൈവത്തിന്റെ ആവശ്യമാണ്. അതിനുവേണ്ടി എത്രനാൾ കാത്തിരിക്കാനും താൻ തയ്യാറാണ്. അത് അവന്റെ കുറവോ കഴിവില്ലായ്മയോ അല്ല, മറിച്ച് ദൈവത്തിന് മനുക്ഷ്യനോടുള്ള സ്നേഹത്തിന്റ ആഴമാണ് ദൃശ്യമാകുന്നത്. മുമ്പ് ഓർപ്പിച്ചതുപോലെ മനുക്ഷ്യന്റെ വികാരവായ്പുകളും ദൈവത്തിന്റെ വികാര വായ്പുകളും തമ്മിൽ വലിയ അന്തരമാണ്. അതളക്കുവാൻ മനുക്ഷ്യ മനസ്സിന് അപ്രാപ്യമാണ് (പുറ 34:6-7). തന്റെ ഏകജാതനെ ദാനമായി നൽകുവാൻ കഴിവുള്ളവന് വളരെ നാളുകൾ കാത്തിരിക്കുവാനും സാധിക്കും. എന്നാൽ അതിനർത്ഥം ദൈവകോപമുണ്ടാകുകയില്ലയെന്നല്ല (നഹൂം 1:2-3). പൗലോസ് അപ്പോസ്തോലൻ ഓർപ്പിക്കുന്നു അവന്റെ ദീർഘക്ഷമ രക്ഷ എന്നു വിചാരിപ്പിൻ (റോമ 2:4-5). പാപം പെരുകിയിടത്ത് ദൈവകൃപയും വർദ്ധിച്ചു. അതിനർത്ഥം വീണ്ടും പാപം ചെയ്തുകൊണ്ടിരിക്കയെന്നോ. ഒരുനാളുമല്ല (റോമ 5:20-6:1). ആയതിനാൽ ദൈവത്തിന്റെ ദീർഘക്ഷമയെ രക്ഷയെന്നെണ്ണി കണ്ണുനീരിനും അനുതാപത്തിനുമായി നമ്മെത്തന്നേ വേർതിരിക്കാം.

ആത്മതപനത്തിനും മാനസാന്തരത്തിനും വിശുദ്ധീകരണത്തിനുമായി പ്രത്യേകമായി വേർതിരിച്ചിരിക്കുന്ന ഒരുകാലത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. ഈ നാളുകളിൽ ഉള്ളിലുള്ള തെറ്റായ ധാരണകളെ മാറ്റാം. ഒരുക്കത്തോടെ ജീവിക്കാം. കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവൻ കള്ളനേപ്പോലെ മേഘങ്ങളിൽ വരും. അവനവന്റെ കണക്കുകൾ ബോധിപ്പിക്കേണ്ട ന്യായവിധിയുടെ ദിവസം വരും. അന്ന് ബുദ്ധിയുള്ള കന്യകമാരേപ്പോലെ കത്തുന്ന ദീപയഷ്ടികളുമായി ഉണർന്നിരുന്ന് അവനെ എതിരേൽക്കാം. ■

BRIDE WANTED

Orthodox parents invite proposals for their Son 32, 158, MBA , employed from parents of professionally qualified girls.

Contact:

9446187632

BRIDE GROOM WANTED

Orthodox parents invite proposals for their Daughter 28/167, B.Arch/ employed, from parents of professionally qualified boys.

M4 ID : 4020726

Contact:

8943777581

BRIDE WANTED

Orthodox parents invite proposals for their Son 30/172, B.Tech, MBA (IIM), from parents of professionally qualified girls.

M4 ID : 3919109

Contact:

9447055887, 9447144546

BRIDEGROOM WANTED

Orthodox parents seeks alliance for their daughter 26 years M.Tech (Asst. Prof.) from parents of employed boys.

M4 ID : 3814077

Contact:

9447030559

BRIDE WANTED

Orthodox parents invite proposals for their Son 29/172, M.Tech, Pursuing Phd in Nanomedicine, from parents of professionally qualified girls.

M4 ID : 4101752

Contact: **9446415546**

BRIDE GROOM WANTED

Orthodox parents seeks alliance for their daughter 29 yrs., 170 cm, fair MSc Microbiology working in Kuwait Health Ministry invites proposals from qualified professionals (Preferably BE, MBA, Post graduates working in Kuwait).

M4 ID : 3280034

Contact: **9656555975, 8547272164**

B R I D E W A N T E D

Orthodox upper middle class parents invite proposals for their son, 25years, MBBS completed,166cm looking for suitable proposals MBBS doctors only.

Contact No.
09945602642

B R I D E G R O O M W A N T E D

Ahmedabad settled middle class Orthodox family, hailing from Kerala invite proposals for their daughter, 24 / 5'2", MBA (fin), Working with a Nationalised Bank, from Christian parents of qualified and well employed boys.

Contact No.
9426655550 / 9426733025

B R I D E W A N T E D

ദുബായിൽ MOH-ൽ B.Sc Nurse ആയി ജോലി ചെയ്യുന്നതും ഏപ്രിൽ മാസം ആദ്യം നാട്ടിൽ വരുന്നതുമായ ഓർത്തഡോക്സ് യുവാവ് 32 വയസ്സ്/167 cm, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ദുബായിൽ ഉള്ളവർക്കു മുൻഗണന.

Contact : **9424754202**
M4 ID : 3464179

B R I D E W A N T E D

ഓർത്തഡോക്സ് യുവാവ് 32 വയസ്സ്/ 5'8", കൃഷി, ബിസിനസ്, സാധാരണ കുടുംബം, രണ്ട് ആൺമക്കൾ, ആലോചനകൾ ക്ഷണിക്കുന്നു.

Contact :
0481-2572913
7558080843

B R I D E G R O O M W A N T E D

മലങ്കര ഓർത്തഡോക്സ് സഭയിലെ അദ്ധ്യാപകരായ മാതാപിതാക്കളുടെ 24 വയസ്സുള്ള MSc. BEd. കഴിഞ്ഞ പെൺകുട്ടിക്ക്, ഓർത്തഡോക്സ് സഭയിലെ നാട്ടിലോ വിദേശത്തോ ജോലിയുള്ള ആൺകുട്ടികളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ശെമ്മാശന്മാരേയും താല്പര്യമുണ്ട്.

Contact : **9496151086**

മലങ്കരസഭ മാസിക
മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണം
എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

കല്ലട വലിയപള്ളിയും
പരിശുദ്ധ മാർ അന്ത്രയോസ് ബാവയും

മാർ അന്ത്രയോസ് ബാവ (കല്ലട വല്ല്യപ്പൂപ്പൻ) 1678 ൽ സിറിയായിൽ നിന്നും സുവിശേഷ പ്രചരണാർത്ഥം മലങ്കരയിൽ എത്തി.1653 ലെ കൂനൻ കുരിശ് സത്യത്തിലൂടെ പാശ്ചാത്യ മേൽക്കോയ്മയെ വെല്ലുവിളിച്ച് അതിന്റെ പ്രത്യാഘാതങ്ങൾ അലയടിച്ച് കൊണ്ടിരുന്ന സമയം ആദ്യമായി കൊടുങ്ങല്ലൂരിൽ എത്തി അവിടെ നിന്നും യാത്രതിരിച്ച് മുളന്തുരുത്തിയിൽ എത്തി ദീർഘനാൾ മുളന്തുരുത്തിയിൽ മാർത്തോമ്മൻ പള്ളിയിൽ താമസിച്ചു. മുളന്തുരുത്തി പള്ളി ഭരണക്കാരിൽ നിന്നുണ്ടായ ചില കയ്പേറിയ അനുഭവങ്ങൾ മൂലം അവിടെ നിന്നും യാത്രതിരിച്ച് വെട്ടിയ്ക്കൽ ദയാറിൽ എത്തി. കുറേനാൾ അവിടെ കഴിച്ച് കൂട്ടിയതിന് ശേഷം കുറുപ്പം പടിയിൽ എത്തിയതായും അവിടെ നിന്നും പിറവം, മണർകാട്, ചെങ്ങന്നൂർ, കടമ്പനാട് വഴി കല്ലടയിൽ എത്തിച്ചേർന്നു എന്നും പുസ്തകങ്ങളിൽ കാണുന്നു. ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ കല്ലടയിൽ ഒരു വിഭാഗം ക്രിസ്ത്യാനികൾ പാർത്തിരുന്നു.

കല്ലടയിൽ നിന്നും വീണ്ടും യാത്ര തുടർന്ന് കുണ്ടറയിൽ എത്തി കുറേനാൾ അവിടെ താമസിച്ചതിനു ശേഷം തിരികെ കല്ലടയിൽ എത്തി. പരമഭക്തനും ഉദാരമതിയും, മനുഷ്യസ്നേഹിയുമായിരുന്ന ഈ പിതാവ് കൊല്ലവർഷം 867 (AD1692) കുംഭം **18** ന് ഇഹലോകവാസം വെടിഞ്ഞ് കുംഭം **19** ന് കല്ലടവലിയപള്ളിയിലെ മദ്ബഹായിൽ കബറടക്കി. അന്നു മുതൽ ഇന്നുവരെ മതസൗഹാർദത്തിന്റെ ഈറ്റില്ലമായി കാണുന്ന കല്ലട വിവിധ മതത്തിൽപെട്ടവർ ഏകോദര സഹോദരങ്ങളെപ്പോലെ പരസ്പര സ്നേഹത്തിലും ഐക്യത്തിലും കഴിയുന്നു.

ഇന്ന് ജാതിമതവർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ അനേകരുടെ ഒരു ആശ്രയ കേന്ദ്രമായി ഈ ദേവാലയം വർത്തിക്കുന്നു. **പരി. അന്ത്രയോസ് ബാവായുടെ** കബറിടത്താൽ ഈ ദേശം ഇന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ അറിയപ്പെടുന്നു. ഈ വിശുദ്ധിയുടെ പരിമളം ആസ്വദിയ്ക്കുന്നതിനും, അനുഭവിക്കുന്നതിനുമായി വിവിധ ദേശക്കാർ എത്തുന്നു. ജാതിമതവ്യവസ്ഥയുടെ അതിർ വരമ്പുകൾ ഇവിടെ ഇല്ലാതാവുന്നു. മലങ്കര സഭയുടെ തെക്കൻ മേഖലയിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായി കല്ലട വലിയപള്ളി അറിയപ്പെടുന്നു.

പരി. അന്ത്രയോസ് ബാവാ കബറടങ്ങിയിരിക്കുന്ന ഈ പള്ളിയും, അദ്ദേഹം പ്രാർത്ഥിച്ചിരുന്ന പള്ളിമേടയും, സൗഖ്യദാന കിണറും, പള്ളിക്കുളവുമെല്ലാം അവാച്യമായ അനുഭൂതി വിശ്വാസമനസ്സുകളിൽ ജനിപ്പിക്കുന്നു.

പരി. അന്ത്രയോസ് ബാവായുടെ 324-ാംഓർമ്മപ്പെരുന്നാൾ 2016 ഫെബ്രുവരി മാസം 21-ാം തീയതി മുതൽ മാർച്ച് 3-ാം തീയതി വരെയായി നടത്തപ്പെടുന്നു.



ഈ പുണ്യഭൂമിയിലേക്ക് ജാതി മതഭേദമെന്യേ ഏവരെയും ഹൃദയാംഗമായി സ്വാഗതം ചെയ്യുന്നു.

- ഫാ. ബാബു ജോർജ്ജ്,
ശൂരനാട്
വികാരി (9447086599)



വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

Breaking The Word

2016 മാർച്ച് 6
ക്ഫിഫ്ത്തോ ഞായർ
വി: ലൂക്കോ. 13:10 – 17

ആദിവാസി സമൂഹം ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ നടത്തിയ *നിൽപ്പു സമരം* ശ്രദ്ധേയമായിരുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ആട്ടിപ്പായിച്ച ഒരു വിഭാഗത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമായി അത് . സാമൂഹിക,സാമ്പത്തിക കാരണങ്ങൾ മാത്രമല്ല, *കുനിഞ്ഞ് പോകുന്ന ഒരു സമൂഹത്തിന്* കാരണമാകുന്നത്. ആത്മീയ ജീവിതത്തിന്റെ അപര്യാപ്തതയും അതിൽ പ്രധാനമാണ്. പാപം നട്ടെല്ലു വളച്ചുകളഞ്ഞ ഒരു സ്ത്രീയുടെ സൗഖ്യത്തിന്റെ *എഴുന്നേൽപ്പാണ്* ഇന്ന് വി.ലൂക്കോസ് സുവിശേഷഭാഗത്ത് സൂചിപ്പിക്കുക. *പാപത്തിന്റെ ഇരുൾ പരക്കുന്ന ഇക്കാലത്ത് പ്രകാശത്തിലേക്ക് ഉയർന്നേഴുന്നേൽക്കാനുള്ള വിമോചന ശബ്ദമാണിവിടെ* നാം കേൾക്കുക.

1. വീണവരെ ചവിട്ടുന്ന നിയമങ്ങൾ

സുനഗോഗ് പ്രമാണി ചോദ്യം ചെയ്യുന്നത് *ശാബതിൽ സൗഖ്യം നൽകുന്ന* നിയമവിരുദ്ധയെയാണ്. ശാബത് നിയമങ്ങളിൽ സൗഖ്യമാക്കുന്നതും ഒരു പ്രവൃത്തിയാണ്. 18 വർഷം അനുഭവിച്ച കഠിനമായ കൂനിയായ ഒരു സ്ത്രീയുടെ പ്രതിസന്ധികളെ കണ്ടില്ലെന്ന് നടിക്കുവാൻ പോന്ന നിയമപാലനശ്രദ്ധയ്ക്ക് തുല്ല്യമാണ് ചിലപ്പോൾ നമ്മുടെ നൈയമീക ബോധം. വീണ്പോകുന്ന പച്ചമനുഷ്യർക്കുമേൽ നിയമസംഹിതയുടെ മാർക്കച്ച പുതച്ച് നാട്ടുനടപ്പുകളുടെയും കാനോനുകളുടെയും പേരിലുള്ള അവഹേളനങ്ങൾ ഉചിതമാണോ? എന്ന് നാം ചിന്തിക്കേണ്ടതാണ്. *രോഗിയായ ഒരു സ്ത്രീ* എന്നത് തന്നെ പുരുഷാധിപത്യ ലോകത്ത് അവഗണിക്കപ്പെടുന്നതിന് മതിയായ കാരണമണല്ലോ! മതമെന്നത് കേവലം അച്ചടക്കത്തിനുള്ള ഉപാധിയാണെന്നുള്ള സിനഗോഗ് പ്രമാണിയുടെ പള്ളിച്ചട്ടം ഇവിടെ അപഹസിക്കപ്പെടുന്നു. കാരുണ്യത്തിന്റെ കരങ്ങളുള്ള സ്നേഹത്തിന്റെ പുതിയമതം മർദ്ദനത്തിനല്ല പ്രത്യുത കരുതുവാനുള്ളതാണ്.

വീണവർക്ക് വിമോചനത്തിന്റെ കരം നീട്ടുന്ന നിയമങ്ങളെ നമുക്ക് ആവശ്യമുള്ളൂ. രോഗികൾ, പാവപ്പെട്ടവർ, സ്ത്രീകൾ തുടങ്ങി സമൂഹത്തിന്റെ *അരികുവത്ക്കരിക്കപ്പെടുന്നവരെ* കരുതുന്ന ക്രൈസ്തവ മാതൃകയാണ് നമുക്ക് ആവശ്യം.

2. നിവർന്ന് നിൽക്കാനൊരു നസ്രായമാർഗ്ഗം

മനുഷ്യന്റെ അന്തസ്സ് കാക്കുന്നതിൽ അധിഷ്ഠിതമാണ് ദൈവീക കരുണയുടെ കാതൽ. മനുഷ്യന്റെ ആത്മാഭിമാനവും അന്തസ്സും ക്രിസ്തുവിനെ പൊലെ പരിഗണിച്ചവർ ഉണ്ടാവുകയില്ല. അത് യഥാർത്ഥ വിമോചനമായിരുന്നു. ആദാം ആദ്യം പാപത്താൽ കുനിഞ്ഞുപോയവനാണ്. രണ്ടാമാദാം എഴുന്നേറ്റ് നിൽപ്പാൻ വീണവർക്ക് വിമോചനകരം നീട്ടുന്ന മശിഹായാണ്. പാപത്താൽ കുനിഞ്ഞുപോകുന്ന തലമുറ ഒരു പ്രതീകമാണ്. പാപത്താൽ കുനിഞ്ഞ് പോകുന്ന ശ്രേഷ്ഠവ്യക്തിത്വങ്ങൾ വേദപുസ്തകത്തിൽ ധാരളമുണ്ട്. (1)ഉപമയിലെ ധൂർത്തപുത്രനും,(2) ദാവീദ് രാജാവും,(3)യൊരബായാമും, (4)പാപിനിയായ സ്ത്രീയുമൊക്കെ വീണുപോയ വ്യക്തിത്വങ്ങളാണ്. നിവർന്ന നട്ടെലുള്ള സമൂഹത്തിനായി നിലകൊള്ളേണ്ടതാണ് എന്നിലെ ക്രൈസ്തവീകതയെന്ന് സാരം.സ്നേഹത്താൽ സൗഖ്യത്തിന്റെ കരം നീട്ടുന്ന ക്രിസ്തുവിനെ നമ്മുടെ അന്തരാത്മാവിൽ സംവഹിക്കുന്നവരായി നമെന്നാണ് മാറുക?.

ഒരു ക്ഷീര കർഷകന്റെ പ്രവൃത്തനം ഈയ്യിടെ പത്രവാർത്തകളിൽ ഇടം പിടിച്ചു. അയാളുടെ കന്നുകാലികളിൽ ഒന്നിന് രോഗം ബാധിച്ചു. ക്രമേണ്ണ അത് കിടപ്പായി. അയാൾ മൃഗഡോക്ടറെ സമീപിച്ചപ്പോൾ അത് രക്ഷപ്പെടുകയില്ല എന്ന ഉത്തരമായിരുന്നു ലഭിച്ചത്. ആ മിണ്ട പ്രാണിയോട് വലിയ താൽപ്പര്യമുള്ള അയാൾ ആ പശുവിനെ എഴുന്നേൽപ്പിച്ച് താങ്ങി നിർത്തുന്ന രീതിയിൽ ഒരു സ്റ്റീൽ തണ്ട് രൂപപെടുത്തി. കിടപ്പിലായി പോയ ആ മിണ്ടാപ്രാണിയെ ഉയർത്തി നിർത്തിയപ്പോൾ അത് രണ്ടുദിവസം കൊണ്ട് തന്നെ സുഖം പ്രാപിച്ചു. വീണ്പോയവർക്ക് താങ്ങാവുന്നതാണ് ക്രിസ്തീയതയെന്ന് സാരം. ഇപ്രകാരം ജീവന്റെ താങ്ങ് നൽകുന്ന പ്രേക്ഷിതവഴിയാകട്ടെ ജീവിതം.

3. ഇരട്ടദാനങ്ങളായ സൽപ്രവൃത്തികൾ.

ആവശ്യകാർക്ക് എളുപ്പത്തിൽ നൽകുന്ന ഉപകാരങ്ങൾ ഇരട്ടദാനത്തിന് തുല്ല്യമെന്ന് ലത്തീൻ പഴമൊഴി (He Gives twice who gives quickly). ഇന്ന് അർഹമായത്, നാളെക്ക് നാമൊരിക്കലും നീട്ടിവെച്ചുകൂടാ. യേശു ആ സ്ത്രീയെ കണ്ടപ്പോൾ അടുക്കൽ വിളിച്ച് അവരോട് പറഞ്ഞു: *നിന്റെ രോഗത്തിൽ നിന്ന് നീ വിമുക്തമായിരിക്കുന്നുവെന്ന്* പറഞ്ഞു. പെട്ടെന്ന് മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്ന കർത്തൃമതൃക നമുക്കിടയിൽ അനുകരണിയമല്ലാത്തതായി തീർന്നിരിക്കാം.

യേശു ഏവർക്കും സമീപസ്ഥനായിരുന്നുവെന്നത് ഏറ്റവും പ്രധാനമാണ്. ഇന്ന് ക്രൈസ്തവീകതയും സഭാസ്ഥാനികളും സാധാരണക്കാർക്ക് അപ്രാപ്യമായ ഒന്നായി തീർന്നിരിക്കുന്നു. സഭാശുശ്രൂഷകർ സഭയിലെ തന്നെ സാധാരണക്കാർക്ക് അപ്രാപ്യരും അവരുടെ അടിസ്ഥാന ആവശ്യങ്ങളോട് ഇടപെടാത്തവരും ആകുക തികച്ചും വിപത്കരമെന്നെ പറയേണ്ടതുള്ളൂ. മതവും ദൈവവും ചിലപ്പോൾ ഇരുപക്ഷത്തായി പോകുന്നതിവിടെയാണ്. മശിഹാതമ്പുരാന്റെ മനുഷ്യവതാരപ്രവൃത്തികളും നമ്മുടെ സഭാജീവിതവും രണ്ട് വിഭിന്നകോണുകളിലാണോ എന്ന് പരിശോധിക്കപ്പെടണം. ചട്ടങ്ങളുടെയും വിലക്കുകളുടെയും ലോകത്ത് ക്രിസ്തു എന്നും രോഗത്താലും പാപത്താലും ദാരിദ്യത്താലും വീണവരുടെ പക്ഷത്താണ് . ദൈവത്തിന്റെ നല്ല ദാനങ്ങൾ നന്മക്കായി ഉപയോഗപ്പെടുത്തുന്നതാണ് ന്യായമാർഗ്ഗം.

2016 മാർച്ച് 13

സമിയോ ഞായർ

വി: യോഹ. 9 : 1- 41

യെരുശലേമിലെ കൂടാര പെരുന്നാൾ ദിവസം യേശുതമ്പുരാൻ പിറവി കുരുടനെ സൗഖ്യമാക്കുന്ന സംഭവവും, തുടർ വ്യവഹാരങ്ങളും വി.യോഹ 9:1-41 വരെയുള്ള ഭാഗങ്ങളിൽ പരാമർശിക്കുന്നു. സൗഖ്യദാതാവായ ക്രിസ്തുവിനെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഉച്ചാടനം ചെയ്യുവാൻ ലക്ഷ്യമിടുന്ന പ്രതിലോമശക്തികളുടെ നിലപാടുകളും, ക്രിസ്തുവിലേക്കെത്തുന്ന കാഴ്ച പ്രാപിച്ച യുവാവും നമ്മെ വിചാരമനനങ്ങളിലേക്ക് നയിക്കുന്നു.

യഥാർത്ഥ ന്യായവിധി എന്ത്? എന്നത് ഈ അധ്യായത്തിന്റെ ആന്തരിക സംവേദത്തിന്റെ ഭാഗമാണ്. ബഹുലയാഥാർത്ഥ്യങ്ങളുടെ (Multiple realities) മഹാവിപിനത്തിൽനിന്ന് ബോധദീപ്തിയുടെ ഭൂമികയിലേക്ക് നമ്മെ ഉപനയിച്ച് കൊണ്ട് "*കാണാത്തവർ കാണുവാനും, കാണുന്നവർ കുരുടരാകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്ന് ക്രിസതുമൊഴി നമ്മിലുണർത്തേണ്ട ദൈവീകബോധ്യങ്ങളെ പങ്കിടുകയാണിവിടെ.*

1. അതിയാഥാർത്ഥ്യവും അന്ധകാരവും.

ജന്മാന്ധതയുടെ ഇരുണ്ട ലോകത്തേയ്ക്ക് സമൂഹത്തെയാകർഷിച്ചാൽ പ്രതിരോധവും പ്രക്ഷോഭവും അവസാനിക്കുമെന്ന് തിന്മയുടെ വക്താക്കൾ തിരിച്ചറിയുന്നു. അതാണ് ഈ വേദഭാഗത്തിന്റെ വിശകലനങ്ങൾക്കുപയോഗിക്കാവുന്ന അതിയാഥാർത്ഥ്യം (Hyper reality) എന്ന ഉത്തരാധുനിക സിദ്ധാന്തത്തിന്റെ വിശകലനങ്ങൾ സൂചിപ്പിക്കുന്നത്. *സത്യവും മിഥ്യയും തിരിച്ചറിയാൻ കഴിയാത്ത ഒരു സാമൂഹ പരികൽപ്പനയാണ്* അതിയാഥാർത്ഥ്യം. (..No longer possible to distinguish the imagery from the real, the sign from it referent, the true from the false). അതിയാഥാർത്ഥ്യലോകസൃഷ്ടിക്ക് എന്നും ഇരുണ്ട സാംസ്ക്കാരിക നായകൻമാർ നേതൃത്വം നൽകി. അതിയാഥാർത്ഥ്യ സാംസ്ക്കാരിക പ്രവർത്തകരായി ഈ വേദഭാഗത്ത് *പരീശന്മാരെ* കാണാം. *ദൈവമഹത്വം പ്രഖ്യാപിച്ച് ദൈവീക പ്രവർത്തനത്തെ തടയുന്ന നിഗൂഢ പ്രവർത്തനമാണിത്.*

ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചമാകുന്നുവെന്ന കർത്താവിന്റെ വാക്കുകൾ കർമ്മവെളിച്ചമാകുന്നത് പിറവി കുരുടന്റെ സൗഖ്യത്തിലൂടെയാണ്. ജന്മനാ കുരുടനായി ജനിച്ചവൻ കാഴ്ച പ്രാപിച്ച് ദൈവീകപ്രകാശത്തിന്റെ വക്താവായി രൂപപ്പെടുന്നു. ഇപ്പോൾ അവന്റെ മിഴികളിൽ ജ്വലിക്കുന്ന ദൈവികപ്രകാശം യഹൂദരായ മതാന്ധരുടെ കണ്ണുകളിൽ നഷ്ടപ്പെട്ടുപോയ ഒന്നാണ്. തന്മൂലം തങ്ങളുടെ യാഥാസ്ഥിതിക ലോകത്ത് നിന്ന് അന്യനായ അവനെ അവർ ബഹിഷ്ക്കരിക്കുന്നു.

"*ദൈവത്തെ മഹത്വപ്പെടുത്തുക*"(9:24) എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് ഈ പ്രതിലോമശക്തികൾ *യേശുവിനെ ഉപേക്ഷിക്കുവാൻ* സൗഖ്യലബ്ധിക്കർഹനായ മനുഷ്യനോട് പറയുന്നത്. *ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ദൈവഭൂഷണം നിർവ്വഹിക്കുന്നുവെന്നതാണ് അതിയാഥാർത്ഥ്യസ്വഭാവത്തിന്റെ പ്രത്യേകത.* ക്രിസ്തുവിനെ മറയായി ഉപയോഗിച്ച് ക്രിസ്തീയതയുടെ മറവിൽ ക്രിസ്തുമൂല്യങ്ങളെ നിരാകരിക്കുകയും അനാദരിക്കുകയും ചെയ്യുന്ന ഇക്കാലത്തെ ക്രൈസ്തവീകതയെ അതിക്രൈസ്തവീകത (Hyper Christianity) എന്ന് പേരിട്ട് വിളിക്കാവുന്നതാണ്. പുത്തൻ കൊളോണിയൽ ഉൽപ്പന്നങ്ങൾ എന്ന് വിളിക്കാവുന്ന വ്യക്തിഗതസഭകളും ചിലപ്പോൾ പുരാതനസഭകളും അതിയാഥാർത്ഥ്യത്തിന്റെ തിരമാലകളിൽ ഉൾപ്പെട്ടുപോകുന്നു.

"*മനുഷ്യരെ പരസ്പരം ഭയക്കുവാൻ പഠിപ്പിക്കുന്നവരിൽ നിന്ന്/മുളയ്ക്കുകയില്ല വിമോചനത്തിന്റെ ഒരു പുൽനാമ്പുപോലും*" എന്ന കവി ഉമേഷ് ബാബുവിന്റെ വാക്കുകൾ നാമോർക്കുക തന്നെ വേണം. എന്നാൽ "സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷകർ നീതിയുടെ ശുശ്രൂഷകരുടെ വേഷം ധരിച്ചാൽ അതിശയമില്ല"(1 കൊരി.11:4) ഇന്ന് തിന്മയുടെ ശക്തികൾ നന്മയുടെ പരിവേഷം പൂണ്ട് സാംസ്ക്കാരികതയെ നശിപ്പിക്കുമ്പോൾ നാം ജാഗരൂകരാവുക.

2. ആത്മീയപ്രതിസംസ്ക്കാരം

വേദപുസ്തകഭാഷ്യങ്ങളിൽ അന്ധകാരത്തിന് *ഹോറെക്* എന്ന എബ്രായപദവും *സ്കോട്ടൊസ്* എന്ന് യവനപദവും ഉപയോഗിക്കുന്നതായി കാണാം. ദൈവശാസ്ത്ര അർത്ഥതലങ്ങളിൽ അന്ധത മനുഷ്യനെ ചൂഴ്ന്ന് നിൽക്കുന്ന പ്രതിഭാസവും ആശങ്കയുടെയും മരണത്തിന്റെയും പ്രതീകവുമാണ്. അന്ധകാരവും അന്ധതയും അന്ത്യനാളിലെ പ്രകാശപ്രത്യക്ഷതയിൽ ഇല്ലാതെയാകുമെന്ന് 1കൊരി. 4:5 ൽ വി.പൗലോസ് സൂചിപ്പിക്കുന്നു.

അന്ധതയും കാഴ്ചയും എന്നിങ്ങനെയുള്ള പരസ്പര വൈവിദ്ധ്യങ്ങൾ പൈതഗോറസിന്റെ തത്വശാസ്ത്ര പ്രയോഗരീതിയാണ്. *സൃഷ്ടികഥയിലെ അന്ധകാരം അവ്യക്തതയുടെയും ക്രമരാഹിത്യത്തിന്റെയും സൃഷ്ട്യോന്മുഖരാഹിത്യത്തിന്റെയും പ്രതീകമാണ് എന്ന് നിനുവയിലെ ഇസഹാക്ക് എഴുതിയിട്ടുണ്ട്.* ഇവിടെ പിറവി കുരുടൻ ദൈവമഹത്വത്തിന്റെ നാൾവഴി അടയാളപ്പെടുത്തുന്നു. ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടേണ്ടതിനത്രേ....(യോഹ.9:3) എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ അന്ധകാരബന്ധമായ

ഒരു ലോകത്ത് നിന്ന്, അഥവാ അനാദിയിലെ ശൂന്യതയിൽ നിന്ന് ദൈവം എപ്രകാരം തന്റെ സൃഷ്ടിയിൽ ലോകത്തെ അലങ്കരിച്ചുവെന്ന സത്യത്തെ പ്രകാശിപ്പിക്കുന്നു. സൃഷ്ടിയിലെ കുറവുകളെ നീക്കുവാൻ സ്രഷ്ടാവിനെ സാധിക്കുകയുള്ളു. പ്രവൃത്തിപനഥാവിലൂടെ ക്രമരാഹിത്യത്തിലേക്കോ, നിരാശയിലേക്കോ മനുഷ്യൻ വീണുപോകുമ്പോൾ; ശൂന്യതയിലേക്ക് തന്നെയാണ് മനുഷ്യൻ നിപതിക്കുന്നത്.

2. ഞങ്ങളും അന്ധരാണോ?

മൂന്നാം ലോകരാജ്യങ്ങളുടെ മാധ്യമ കേന്ദ്രീകൃത വ്യവസ്ഥിതിയിൽ, ആത്മീയാന്ധത തന്നെയാണ് വ്യാപരിക്കുന്നത്. ആത്മീയ അന്ധതയ്ക്കെതിരായ പ്രതിസംസ്ക്കാരം എങ്ങിനെ രൂപപ്പെടുത്താം എന്ന് യേശുവിന്റെ ഇടപെടൽ സൂചിപ്പിക്കുന്നു. ഏത് മനുഷ്യനെയും പ്രകാശിപ്പിക്കുന്ന കർമ്മവെളിച്ചമായിരുന്നു അദ്ദേഹത്തിന്റേത്. ഈ പ്രകാശത്തിൻ മുമ്പിൽ നിന്ന് പരീശന്മാർ സ്വയം ചോദിച്ച് പോകുന്നു.... *ഞങ്ങളും അന്ധരാണോ?*

അന്ധനായ ഒരു ഭിക്ഷക്കാരനുണ്ടാകുന്ന സൗഖ്യം പോലും അസ്വസ്ഥതകളുണ്ടാക്കുന്നതിൽ കവിഞ്ഞ മതാന്ധതയില്ല. ബേത്ശേബായെ സ്വന്തമാക്കുവാനുള്ള തന്ത്രങ്ങളുടെ പണിപ്പുരയിൽ ദാവീദ് അന്ധനാകുന്നത് ചരിത്ര സാക്ഷ്യം. എന്നാൽ എല്ലാം നഷ്ടപ്പെട്ട ഇയ്യോബ് പറയുന്നു, "*ഞാൻ പരവശനായിരിക്കുന്നത് അന്ധകാരം നിമിത്തമല്ല; കൂരിരുട്ട് എന്റെ മുഖത്തെ മൂടുന്നുമില്ല*" (ഇയ്യോബ് 23:17). കർമ്മവെളിച്ചത്തിലൂടെ മറ്റുള്ളവരെ വിശുദ്ധവഴികളിലേയ്ക്ക് നയിക്കുവാൻ കഴിയണം. ക്രിസ്തീയത അധര വ്യായാമത്തിനുള്ള തത്വശാസ്ത്രമല്ല; ജീവിതവഴികളാണ് പ്രകാശിപ്പിക്കുന്നത്. ആത്മീയാന്ധതയോട് സമരസപ്പെടുകയല്ല; അന്ധകാര സൈന്യങ്ങളോട് പോരാടുകയാണ് ക്രൈസ്തവദൗത്യം. അത് ക്രിസ്തുമൂല്യങ്ങളിൽ വേരുറപ്പിച്ച ജീവിതം വഴിയാകണം.

3. ഉൾക്കാഴ്ച്ചയിലേക്കൊരു ശീലോഹാം സ്നാനം.

അന്തഃപ്രകാശമുള്ള അപൂർവ്വം വ്യക്തികളാണ് ചരിത്രത്തെ പുനരാവിഷ്ക്കരിച്ചത്. അവൻ ജ്വലിച്ച് പ്രകാശിക്കുന്ന വിളക്കായിരുന്നു എന്ന് യേശു സാക്ഷ്യപ്പെടുത്തിയ യോഹന്നാൻ സ്നാപകൻ (യോഹ 5:35)ങ്ങൾക്കൊടുവിൽ അവൻ കൃത്യമായ് പറയുന്നു "അവൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ. ഇത് ക്രിസ്തുവിൽ സ്നാനം ചെയ്ത് നിവരുന്ന ഒരുവന്റെ വളർച്ചയുടെ പ്രതീകമാണ് " ക്രിസ്തുവിൽ സ്നാനം ചെയ്ത് അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവൻ വ്യവഹാരത്തിലും, വിസ്താരത്തിലും തകർന്ന് പോവുന്നില്ല. *യഥാർത്ഥ ശീലോഹാം/ അയയ്ക്കപ്പെട്ടവൻ ക്രിസ്തു തന്നെയാണ്.* പ്രകാശസാഗരത്തിൽ സ്നാനം ചെയ്യുക. പ്രകാശമായി തീരുക ഇതാണ് വിമോചനത്തിന്റെ പാത. അതുകൊണ്ടാണ് സൂര്യൻ തന്റെ കതിരുകൾ ചായ്ച്ച് വണങ്ങുന്ന, നക്ഷത്രങ്ങൾ പ്രണാമമർപ്പിക്കുന്ന പുത്രൻ തമ്പുരാനോട് 'പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രരാകുവാൻ വേണ്ടി ഈ നിന്റെ ആരാധകരുടെ ഹൃദയത്തിൽ പ്രകാശം ഉദിപ്പിക്കണമേ' എന്ന് മാമോദീസാ ശുശ്രൂഷയിൽ നാം മൗനമായ് പ്രാർത്ഥിക്കുന്നത്.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

2016 മാർച്ച് 20

ഓശാന ഞായർ

വി: യോഹ. 12:12 – 19

പെരുന്നാളുകളുടെ ആത്മീയതയെ സൂചിപ്പിക്കുവാൻ ചിലപ്പോൾ ആലങ്കാരിക വ്യാഖ്യാന ശൈലി സ്വീകരിക്കുക പതിവുണ്ടല്ലോ. ഓശാന നാളുകളിലെ ഈ സംഭവത്തിന്റെ ആലങ്കാരിക വ്യാഖ്യാനം കുറിക്കുന്നത് അർത്ഥവത്താണ്. യേശു ഒലീവ് മലയിൽ നിന്നും ശെമവൂനെയും യോഹന്നാനെയും ബെത്ഫാഗ എന്ന ഗ്രാമത്തിലേക്ക് അയ്ക്കുകയാണ്. അവർ കെട്ടപ്പെട്ടിരുന്ന കഴുതയെ അഴിച്ചുകൊണ്ട് വരുന്നു. ഇവിടെ ഒലീവ് മല സ്വർഗ്ഗത്തോടും ബേത്ഫാഗ ഭൂമിയോടും സദൃശ്യമാകുന്നു. രണ്ട് ശ്ലീഹന്മാർ പ്രവചന കാലത്തെയും അപ്പോസ്തോലിക കാലത്തെയും കാണിക്കുന്നു. പെൺകഴുതപ്പുറത്തും, കഴുതക്കുട്ടിയുടെ മേലും എന്നതിൽ പെൺകഴുത ഇസ്രായേലിനെയും കഴുതക്കുട്ടി പുറജാതികളെയും സൂചിപ്പിക്കുന്നുണ്ട്. കഴുതപ്പുറത്ത് ശ്ലീഹന്മാർ തങ്ങളുടെ വസ്ത്രം വിരിക്കുന്നതിനാൽ *പ്രവചനവും അപ്പോസ്തോലിക്തവും കർത്താവിനുവേണ്ടിയും കർത്താവിൽ നിന്നുമാണ്* എന്ന് അർത്ഥമാക്കുന്നു. കെട്ടപ്പെട്ടിരുന്ന കഴുതക്കുട്ടിയെന്നത് സാത്താന്റെ പാശങ്ങളാൽ കെട്ടപ്പെട്ടിരിക്കുന്ന ലോകത്തെയാണ് ഓർമ്മിപ്പിക്കുക. പ്രവചനം ലോകത്തിന്റെ കെട്ടുകളഴിച്ചുവെങ്കിലും അപ്പോസ്തോലിക്തമാണ് ലോകത്തെ സ്വാതന്ത്യപ്പെടുത്തുന്നത്. ഒലീവ് കൊമ്പുകൾ ദൈവത്തിന്റെ കരുണയുടെ നിത്യഹരിതഭാവത്തെ കാണിക്കുന്നു. ഒലീവ് കമ്പുകൾ നിത്യഹരിതമാണല്ലോ..

കാലിത്തൊഴുത്തിലാരംഭിച്ച മനുഷ്യവാതാര ശുശ്രൂഷ കഴുതയിലവസാനിപ്പിക്കുകയായി. "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക...ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു".(സഖ9.9)എന്ന പ്രവചന നിവൃത്തിയായിരുന്നു ഇത്. സ്വർഗ്ഗീയ സൈന്യങ്ങളുടെ നാഥൻ മാംസമയമായ കഴുതക്കുട്ടിയാകുന്ന രഥത്തിന്മേൽ കയറി സീയോനിലേക്ക് എഴുന്നെള്ളിയത്, തന്റെ പുനരുത്ഥാനത്തിനു ശേഷവും സ്വഭാവിക ശരീരത്തിന്മേൽ കയറി സ്വർഗ്ഗീയ യെരുശലേമിലേക്ക് താൻ പ്രവേശിച്ചതിന് മുൻകുറിയായിരുന്നു ഇത്. ദിവ്യനാഥന്റെ വരവ് ഒരർത്ഥത്തിൽ തന്റെ മുന്തിരിത്തോപ്പിലേക്ക് ഭൃത്യരെ കാണുവാനെത്തുന്ന വിനീതനായ രാജാവിന്റെ വരവാണ്. എന്നാൽ രാജാവ് എവിടേക്ക് വരുന്നുവോ, ആ സീയോന്റെ പ്രതികരണങ്ങൾ ഇവിടെ ചിന്തോദ്ദീപകമാകേണ്ടിയിരിക്കുന്നു.

1. ഈശ്വരനും ഇടമില്ലായ്മയും.

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായി സീയോനെ വീക്ഷിച്ചത് മക്കൊൻസിയാണ്. സീയോൻ യരുശലേമിലെ ഒരു കുന്ന് ആണ്. സമുദ്ര നിരപ്പിൽ നിന്ന് 1500 മീ .ഉയരത്തിൽ ആണ് ഇത് സ്ഥിതി ചെയ്യുന്നത്. സീയോനിൽ യഹോവ തന്റെ രാജാവിനെ പ്രതിഷ്ഠിച്ചതിനാൽ അത് വിശുദ്ധമാകുന്നു. (സങ്കീ 2:6). കാലാവസ്ഥ

കൊണ്ടോ, ഫലഭൂയിഷ്ഠതകൊണ്ടോ, ധാതുസമ്പത്തു കൊണ്ടോ വാണിജ്യപ്രാധാന്യംകൊണ്ടോ ഒന്നും പ്രാഥമ്യത അവകാശപ്പെടാനില്ലാത്ത ഒരിടമായ യബൂസ്യനഗരം ദാവീദിന്റെ പട്ടണം ആക്കി ദൈവം തീർത്തപ്പോൾ അത് ദൈവത്തിന്റെയും ദാവീദിന്റെയും പട്ടണമെന്ന പ്രശസ്തി നേടി. മൺചിരാതുകളിൽ വിശുദ്ധതൈലം പകരുന്നതിന് തുല്ല്യമായ ദൈവകൃപയാണ് ഈ പട്ടണത്തിന്റെ തിരഞ്ഞെടുപ്പ്. കല്ലുകൾ പോലും സ്തുതിയാർക്കുവാൻ വെമ്പി നിന്ന ഓശാന ദിനം സീയോന് തന്റെ രാജാവിനെ നിരാകരിക്കുന്ന ദിനമായി മാറി.

ദൈവമഹത്വത്തിന് മുഖാന്തിരമാകേണ്ടതാണ് വ്യക്തികളും പട്ടണവും. ദൈവത്തെ നിരാകരിക്കുന്ന നിലപാടുതറകൾ ഇളകുവാനുള്ളതാണ്. നഗരത്തിന്റെ വിളമ്പിനപ്പുറം കഷ്ടത സഹിച്ച നാഥനാണ് നമുക്കുള്ളത്. സിയോന്റെ വെളിമ്പ്രദേശത്ത് നമ്മുടെ കർത്താവ് *അരികുവത്ക്കരിക്കപ്പെട്ടത്* എബ്രായ ലേഖനത്തിൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു. 'ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനപ്പുറം അവന്റെ അടുക്കൽചെല്ലുക' (13.13).

2. നിത്യനഗരത്തിന്റെ നിഷേധിക്കപ്പെട്ട രാജാവ്

യേശുവിന്റെ രാജത്വം മൂന്ന് സന്ദർഭങ്ങളിലായി സുവിശേഷങ്ങൾ പ്രഖ്യാപിക്കുന്നു. അവൻ സീയോന്റെ അധിപതിയായി എഴുന്നേറ്റവനാണ്. എന്നാൽ നിത്യനഗരമായ സീയോന്റെ നിഷേധിക്കപ്പെട്ട രാജാവാണ് അവൻ.

1)*ജനനത്തിങ്കൽ:* വിദ്വാന്മാരുടെ സന്ദർശനം നാമോർമ്മിക്കുമ്പോൾ അവിടെ സ്വർണ്ണം കാഴ്ച്ചയായർപ്പിക്കപ്പെട്ടിരുന്നു. സാധാരണയായി സ്വർണ്ണം കാഴ്ച്ചയയി അർപ്പിക്കുന്നത് രാജാവിനാണ്.

2) *പരസ്യജീവിതത്തിൽ:* പീലാത്തോസ് 'നീ രാജാവാണോ' എന്ന് ചോദിക്കുമ്പോൾ അത് നിഷേധിക്കാതെ *എന്റെ രാജ്യം ഐഹീകമല്ലെന്ന്* ഓർമ്മപ്പെടുത്തുകയായിരുന്നു. മനുഷ്യഹൃദയങ്ങൾക്ക് രാജാവായിരുന്നു അവൻ.

3).*മരണസമയത്ത് :* ക്രൂശിലെ സംവാദങ്ങളിൽ ഒരു കള്ളൻ 'നീ രാജ്യം പ്രാപിക്കുമ്പോൾ എന്നെയും ഓർക്കണമെ' (ലൂക്കോ 23.42) എന്ന് പറയുന്നു. ഇതും അവന്റെ രാജത്വത്തിന്റെ പ്രതീകമാണ്. അവൻ രാജാവാകുന്നത് ഖലീൽ ജിബ്രാന്റെ ഭാഷയിൽ *'ആകാശഹൃദയവും സാഗരഹസ്തവുമുള്ള ആ മനുഷ്യൻ, മൃത്യുവിന്റെ വിളറിയ ചുണ്ടുകൾ ചുംബിച്ചിട്ടും ജീവിതത്തിന്റെ അധരത്തിൽ ഇപ്പോഴും തുടിക്കുന്നതിനാൽ' ആണ്.*

യേശു ജനിച്ചതും ജീവിച്ചതും മരിച്ചതും രാജാവായിട്ടാണ്. ഐഹീകമല്ലാത്താ തന്റെ രാജ്യം മനുഷ്യഹൃദയങ്ങളിൽ സ്ഥാപിതമായി. അത് യുദ്ധങ്ങളിലോ,പടക്കൂട്ടങ്ങളിലോ തകർന്നുപോകാത്തതാണ്.എന്നാൽ ഭൗമീകരായ നാടുനീങ്ങേണ്ട നാടുവാഴികൾ അവനെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു.

3. രാജാവിന്റെ കാണതെപോയ നന്മകൾ:

ജനക്കൂട്ടം എതിരേറ്റ യേശുവിനെ കുറിച്ച് വ്യതിരക്തങ്ങളായ പ്രതികരണങ്ങൾ വിവിധ വിഭാഗത്തിലുള്ള ആളുകൾക്ക് ഉണ്ടായി. 1)പരീശന്മാർ *നമുക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല* എന്ന് അസ്വസ്ഥരായി. 2) റോമാക്കർ *ഒരു ജനപിന്തുണയുള്ള നേതാവ് ഉദയം ചെയ്തുവെന്ന്* മനസ്സിലാക്കി.3) ഹേരോദോസ് വിഭാഗം *തങ്ങളുടെ അധികാരം കടലെടുത്ത് പോകുന്നുവെന്ന്* തിരിച്ചറിഞ്ഞു. 4) സാധാരണക്കാർ *തങ്ങൾക്ക് ഒരു വിമോചകൻ ഉദയം ചെയ്തുവെന്ന്* മനസ്സിലാക്കി. ഈ പ്രതികരണങ്ങൾ ഏറെയും ക്രൂശീകരണത്തിലേക്കാണ് നയിച്ചത്. എന്നാൽ നന്മയുള്ള നാഥനിൽ കാണതെ പോയതെന്തൊക്കെയാവും?

1) ഭാരം വഹിക്കുന്ന കഴുത പുറത്തേറി വരുന്നവൻ മറ്റുള്ളവരുടെ ഭാരം വഹിക്കുന്നവനാണ്.

2) സൗമ്യതയും ശാന്തതയുമുള്ള മൃഗമായ കഴുതപുറത്തേറി വന്നവൻ ആരെയും ഉപദ്രവിക്കുന്നവനല്ല

3)സമാധാനപ്രഭുവായി യേശു കഴുതപ്പുറത്തേറി വരുന്നത് റോമ്മാക്കാരെ ഓടിക്കാനോ ഒരു രാഷ്ട്രീയ അധികാരസ്ഥാപനത്തിനോ ആയിരുന്നില്ല. കൊട്ടാരവും പരിചാരകരുമില്ലാത്ത,സുരക്ഷിതത്വവും പുകഴ്ച്ചകളുമില്ലാത്ത രാജാവായിരുന്നു യേശു. എന്നാൽ വെളി19.6 ൽ സൂചിപ്പിക്കുന്നതുപൊലെ *'അവന് എഴുതപ്പെട്ട ഒരു നാമമുണ്ട്.* നെപ്പോളിയൻ പറഞ്ഞത് ഇവിടെ ഓർക്കാവുന്നതാണ്. *"രാജാക്കളുടെ രാജാവും കർത്താക്കന്മാരുടെ കർത്താവും'* (വെളി 19.6) ആയിരുന്നു. *അലക്സാണ്ടറും സീസറും ഞാനും ശക്തികൊണ്ട് സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തു. എന്നാലതെല്ലാം തകർന്ന് തരിപ്പണമായി. യേശു സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഹൃദയങ്ങളിൽ സമ്രാജ്യം പണിതു. ഇന്നും അദ്ദേഹത്തിനുവേണ്ടി അനേകർ സന്തോഷത്തോടെ മരിക്കുന്നു"*

2016 മാർച്ച് 27

ക്യംതാ പെരുന്നാൾ

വി: മത്തായി 28:1–20

ഉത്ഥിതന്റെ ഉണർത്തുപാട്ടിന് നാമിന്ന് ഹൃദയം തുറക്കുകയാണ്. ലോകത്തിന്റെ നാലു കോണുകളിലേക്കും രക്ഷയെ പ്രവഹിപ്പിച്ച സ്ളീബായെ ആഘോഷിക്കുകയും തലമുറകളിൽ നിന്നെല്ലാം രക്ഷയുടെ അടയാളത്തെ നാം മഹത്വീകരിക്കുകയും ചെയ്യുന്നു. ഉത്ഥിതനായ കർത്താവിന്റെ ഉണർത്തുപാട്ടിൽ നാം നെഞ്ചോട് ചേർക്കേണ്ട ചില ദൗത്യങ്ങൾ ഇവിടെ കുറിക്കട്ടെ.

1. ശാബത്തിന്റെ മരണവും ഉത്ഥാനദിനത്തിന്റെ ഉദയവും

പഴയനിയമങ്ങൾ കീഴ്മേൽ മറിഞ്ഞ ദിവസമാണ് ഉയർപ്പുനാൾ. യേശു പുലരിക്കു മുമ്പേ ഉത്ഥാനം ചെയ്തു. യഹൂദർക്ക് ആഴ്ച്ചയുടെ ആരംഭം ശാബത്ത് ദിനമായ ശനിയാഴ്ച്ചയായിരുന്നല്ലോ. ക്രൈസ്തവർ ഉത്ഥാനദിനമായ ഞായർ ആദ്യദിവസമാക്കി. ശനിയാഴ്ച്ച അവസാനദിനമായി എന്ന് സാരം. ആ ശാബത് ദിനത്തിന്റെ തലേദിവസവും പിറ്റേദിവസവും യേശു തമ്പുരാന്റെ ശരീരത്തിൽ ജീവനുണ്ടായിരുന്നു. ശാബത് ദിനത്തിൽ യേശുവിന് ഒന്നും അനുഷ്ഠിക്കേണ്ടി വന്നില്ല. യേശുവിന്റെ മരണത്താൽ തന്റെ ശരീരമായ സഭയും മരിച്ച ശാബത് നിയമങ്ങൾക്ക് മരിച്ചവരായി



മാറിയിരിക്കുകയാണ്. ആയതിനാൽ ആഴ്ച്ചയുടെ ആദ്യദിനം മഗ്ദലമറിയം കർത്താവിന്റെ കബറിങ്കൽ എത്തിയതും(യോഹ 20.1) അവർ ആഴ്ച്ചയുടെ ആദ്യദിനം അപ്പം മുറിക്കാൻ ഒരുമിച്ചു കൂടിയതും (അപ്പോ.പ്രവൃ 20.7) ഓരോരുത്തരും കഴിവുള്ള തുക ആഴ്ച്ചയിലെ ആദ്യ ദിവസം നീക്കി വെക്കണമെന്ന ഓർമ്മപ്പെടുത്തലും(1കൊരി 16.2) ഈ പുതിയ രക്ഷാകാലത്തിന്റെ ഭാഗമാണ്.

2. പരാജിതരെ വിജയികളാക്കുന്ന ഉയർപ്പ്

മറിയം ആദ്യം കല്ലറയിലേക്ക് പോയത്വി.യോഹ 20.1 ൽ നാം വായിക്കുന്നു. എന്നാൽ യേശു ഉത്ഥാനം ചെയ്തിരുന്നു. *'യൂദാസ് കെട്ടിഞാന്ന് മരിച്ചതിനാൽ(വി.മത്ത 27.6) ഇപ്പോഴും ഉയർക്കാത്തവന്റെ പേരിൽ ഇവനെന്തിന് ജീവൻവെച്ചുവെന്ന് ചിലർ പ്രചരിപ്പിച്ച ആശയങ്ങളെ നീക്കുവാനായി അവിടുന്ന് ഉത്ഥാനം ചെയ്തുവെന്ന്'* വി.അപ്രേം *എഴുതിയിട്ടുണ്ട്.* കൂടാതെ ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ചുവെന്നും അവർ പറഞ്ഞിരുന്നു. യേശുവിനെ പിൻപറ്റിയവരുടെ നേതാവായ ശെമഓൻ കീപ്പാ ആണയിടുകയും നിഷേധിക്കുകയും ചെയ്തെങ്കിൽ അവനെ പിൻപറ്റിയവരും ഇപ്രകാരം ചെയ്യുവാൻ സാധ്യതയുണ്ടായിരുന്നു(വി.മത്ത 26.72). യേശു ശിഷ്യന്മാരുടെ ബലഹീനമായ ആത്മാവിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. അവിടുത്തെ ഉയർപ്പിനെ അവഗണിച്ച അവിശ്വാസമാകുന്ന പരാജയത്തെ തകർക്കുവാൻ ഉതകുന്നത് ഉയർപ്പുമൂലമാണ്. ആയതിനാൽ പരാജിതരായി പോകേണ്ടിയവർ യേശുവിന്റെ ഉയർപ്പിനാൽ വിജയികളായി. ക്രൂശീകരണത്തിലും പീഢകളിലും പരാജയത്തിന്റെ മുദ്രയുണ്ട്. ഉയർപ്പ് വിജയത്തിന്റെ മുദ്രയാകുന്നതവിടെയാണ്. ക്രൂശിങ്കൽ ഇടറിയവരെ ചേർത്ത്പിടിക്കാൻ ഉത്ഥാനത്തിന്റെ പ്രഭുവായ നമ്മുടെ കർത്താവിന് സാധിച്ചു.

3. ഉത്ഥാനത്തിലുരിഞ്ഞ് പോകാതിരുന്നത്...

ഉത്ഥിതന്റെ മർമ്മം വഹിച്ചതായിരുന്നു ഉരിഞ്ഞുവെച്ച ആ തിരുവസ്ത്രങ്ങൾ..ആദം പാപം ചെയ്യുന്നതിന് മുമ്പുള്ള അവസ്ഥയ്ക്ക് സദൃശമായി പറുദീസായിൽ പ്രവേശിക്കുന്നതിനാണ് യേശു തന്റെ വസ്ത്രങ്ങൾ കല്ലറയിലുപേക്ഷിച്ചത്(വി.അപ്രേം). ഇത് സൂചിപ്പിക്കുന്നത് മരിച്ചവരുടെ ഉത്ഥാനത്തിന്റെ മർമ്മമാണ് എന്ന് അദ്ദേഹം കൂട്ടിചേർക്കുന്നു. വസ്ത്രങ്ങൾ കൂടാതെ *കർത്താവ് മഹത്വത്തിലേക്ക് ഉത്ഥാനം ചെയ്തത് പോലെ നമ്മുടെ വസ്ത്രത്തോട് കൂടിയല്ല നമ്മുടെ പ്രവൃത്തികളോട് കൂടിയാണ് നാമും ഉയർക്കുക* എന്ന സന്ദേശം വളരെ പ്രസക്തമാണ്. *ഉയർപ്പിലുരിഞ്ഞ് പോകാത്ത പ്രവൃത്തികളുടെ അനുരണനങ്ങൾ* വേദസന്ദേശങ്ങളിലൂടെ കർത്താവ് മുമ്പും ഓർമ്മിപ്പിച്ചിട്ടുണ്ട്.

4. നവജീവന്റെ അച്ചാരമായ ഉയർപ്പ്

ആദാം പാപം നിമിത്തമാണ് മരിച്ചത്. *ഇതിൽ നിന്ന് തിന്നുന്ന നാളിൽ നീ മരിക്കുമെന്ന് ആദത്തോട് പറയപ്പെട്ടിരുന്നു.* അത് ഭക്ഷിച്ച ദിവസം അവൻ മരിച്ചില്ല. പിന്നെയോ തന്റെ മഹത്വം ഉരിഞ്ഞുപോകുകയും പറുദീസായിൽ നിന്ന് തള്ളപ്പെടുകയും ചെയ്തു. മരണഭീതിയാൽ അനുദിനം അലട്ടപ്പെടുന്നതിനാൽ ആദാമിന് മരണത്തിന്റെ അച്ചാരം ലഭിച്ചു. മര

15-ാം ചരമ വാർഷികം

K.I. VARGHESE

Kunnatharayil House

Moolavattom P.O., Kottayam

Death 18-02-1999

ഭാര്യ - പൊന്നമ്മ

മക്കൾ - ബിബിൻ, ബോണി

3-ാം ചരമ വാർഷികം

24-01-2016

കോര സ്ക്കറിയ

തയ്യിൽ

ഭാര്യ : മേരിക്കുട്ടി സ്ക്കറിയ

ത്തിലെ പഴത്തിന് പകരം നമുക്ക് അവന്റെ ശരീരം ഭക്ഷിക്കാം. ഏദൻ തോട്ടത്തിന് പകരം നമുക്ക് ബലിപീഠവുമുണ്ടല്ലോ. യേശുവിന്റെ നിഷ്കളങ്ക രക്തത്താൽ ശാപം കഴുകികളയപ്പെട്ടു. ഉത്ഥാനത്തിന്റെ മഹത്വപ്രത്യശയിൽ വരാനിരിക്കുന്ന ജീവിതത്തെ നാം നോക്കി പാർക്കുന്നു. നാം ഇപ്പോഴേ പുതിയ ജീവനിൽ നോക്കി പാർക്കുന്നു. മശിഹായുടെ ശരീരവും അവന്റെ ബലിപീഠവും നമുക്ക് ജീവന്റെ അച്ചാരമായിരിക്കുന്നു. നമുക്ക് മശിഹായിലൂടെ ലഭിച്ച അച്ചാരം നമ്മുടെ ആത്മാവിൽ മുദ്രയിടണം.

1597-ൽ നാഗസാക്കിയിൽ ക്രൂശിലേറ്റപ്പെട്ട *പോൾ മിക്കി* എന്ന ക്രിസ്ത്യാനിയുടെ ഒരു മൊഴി ഇങ്ങിനെയാണ്. '*യേശുവിന്റെ സന്ദേശം ഞാൻ മറ്റുള്ളവരെ പഠിപ്പിച്ചതിനാൽ അവരെന്നെ ക്രൂശിലേറ്റുവാൻ പോകുന്നു. എന്നാലെനിക്ക് വിദ്വേഷമില്ല.ദൈവം അവരോട് കരുണകാണിക്കട്ടെ. എന്റെ രക്തം അവരുടെ മേൽ ഫലദായക മഴയായി വർഷിക്കട്ടെ.*'. യേശുവിന്റെ ഉത്ഥാനവും അവന്റെ നവജീവനിലുള്ള ഓഹരി എത്ര വിശുദ്ധന്മാരെയാണ് പ്രചോദിപ്പിക്കുന്നത്. നമുക്കും അവന്റെ സമൃദ്ധമായ ജീവനിൽ പങ്കാരാകാം. ■

26th Death Anniversary
26-02-2016

E. VARUGHESE
KAKKUZHI PANAMKUTTYIL
THRIKKALATHOOR
Born : 1937 Died : 1990
KUNNAKKURUDY ST.GEORGE ORTHODOX CHURCH
ANGAMALY DIOCESE
Fondly Remembered by :-
JOSE K.V. & Family

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

ഒരാൾ മനോഹരമായ ഒരു പെരുമ്പാമ്പിൻ കുഞ്ഞിനെ വളർത്തുകയായിരുന്നു. അതിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായ അയാൾ അതിനെ അത്യധികം വാത്സല്ലിക്കുകയും സ്നേഹിക്കുകയും ചെയ്തു. അയാളുടെ ഊണിലും ഉറക്കത്തിലും യാത്രയിലും ഒക്കെ ആ പെരുമ്പാമ്പിൻ കുഞ്ഞ് അയാൾക്ക് സന്തതസഹചാരിയായിത്തീർന്നു. രണ്ട് പേർക്കും ഒരിക്കൽപ്പോലും വിട്ടു പിരിയാനാകാത്തവിധം ഒരു ഗാഢബന്ധം രൂപപ്പെട്ടു. അവർ വിനോദങ്ങളിൽ ഏർപ്പെടുകയും അങ്ങനെ മറ്റുള്ളവരെ സന്തോഷിപ്പിക്കുകയും ചെയ്തു. അയാളുടെയും പാമ്പിൻ കുഞ്ഞിന്റേയും ഗാഢ സ്നേഹത്തേയും ജീവിതരീതിയേയും ആളുകൾ വാഴ്ത്തിപ്പാടുകയും അനേകം ആളുകൾ ദൂരെനിന്ന് പോലും അവരുടെ ജീവിതത്തെ ദർശിക്കാൻ എത്തുകയും ചെയ്തു. അങ്ങനെ ഏറെ നാളുകളുടെ അയാളുടെ പരിചരണത്താലും വാത്സല്യത്താലും ആ പെരുമ്പാമ്പിൻ കുഞ്ഞ് ഒരു മുതിർന്ന വലിയ പാമ്പായി വളർന്നു. അങ്ങനെ ഏറെ നാൾ കഴിഞ്ഞു. പാമ്പിന് അയാളോടുള്ള സ്നേഹത്തിനും അടുപ്പത്തിനും കുറവുള്ളത് പോലെ തോന്നി പഴയത് പോലെയുള്ള ഇടപഴകലുകൾ ഇല്ലാതെയായി. വിനോദങ്ങളോട് താത്പര്യമില്ലാതായി കാണാൻ വരുന്ന ആളുകളെപ്പോലും നിരാശപ്പെടുത്തി കുറെ കഴിഞ്ഞപ്പോൾ അത് ഭക്ഷണം കൂടെ കഴിക്കാതെയായി ഇത്രയൊക്കെയായപ്പോൾ അത് അയാൾക്ക് വലിയ സങ്കടമായി അയാളുടെ ഉത്സാഹവും നഷ്ടപ്പെട്ട് നിരാശയിലായി. അയാൾ ഒരു വൈദ്യനെ കൊണ്ടുവന്നു നാളുകളായി അത് കാണിക്കുന്ന ചേഷ്ടകളും അതിന്റെ ജീവിതത്തിന്റെ വ്യത്യാസങ്ങളും ഒക്കെ വൈദ്യനുമായി പങ്ക് വച്ചു.

വൈദ്യൻ വിശദമായ പരിശോധനയ്ക്ക് ശേഷം അയാളോട് പറഞ്ഞു നിങ്ങൾ ഇത്രയധികം വാത്സല്ലിക്കുന്ന ഈ പെരുമ്പാമ്പ് താമസിയാതെ നിങ്ങളെ വിഴുങ്ങും അതിനുള്ള തയ്യാറെടുപ്പുകളാണ് അത് നടത്തുന്നത് ഇത് കേട്ട് അയാൾ ദുഃഖിതനായി ആ പാമ്പിനെ ഉപേക്ഷിച്ചു എന്നാണ് കഥ.

പ്രാണനെപ്പോലെ സ്നേഹിച്ച് ഒരുമിച്ച് കാലങ്ങളായി ജീവിച്ചിട്ടും, സൗഹൃദം പുലർത്തിയിട്ടും, പരസ്പരം കരുതിയിട്ടും, പരസ്പരം താങ്ങായി നിന്നിട്ടും; ഉള്ളിൽ മറ്റുള്ളവരെ വിഴുങ്ങാനും, നിലംപരിശാക്കാനും, വഞ്ചിക്കാനും, ഒറ്റപ്പെടുത്താനും, ജീവനെടുക്കാനും, ബന്ധങ്ങൾ അടർത്താനും, നിർബന്ധമായി വിട്ടുപിരിയാനും ഒക്കെയുള്ള മാനുഷിക പ്രവണതകളെക്കൂടെയാണ് ഇത് പറയുന്നത്. "വിഴുങ്ങുക" എന്നത് ഉപരിപ്ലവമായ ഒരു ബന്ധത്തിന്റെ അടയാളപ്പെടുത്തൽ കൂടെയാണ്. വിഴുങ്ങൽ അതിന്റെ അന്തസത്ത ഉൾക്കൊള്ളാതെയുള്ള ബാഹ്യമായ പരിചയപ്പെടലാണ്. ആഴത്തിൽ വേരൂന്നുന്ന ഒരുബന്ധത്തിന്റെ സാധ്യതയേയാണ് അത് തള്ളിക്കളയുന്നത്. അത് ദൈവബന്ധമായാലും മനുഷ്യബന്ധമായാലും ഉപരിതല സ്പർശിയായ ബന്ധമായേ അവശേഷിക്കുന്നുള്ളൂ. ആത്മാവിൽ തൊട്ടുള്ള ബന്ധം നഷ്ടപ്പെടുകയാണ്. വായ്പിളർന്ന് വിഴുങ്ങുവാൻ വരുന്ന പിശാച് എന്ന സങ്കൽപ്പം വചനം പങ്ക് വെക്കുന്നു. എല്ലാത്തിനെയും വിഴുങ്ങുവാനുള്ള നമ്മുടെ ഭാവങ്ങൾ പിശാചനുഭവമാണ്. വിഴുങ്ങുന്നതൊന്നും നമുക്ക് സ്വന്തമാകുന്നില്ല എന്ന ദുരന്തം കൂടെ ബാക്കിയുണ്ട്. യോനായെ വിഴുങ്ങിയ മത്സ്യം വളരെ പരവേശപ്പെട്ട് ഉപേക്ഷിക്കുകയാണ്. നാം എത്ര പരവേശപ്പെട്ടാലും വിഴുങ്ങിയത് ഉപേക്ഷിക്കുകയില്ല എന്ന വാശിയിലുമാണ്.

വി. കുർബ്ബാനയെപ്പറ്റിപ്പോലും പിതാക്കന്മാർ; അഥവാ വചനം പങ്ക് വെക്കുന്നത് അത് വിഴുങ്ങുകയല്ല തിന്നുക വിശദമാക്കിയാൽ 'ചവച്ചരച്ച് തിന്നുക' എന്നതാണ് വിവക്ഷിക്കുന്നത് നിന്റെ കർത്താവുമായുള്ള ബന്ധം ഉപരിപ്ലവമാകരുത് മറിച്ച് കർത്താവിന്റെ ഓരോ അണുവിനേയും തിരിച്ചറിയാനും ഓരോ മുറിവിനേയും സ്പർശിക്കുവാനും ഓരോ രക്തനനവിനേയും ആസ്വദിച്ച് നീയാകെ കർത്താവിന്റെ സുഗന്ധം കൊണ്ടും കർത്താവിന്റെ ശരീര പോഷണം കൊണ്ടും കർത്താവിന്റെ രക്തത്തിന്റെ ചലനാത്മകത കൊണ്ടും നിറയപ്പെടണം പൊതിയപ്പെടണം എന്ന് ഓർമ്മിപ്പിക്കുകയാണ്.

E-mail: fr.thirumangalam@gmail.com

സ്നേഹദീപം

(സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ-SGOC)

ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു ....

പേര്:..വയസ്സ്:..........തൊഴിൽ ....

മേൽവിലാസം : ....

....പിൻകോഡ്.................................ഫോൺ ....

വിദ്യാഭ്യാസ യോഗ്യത:..പ്രതിമാസ വരുമാനം: ....

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ബ്രാഞ്ച്..ഭൂസ്വത്ത് ....

അക്കൗണ്ട് നമ്പർ..ഐ.എഫ്.സി.കോഡ് ....

ഇടവക..ഭദ്രാസനം: ....

ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം ....

ഇതിനു മുൻപ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ?..............................സഹായം ലഭിച്ചിട്ടുണ്ടോ? ....

ഉണ്ടെങ്കിൽ വർഷം..................... എന്താവശ്യത്തിന്..എന്തു തുക ലഭിച്ചു

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	പ്രതിമാസ വരുമാനം

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്: സ്ഥലം.................................... തീയതി..........................

എല്ലാ അപേക്ഷയോടുമൊപ്പം ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. ചികിത്സാ സഹായത്തിനു മൂന്നു മാസത്തിനുള്ളിൽ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കേറ്റ് ഉണ്ടായിരിക്കണം. മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരക രോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതായിരിക്കും.
3. വിദ്യാഭ്യാസ സഹായത്തിന് അവസാനവർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റും, ഇപ്പോഴത്തെ കോഴ്സ് സർട്ടിഫിക്കേറ്റും പഠനത്തിൽ സമർത്ഥനാണെന്നുള്ള വികാരിയുടെ ശുപാർശ കത്തും ഉണ്ടായിരിക്കണം.
4. ഭവനനിർമ്മാണ സഹായത്തിനും ജീവസന്ധാരണത്തിനും വികാരിയുടെ ശുപാർശ കത്തിൽ കമ്മറ്റിക്കാരുടെയും പേരും ഒപ്പും, കമ്മറ്റിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ പണി പൂർത്തീകരിച്ചു കൊള്ളാമെന്നുള്ള ഉറപ്പും ഉണ്ടായിരിക്കണം.
5. ചികിത്സാ സഹായമൊഴികെ മറ്റു സഹായങ്ങൾക്ക് ഓർത്തഡോക്സ് സഭാ വിശ്വാസികൾ അല്ലാത്തവർ അപേക്ഷിക്കുവാൻ പാടില്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.
6. നിർദ്ധനരായ ഒരു പെൺകുട്ടിയുടെ വിവാഹം നടത്തി കൊടുക്കാനുള്ള അപേക്ഷ വികാരിയുടെയും, കമ്മറ്റിക്കാരുടെയും പേരും ഒപ്പും സഹിതമുള്ള ശുപാർശയോടുകൂടി അയയ്ക്കുക. കമ്മറ്റിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ വിവാഹം നടത്തി കൊള്ളാം എന്ന ഉറപ്പ് ശുപാർശ കത്തിൽ രേഖപ്പെടുത്തണം.
7. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും നിർബന്ധമായും എഴുതി വേണ്ട രേഖകളും ശുപാർശകളും സഹിതം സാധാരണ തപാലിൽ **Office Coordinator, SGOC, Basil Jubilee Center, Bethany Aramana, Thiruvalla, Kerala-689101** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമേൽവിലാസവും, പിൻകോഡും, ബാങ്ക് അക്കൗണ്ട് വിവരങ്ങളും എഴുതുവാൻ മറക്കരുത്. രേഖകൾ ഇല്ലാത്തതും അപൂർണ്ണവുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പൂർവ്വ പുണ്യങ്ങളുടെ വിളംബരമായി കുണ്ടറ വലിയപള്ളി

കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, ഒരു സഹസ്രാബ്ദത്തിലേറെ പഴമയുടെ പെരുമയും പാരമ്പര്യത്തിന്റെ നൈരന്തര്യവും കൊണ്ടുള്ള സുദൃഢമായ ഭൂമിക. എണ്ണൂറോളം ഭവനങ്ങളിലായി മൂവായിരത്തിലധികം വിശ്വാസികൾ കൈകോർത്തു നില്ക്കുന്ന ഇടവക. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ ദേശീയപാതയോരത്തു തലയുയർത്തി നിൽക്കുന്ന ദൈവാലയം. മലങ്കരയിലെ അതിപുരാതനമായ ദൈവാലയങ്ങളിലൊന്നാണ്. പൗരാണികതയുടെയും മതസാഹോദര്യത്തിന്റെയും ആത്മീകചൈതന്യത്തിന്റെയും പ്രഭ ചൊരിയുന്ന ഈ ദൈവാലയം ഇന്ന് അനേകരുടെ ആശ്രയമാണ്. ക്രിസ്തുവർഷം 9-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഇടവക മലങ്കര സഭയുടെ ചരിത്രവഴികളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. മലങ്കരയുടെ മഹാരഥന്മാരായ പിതാക്കന്മാരുടെ പാദസ്പർശവും പരിലാളനയും ഏറ്റുവാങ്ങിയിട്ടുള്ള ഈ ഇടവക മാറനാട്, അമ്പലത്തുകാല, കുണ്ടറ, മുളവന, ഇടവട്ടം, പെരിനാട്, മുഖത്തല, നല്ലില, പെരുമ്പുഴ, ചൊവ്വള്ളൂർ, തൃപ്പിലഴികം, ഓടനാവട്ടം എന്നീ പ്രദേശങ്ങളിലുള്ള എല്ലാ ക്രൈസ്തവ ദേവാലയങ്ങളുടെയും മാതൃ ഇടവകയാണ്.

കാലം ചെയ്ത സഖറിയാ മാർ ദിവന്നാന്യോസ്, ചെന്നൈ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ തിരുമേനിമാരുടെയും മാതൃ ഇടവക കൂടിയാണ് ഈ പള്ളി. ഇപ്പോൾ നിലവിലുള്ള ദൈവാലയം 1970 ൽ പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്തിട്ടുള്ളതാണ്. കരിങ്കല്ലിൽ പണിതീർത്തിട്ടുള്ള ദൈവാലയം ശില്പഭംഗിയിൽ അതുല്യസ്ഥാനമലങ്കരിക്കുന്നു.

എ. ഡി. 17-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്നും മലങ്കരയിലെത്തിയ വിശുദ്ധനായ മാർ അന്ത്രയോസ് ബാവാ (കുണ്ടറ വല്യപ്പൂപ്പൻ) തന്റെ സുവിശേഷ പ്രവർത്തനത്തിന്റെ നല്ല പങ്ക് ഈ ദേശത്തിനും ഈ ഇടവകയ്ക്കും നല്കി. അദ്ദേഹത്തിന്റെ ഓർമ്മ കുംഭം 18, 19 തീയതികളിൽ പെരുന്നാളായി കൊണ്ടാടുന്നു. നാനാജാതി മതസ്ഥർ പരിശുദ്ധന്റെ മദ്ധ്യസ്ഥത യാചിച്ച് എത്തിച്ചേരുന്നു. തീർത്ഥാടകരായി എത്തുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ്. പെരുന്നാൾ ദിനങ്ങളിൽ മാത്രമല്ല, അല്ലാത്തപ്പോഴും ദൈവാലയം സന്ദർശിച്ചു പ്രാർത്ഥിക്കുന്ന ഭക്തരുടെ എണ്ണം അസംഖ്യമാണ്. പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ രോഗശാന്തിയും സന്താനസൗഭാഗ്യവും, നന്മനിറഞ്ഞ ജീവിതാനുഭവങ്ങളും ലഭിച്ചത് സാക്ഷ്യപ്പെടുത്തുന്നവർ അനേകരുണ്ട്. ഈ വർഷത്തെ ശ്രാദ്ധപ്പെരുന്നാൾ ഫെബ്രുവരി 4 ന് കൊടിയേറി മാർച്ച് 3 ന് സമാപിക്കുന്നതാണ്. പരിശുദ്ധ കാതോലിക്കാ ബാവായും, അഭിവന്ദ്യ പിതാക്കന്മാരും, വൈദികശ്രേഷ്ഠരും നേതൃത്വം നൽകുന്നു.

പ്രസിദ്ധമായ കുണ്ടറ വിളംബരത്താൽ ചരിത്രത്തിലിടം പിടിച്ച ഈ നാട് ഉയർത്തിപ്പിടിക്കുന്ന വലിയ പള്ളിയുടെയും വല്യപ്പൂപ്പന്റേയും പെരുമ ഒട്ടും ചെറുതല്ല. ചരിത്രത്തിന്റെയും ആത്മീയതയുടെയും വിളംബര ഭൂമികയിലേക്ക് ഏവർക്കും സ്വാഗതം.

ഫാ. വി. തോമസ് പട്ടാഴി
(വികാരി) Ph : 9447858762

Adv.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

കണ്ടനാട്:- പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 48-ാം ഓർമ്മ ഫെബ്രു. 2-ന് കണ്ടനാട് കർമ്മേൽ ദയറായിൽ.

കൊല്ലം:- മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മ ഫെബ്രു. 9-ന് കൊല്ലം സെന്റ് തോമസ് കത്തീഡ്രലിൽ.

ദേവലോകം:- തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ ഫെബ്രു. 23-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

അങ്കമാലി:- അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 125-ാം ഓർമ്മ മാർച്ച് 9-ന് അങ്കമാലി ചെറിയ പള്ളിയിൽ.

കുന്നംകുളം:- പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 54-ാം ഓർമ്മ മാർച്ച് 17-ന് കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളിയിൽ.

കുന്നംകുളം:- സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 80-ാം ഓർമ്മ മാർച്ച് 19-ന് കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളിയിൽ.

പാമ്പാക്കുട:- കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 131-ാം ഓർമ്മ മാർച്ച് 22-ന് പാമ്പാക്കുട വലിയ പള്ളിയിൽ.

DOCTORATE

ഹരിപ്പാട് : സെറാമ്പൂർ സർവ്വകലാശാലയിൽ നിന്നും പഴയനിയമത്തിൽ ഡോക്ടറേറ്റ് നേടിയ കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസറും മാവേലിക്കര കൊറ്റാർകാവ് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ജേക്കബ് മാത്യു കാരിച്ചാൽ. *ആവർത്തന പുസ്തകത്തിലെ വേദശാസ്ത്രവും പുരാതന തർക്കശാസ്ത്രവും* എന്ന വിഷയത്തിലായിരുന്നു ഗവേഷണം.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഇക്കണോമിക്സിൽ എം. എയും സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് പഴയനിയമത്തിൽ എം. റ്റി. എച്ചും കരസ്ഥമാക്കി.

ഹരിപ്പാട്, പായിപ്പാട് ആലുംമൂട്ടിൽ കോയിക്കൽ മാത്തൻ മാത്യുവിന്റെയും കുഞ്ഞമ്മ മാത്യുവിന്റെയും മകൻ. കാരിച്ചാൽ സെന്റ് ജോർജ്ജ് ഇടവകാംഗമാണ്. സഹധർമ്മിണി: നിലമ്പൂർ ചുങ്കത്തറ തച്ചിരുപറമ്പിൽ ഇ. കെ. കുര്യാക്കോസിന്റെയും ശോശാമ്മ കുര്യാക്കോസിന്റെയും മകൾ സാറു ജേക്കബ് (അദ്ധ്യാപിക, കാർത്തികപ്പള്ളി), മകൾ: ഷാരൺ മേരി ജേക്കബ്.

ഗാനസുഗന്ധി



അഖില മലങ്കര സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരങ്ങളിൽ സീനിയർ സംഗീതത്തിൽ 'ഗാനസുഗന്ധി' അവാർഡ് കരസ്ഥമാക്കിയ നേഹാ സൂസൻ ജോർജ്, തൃക്കോതമംഗലം സെന്റ് ജെയിംസ് ഇടവകയിൽ നരിമറ്റത്തിൽ ജോർജ് വർക്കിയുടെയും ലിനി എം. നൈനാന്റെയും (യറുശലേം മൗണ്ട് ഹയർ സെക്കണ്ടറി സ്ക്കൂൾ വാകത്താനം) മകളും കൊച്ചി ഭദ്രാസനാധിപനായിരുന്ന അഭി. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹോദര പൗത്രിയുമാണ്.

21th Death Anniversary
18-2-2016

P.V. Joseph

Vattasseril Poikudiyil
Chengaroor

Inserted by:
Mrs. Annamma Joseph (Wife)
Sabu Joseph & Mrs. Kunjumol
Shibu Joseph & Mrs. Beena

കൊച്ചുമക്കൾ:-
Smera, Swapna, Silpa, Narma

THE ROAD LESS TRAVELLED:

THE RESISTANCE AND *KENOSIS* OF DAYABAI

FR. THOMAS VARGHESE CHAVADIYIL

"I am a mediator of love, justice and human rights. But in my own state Kerala, my people assess others on their language and dresses. The worst humilities I have to face in my journey are from Kerala. Does the educated band of our society presume that those who are colored and poorly dressed are without dignity? The society that exploits the poor calls me a barking bitch. I would carry on barking for those marginalized who are condemned by you who assume themselves as cultured, powerful and rich", says Daya Bai, who spends half the year addressing meetings at Western Universities and International summits but has never succumbed to such treatment due to her cheap clothing and tribal ornaments. The state which gave birth to Mercy Mathew, a savior of the tribals and adivasis, a human right activist and an eco warrior respected all around the world, has failed to recognize her.

Hardly a week has elapsed since Daya Bai uttered these words at a meeting in Palakkad while receiving an award. She had been verbally abused in a KSRTC bus while travelling from Thrissur to Aluva. Daya Bai came to Kerala to receive an award. However neither the fellow travelers nor the bus crew could recognize this lady because of her poor attire and shabby dress. In spite of her repeated requests to stop at a particular point for alighting, the conductor was unsympathetic to her. Instead, he rebuked and insulted this 75- year- old lady. When she retorted by asking the conductor to use decent language, his responses turned extremely mean and sarcastic and finally, even threw her out of the bus away from the desired stop.

Daya Bai: Through the Road Less Travelled

Daya Bai (Mercy Mathew), who joined a nunnery in North India to serve the poor and the outcasts, originally hails from a reasonably rich Christian family in Pala, Poovarani in Kottayam District. Her first Christmas in the nunnery became a turning point in her life.

An Unusual Turn

Daya Bai recalls "It was a crucial day-the first Christmas here. By evening, our campus was occupied by a big crowd of tribals. They had walked miles to come here for Holy Mass on the big day. They were in the biting cold out in the open with little fire. No warm clothes. We had been busy for days with preparing Christmas trees, sweets, Christmas cards... Physically I was on this side, but in my spirit I was with those little people. By midnight, in utter helplessness I was at the door of my superior to say goodbye. I said I would rather join these people and go searching following my call." Mercy's intense search for the call and its realization started from this Christmas night. "I tried various possibilities, moved from place to place, and worked in institutions for less privileged – in orphanages, with lepers, with refugees. I also worked for a few dioceses or took up various courses. Occasionally I lived on the foot path, wander and what not! Once I went up to the railway line to end my life, it was unthinkable to live a life without a direction, not knowing where I would fit in. Though there were persons who gave me advice to change, I felt that no one could understand me. I could not bring myself to the point of relating to the world. I developed a sickening aversion to the so called worldly life. I experienced an enervative depression."

A Lonely Woman's Search for Meaning

As a woman travelling alone in life and mostly living on the road, she encountered many bitter experiences, humiliations and insults. "I was aimlessly wandering from bus stop to bus stop and from railway station to railway station. I had not realized some of the stark realities of human life, especially of a woman, till I became a stranger. I realized that men were hovering around me. I became conscious of the fact that I am a woman."

*Daya Bai, recalls," **Where Are You Going?*** This is a frequent question faced by almost all the women in this country". Daya Bai raises some relevant questions regarding her life as a woman. "How far does a young woman, especially a village woman, standing in a public place belong to herself? How far she is to others? There is no need to see this as a personal crisis or a rational question. In simple terms, a question- where are you going- erupts from one's religion, political, educational place, public place, road, railway station cinema, art arena or wherever it is. The question may come from anyone, be it a police man, a religious person, a cooly in a railway station, an administrator, headmaster, mother superior, your brother or even your father. The question has been raised all the time against women who are seeking their own space in the world. Anyone who surrenders before this question cannot advance further. Those who do not submit to their inner self cannot go forward."



In The Warfront among the War Victims

Daya Bai's intense search continued and even brought her to a violent war- front. "I opted to work with the refugees of Bangladesh. I went there just when the war broke out, to be with the war victims, ready to face anything. Better death than sin and still better is doing service for the needy and suffering. I came face-to-face with a lot of misery and cruelty that I had never seen before. It was from then on, that I began to forget my own self. I began to work tirelessly around the clock with the tuberculosis and cholera and small pox victims, and rendered help where ever possible. The work was therapeutic to me."

One with the Gond Tribals of Madhya Pradesh

For the last forty years, she is working and living among the tribal of Thinsi and Barool of Chinthwada District in M.P. When she entered the village in the beginning, a villager asked her 'who she was, to be among them, who are monkeys in the forest?' It was this question that prompted her to adopt the tribal dress. "If you want to do anything for the marginalized, then you have to earn their trust. The tribals are afraid of the city dwellers." Just as a tribal, she made a mud hut, worked among them in the field and ate what they ate. As a result, those poor understood her and started calling her DAYA BAI.

DAYA BAI IN KENOSIS

Daya Bai and a Triple Kenosis

In Christology, Kenosis is the self emptying of one's will and becoming entirely receptive to God's divine will. The principles of kenosis are based on the verses from Phil. 2:7. Edward Luc Mees, who served among Q'eqchi-Maya Indians in Gautimala for 22 years as a missionary, observes three stages of kenosis in the life and ministry of Jesus Christ- the *kenosis of incarnation* (identification and solidarity with human reality), *the kenosis of the road* (being in the move to reach people - often the abandoned) and *the kenosis of cross* (faithfulness unto the last).

The three dimensions of Kenosis as envisaged by Edward Luc Mees are well explicit in the life of Daya Bai, who has sublimated herself for the welfare of the tribals and Adivasis. It was not an institutionalized project service. It erupted from a soul that was troubled by witnessing a life hidden under the affluences of society.

The Kenosis of Incarnation: The Call to Love

Jesus Christ renounced all his human attributes and took the form of a bond servant. It is reaching out to people by scaling out to the ego or complexes and entering into them. It calls for solidarity and "insertion" into the midst of the people in need or in search of light and liberation.

Daya Bai was faithful to God and to the people who trusted her. She faced impediments and difficulties and she refuted injustice. She accepted the cross with its full weight and thorns. She is not running away from confrontation. She is carrying the cross for the wretched and neglected in the world. She establishes solidarity with them. As kenosis of life is sacrifice, she is giving her life to the other, which she accepts as her purpose in life.

The Kenosis of the Road :
The Call to Justice and Solidarity

The kenosis of the road is searching for the lost sheep and identifying with them in totality by mobility, availability and provisionality and providing truth and hope. It is going "very far" beyond the outer boundaries of hope and faith. It enables to join in solidarity with peoples movements and struggles. It is giving up ambitions, plans and securities, shredding superiority, renouncing extra luggage, powerful means and even family, and refusing to have a permanent abode 'to lay one's head'.

After becoming one among them and winning their trust, she started to look for the "lost sheep"- the marginalized, the deprived, the untouchable and the chronically ill. Their life was despicable. They were underdogs. Here, Daya Bai was building a society to live with dignity and to be self reliant, and apprised them of their rights in the society in the midst of strong obstacles. She was giving light and liberation to them. It was selfless and without any hidden motives, as she was not carrying a 'second bundle'.

The Kenosis of the Cross :
the Call to Risky Choices

The kenosis of the cross is the unceasing faithfulness to God and his creation, going all the way as Jesus did, by refusing to accept threats, intimidation, and conflicts. It is building solidarity and empathising with the crucified people and carrying their crosses of a wretched life. It is also kenosis of giving up freedom in order to set others free, giving up life that others may live. Kenosis is the way to the resurrection, to the fullness of life.

Daya Bai chose a life of thorn leaving behind her affluent family embracing the hard and neglected life of a community discarded by the mainstream society. She is building a new life for them making them aware of their dignity and rights. Thus she becomes the voice of the voiceless.

Daya Bai is a living paradigm practicing kenosis. Her metamorphosis - embracing a path of thorns, shouldering the crosses of the neglected and submitting herself for uplifting her people, became possible by emptying her will. She could embrace all with open arms. Her journey is not over yet, it continues. ■

10–ാം ചരമ വാർഷികം, 07–02–2016

പുത്തൻപുരയ്ക്കൽ,
ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സാറാമ്മ ഏബ്രഹാം
(കുഞ്ഞമ്മ)

എന്ന്,
സന്തപ്ത കുടുംബാംഗങ്ങൾ



സൺഡേസ്ക്കൂൾ വാർത്തകൾ

സൺഡേസ്ക്കൂൾ സെൻട്രൽ സോണിൽ സീനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആഷ്ലി മറിയം പുന്നൂസ്. കല്ലുങ്കത്ര മണലേൽ സെ. ജോർജ് മോഡൽ സൺഡേ സ്ക്കൂൾ വിദ്യാർത്ഥിനി.

സൺഡേസ്ക്കൂൾ സെൻട്രൽ സോൺ ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിന് രണ്ടാം സ്ഥാനം നേടിയ ജെറിൻ മാത്യു. ചെന്നിത്തല സെ. മേരീസ് ഇടവകയിൽ തുണ്ടിൽ ഷിബു മാത്യുവിന്റെ മകൻ.

സൺഡേസ്ക്കൂൾ നോർത്ത് സോൺ സബ് ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ ജോൺ ജെ. പാറപ്പുറം. കണ്ടനാട് ഭദ്രാസനത്തിൽ പാമ്പാക്കുട സെ. ജോൺസ് സൺഡേ സ്ക്കൂൾ വിദ്യാർത്ഥിയും പാറപ്പുറത്ത് ഡോ. ജോബി ജെ. പാറപ്പുറത്തിന്റെ മകനും.

സൺഡേസ്ക്കൂൾ നോർത്ത് സോൺ സബ് ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ സമന്യ എൽദോസ്. കണ്ടനാട് ഭദ്രാസനത്തിൽ കോലഞ്ചേരി സെ. പീറ്റേഴ്സ് സൺഡേ സ്ക്കൂൾ വിദ്യാർത്ഥിനി. പാറശ്ശേരി പി.വി. എൽദോസിന്റെ മകൾ.

സൺഡേസ്ക്കൂൾ സൗത്ത് സോൺ H.S.S. പൊതുവിജ്ഞാനത്തിന് രണ്ടാം സ്ഥാനം നേടിയ ജിനു വി. രാജൻ. പറക്കോട് സെ. പോൾസ് സൺഡേ സ്ക്കൂൾ വിദ്യാർത്ഥിനിയും വടക്കേതറയിൽ രാജൻ ജോയിയുടെ മകളുമാണ്.

സൺഡേസ്ക്കൂൾ നോർത്ത് സോൺ ജൂനിയർ വിഭാഗം വാക്യമത്സരത്തിന് രണ്ടാം സ്ഥാനം നേടിയ ആമി ആൻ തോമസ്. മാംകുട്ടം സെന്റ് ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനിയും ഈട്ടിവിള പുത്തൻവീട്ടിൽ തോമസ് വർഗീസിന്റെ മകളുമാണ്.

Himaharsham matrimony

End to End Marriage Solutions

ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭകളിലെ അംഗങ്ങൾക്ക് അനുയോജ്യരായ വധുവരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് Himaharsham Matrimony എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുള്ളത്. നമ്മുടെ സഭയുടെ പൈതൃകവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സഭാവിശ്വാസികളുടെ കുടുംബാംഗ ങ്ങളുമായി വിവാഹാലോചനകൾ നടത്തുന്നതിന് ഈ വെബ്സൈറ്റ് ഉപകരിക്കപ്പെടും.

ആയതിനാൽ വിവാഹാലോചന നടത്തുവാൻ ആഗ്രഹിക്കുന്നവർ ബയോഡേറ്റയും ഫോട്ടോയും www.himaharshammatrimony.com എന്ന വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുകയോ താഴെപ്പറയുന്ന ഇമെയിൽ/ടെലിഫോൺ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ പ്രസ്ഥാനം വളരുവാനും ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭാംഗങ്ങൾക്ക് അനുഗ്രഹമായി തീരുവാൻ നിങ്ങൾ പ്രാർത്ഥിക്കുകയും പേരുകൾ രജിസ്റ്റർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് രജിസ്ട്രേഷൻ തികച്ചും സൗജന്യമാണ്

For more details:
Himaharsham Matrimony
Thekkethuruthel Buildings, Manganam P.O., Kottayam - 686 018
www.himaharshammatrimony.com
himaharshammatrimony@gmail.com
Tel. No. 0481-6051510 | 9447366629 | 9744733159

വേർപാടിന്റെ 8-ാം വാർഷികം

Mary C. John (Jolly)

11-09-1975 - 15-02-2008

മരിയ്ക്കാത്ത ഓർമ്മകളുമായി

Pappa, Mummy, Santhosh, Rachie
Angelina & Baby faustine

Kannamwar Nagar-1
Vikhroli
Mumbai-400083

ഭവന സഹായ വിതരണം പഴയ സെമിനാരിയിൽ

കോട്ടയം:- സമൂഹത്തിലെ നാനാജാതി മതസ്ഥരും നിർദ്ധനരുമായി 75 കുടുംബങ്ങൾക്ക് ഭവനിർമ്മാണ സഹായം നൽകുവൻ മലങ്കര ഓർത്തഡോക്സ് സുറിയനി സഭയുടെ ഭവന നിർമ്മാണ സഹായ പദ്ധതി കമ്മറ്റി തീരുമാനിച്ചു. സഹായ പദ്ധതി കമ്മറ്റി പ്രസിഡന്റ് ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. അലക്സാണ്ടർ ഏബ്രഹാം, ഏബ്രഹാം മാത്യു വീരപ്പള്ളി, ശ്രീ. ജിജു പി. വർഗീസ്, വി. മാത്തുണ്ണി, ജോൺ സി. ഡാനിയേൽ, അലക്സാണ്ടർ കെ. ജോൺ, കൺവീനർ അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 27-ന് 11 മണിക്ക് കോട്ടയം പഴയ സെമിനാരിയിൽ വച്ച് ധനസഹായം വിതരണം ചെയ്യുമെന്ന് ഭവന നിർമ്മാണ സഹായ പദ്ധതി കമ്മിറ്റി കൺവീനർ അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

സൺഡേസ്ക്കൂൾ വിജയികൾ



സൺഡേസ്ക്കൂൾ നോർത്ത് സോണിൽ ജൂനിയർ വിഭാഗം സംഗീതത്തിന് ഒന്നാം സ്ഥാനം നേടിയ നിയ ബിജു. മരോട്ടിച്ചാൽ സെ. ജോർജ് ഇടവകയിൽ നെടുവാം കുഴിയിൽ ബിജുവിന്റെ മകൾ.



സൺഡേസ്ക്കൂൾ സൗത്ത് സോൺ സീനിയർ സിംഗിൾ സോങ്ങിൽ രണ്ടാം സ്ഥാനം നേടിയ അനിൽ ഉമ്മൻ. കൊല്ലം സെ. തോമസ് കത്തീഡ്രലിൽ അനിൽ വില്ലായിൽ ഉമ്മൻ ചാക്കോയുടെ മകൾ.

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ,ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്

ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

ദീർഘദർശിയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനുമായ
പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്

Mankoottathil Geevarghese Memorial Charity Trust

KALLISSERY - CHENGANNUR

E-mail: nightingale_india@yahoo.com



പുസ്തകശാല

ഗുരുമുഖത്തു നിന്നും

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്



പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ പാശ്ചാത്യ പൗരസ്ത്യ ചിന്താധാരകൾ വിശകലനം ചെയ്യുന്നു. ഗുരുമൊഴി ദർശനങ്ങൾ പുനർവായിക്കുന്ന വിചാരലോകം. അവതാരിക: പ്രൊഫ. എം. തോമസ് മാത്യു, സോഫിയാ ബുക്സ്. കോട്ടയം, പേജ്- 208, വില 125.

...ജീവിതവും ദർശനവും

ഫാ.ഡോ.റ്റി.ജെ. ജോഷ്വ (എഡിറ്റർ)



പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിതവും ദർശനവും സമഗ്രമായി പ്രതിപാദിക്കുന്ന ആധികാരിക ഗ്രന്ഥം. മലങ്കര സഭയുടെ ഒരു നൂറ്റാണ്ടിന്റെ ചരിത്രമാണ് ഇതിൽ പ്രകാശം പരത്തുന്നത്. സഭയിലെ പ്രമുഖ പുസ്തക ശാലകളിൽ കോപ്പി ലഭ്യമാകുന്നു. പേജ്. 424, വില. 400 രൂപ.

വിശ്വാസ വിചിന്തനങ്ങൾ

ഫാ.ഡോ.റ്റി.ജെ. ജോഷ്വ



ക്രിസ്തീയ വിശ്വാസാചാരങ്ങളുടെയും പൈതൃകത്തിന്റെയും അർത്ഥവും പ്രസക്തിയും വിശകലനം ചെയ്യുന്നു. ബൈബിൾ, സഭ, കുടുംബം എന്നീ വിഷയങ്ങളിൽ 34 ലേഖനങ്ങളുടെ സമാഹാരം. ഓർത്തഡോക്സ് വേദവിശകലനങ്ങൾ ഓരോ ലേഖനത്തിലും പ്രതിഫലിക്കുന്നു. വായന: പ്രൊഫ. തോമസ് കുരുവിള, സി.എസ്.എസ്., തിരുവല്ല. പേജ് 208, വില- 160.

... കാനോൻ സംഹിതകളും

ഫാ. ഡോ. ജോസഫ് ചീരൻ

മലങ്കരസഭയിൽ പ്രചാരത്തിലുള്ള വിവിധ കാനോൻ സംഹിതകളുടെ വിമർശനാത്മക പഠനം. കോട്ടയം ചട്ടവര്യോല (1853) പരുമല കാനോൻ (1873) മുളന്തുരുത്തി കാനോന (1876) എന്നിവയുടെ വിശകലന പഠനവും. അവതാരിക: ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, എം.ജി.ഡി. കുന്നംകുളം, പേജ് 320, വില-200 രൂപ.

കേരള ക്രൈസ്തവ സംസ്ക്കാരം

റവ. ഡോ. മാത്യു ഡാനിയേൽ

മലയാളത്തിൽ ക്രൈസ്തവ സംസ്ക്കാരത്തെക്കുറിച്ച് ആധികാരികമായി പ്രതിപാദിക്കുന്ന പ്രൗഢ രചനയാണ് റവ. ഡോ. മാത്യു ഡാനിയേലിന്റെ കേരള ക്രൈസ്തവ സംസ്ക്കാരം. കേരള ക്രൈസ്തവരുടെ സാംസ്ക്കാരിക പൈതൃകവും സംഭാവനയും ചരിത്ര രേഖകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. ആദിമ നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം കേരളത്തിൽ വളർന്നു. ദേശീയ സംസ്ക്കാരവുമായി താദാത്മ്യം പ്രാപിച്ച് വികസിച്ച സമൂഹമാണ് കേരളത്തിലെ ക്രൈസ്തവർ. വിശ്വാസ വൈവിധ്യം ഉണ്ടായിരുന്നെങ്കിലും സാംസ്ക്കാരിക ഐക്യം ക്രൈസ്തവർ നിലനിർത്തിയിരുന്നു. സാംസ്ക്കാരിക ചരിത്രത്തിൽ കൂടി മാത്രമേ ഒരു ജനതയുടെ യഥാർത്ഥ ചരിത്രം തിരിച്ചറിയുവാൻ കഴിയൂ. ആമുഖത്തിൽ റവ.ഡോ. മാത്യു ഡാനേയിൽ എഴുതുന്നു: 'കേരളത്തിലെ ക്രൈസ്തവരുടെ സാംസക്കാരിക പൈതൃകം കേരള ചരിത്ര പശ്ചാത്തലത്തിൽ നിർധാരണം ചെയ്യുവാനുള്ള വിനീത ശ്രമമാണ് ഈ പുസ്തകം. ലഭിച്ചിടത്തോളം രേഖകളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ ഗതകാല ചരിത്ര ഭൂമിയിലേക്ക് നടന്നെത്താൻ ശ്രമിച്ചിട്ടുണ്ട്'.

മൂന്നു പതിറ്റാണ്ടിന് മുമ്പ് എഴുതിയ കേരള ക്രൈസ്തവ സംസ്ക്കാരമാണ് പുതിയ വിവരണങ്ങളും രേഖകളും ചേർത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പത്ത് അദ്ധ്യായങ്ങളിലായി കേരള ക്രൈസ്തവ സംസ്ക്കാരത്തിന്റെ വിവിധ മുഖങ്ങൾ വിശകലനം ചെയ്യുന്നു. കേരളത്തിന്റെ ചരിത്ര നാഴിക കല്ലുകൾ ക്രൈസ്തവ സമൂഹത്തിന്റെ സാന്നിധ്യം, മാർത്തോമ്മാ ക്രിസ്ത്യാനികൾ സുറിയാനിയുടെ സുവർണ്ണ പരിവേഷമണിഞ്ഞ നൂറ്റാണ്ടുകൾ, മധ്യകാല ക്രൈസ്തവ സംസ്ക്കാരം, ഉദയംപേരൂർ സുന്നഹദോസിന് മുമ്പും പിമ്പുമുള്ള ക്രൈസ്തവ സംസ്ക്കാരം എന്നിവ ആദ്യ അഞ്ച് അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നു.

ആറുമുതലുള്ള അദ്ധ്യായങ്ങളിൽ നവോത്ഥാന ദർശനവും ഇരുപതാം നൂറ്റാണ്ടിന്റെ പരിവർത്തന യുഗവും ചർച്ച ചെയ്യുന്നു. ക്രൈസ്തവ കലകൾ, സാഹിത്യത്തിന്റെ വിവിധ തലങ്ങൾ കേരളത്തിലെ ക്രൈസ്തവ സംസ്ക്കാരം എന്നിവ സമഗ്രമായി വിലയിരുത്തുന്ന ഈ കൃതി സഭാഭേദമെന്യേ ക്രൈസ്തവ സംസ്ക്കാര പഠിതാക്കൾക്ക് അമൂല്യമായ പ്രാമാണിക ഗ്രന്ഥമാണ്. കേരള ക്രൈസ്തവ സംസ്ക്കാരത്തിന് വിവിധ വികാസ ഘട്ടങ്ങളുണ്ടെന്ന് റവ.ഡോ. മാത്യു ഡാനിയേൽ പറയുന്നു. കേരളത്തിന്റെ സാംസ്ക്കാരിക രംഗത്ത് നവോത്ഥാനത്തിന്റെ പാത വെട്ടിത്തെളിക്കുവാൻ ക്രൈസ്തവ മിഷനറിമാർക്കും അവരോടൊപ്പം നിന്ന നാട്ടുക്രിസ്ത്യാനികൾക്കും കഴിഞ്ഞു. എന്നാൽ ആ പാതയിലൂടെ ബഹുദൂരം മുന്നേറുവാൻ പിന്നീടു കഴിഞ്ഞുവെന്നു പറയാനാവില്ല. കലാസാംസ്ക്കാരിക രംഗം പിൽക്കാലത്ത് വിസ്മരിക്കപ്പെട്ടു. ക്രിസ്തുദർശനം സർഗ്ഗസാഹിത്യത്തിന്റെ മുഖ്യധാരയിൽ ബന്ധപ്പെടുത്തുവാൻ അപൂർവ്വം ചിലർക്കേ കഴിയുന്നുള്ളൂ. നവോത്ഥാന ദർശനത്തിന്റെ ആത്മാവ് ഉൾക്കൊള്ളുവാൻ അനന്തരഗാമികൾക്ക് കഴിഞ്ഞില്ല. ക്രൈസ്തവരിൽ മികച്ച കൃതികൾ രചിച്ചത് പള്ളി മതത്തിന്റെ മതിൽ കെട്ടിന് പുറത്തു പോയവരാണ്. ക്രൈസ്തവ ദർശനം ഉൾക്കൊള്ളുന്ന മികച്ച കൃതികൾ രചിച്ചത് അന്യമതസ്ഥരും റവ.ഡോ.മാത്യു ഡാനിയേൽ ഉപസംഹരിക്കുന്നു: സാംസ്ക്കാരിക രംഗത്തും സാഹിത്യ രംഗത്തും ക്രൈസ്തവർ പിന്തള്ളപ്പെട്ടതിന്റെ മുഖ്യകാരണം കലയോടും സാഹിത്യത്തോടും പുലർത്തിയ നിഷേധ സമീപനമാണ്. കൺവൻഷനപ്പുറം മറ്റൊരു ആസ്വാദന മേഖലയില്ല. അതുകൊണ്ടുതന്നെ സാംസ്ക്കാരിക മേഖലയോട് ക്രൈസ്തവർ അകന്നു. നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവുമാണ് ക്രിസ്തു ദർശനത്തിന്റെ അടിസ്ഥാനഭാവങ്ങളിൽ ഒന്ന്. ആധുനിക യുഗം നൊമ്പരപ്പെടുന്നതും അതിനായാണ്. കേരള സംസ്ക്കാരത്തെ ക്രൈസ്തവർ എങ്ങനെ സമ്പന്നമാക്കിയെന്ന് പ്രബോധിപ്പിക്കുന്ന ഉജ്ജ്വല കൃതി.

അവതാരിക പ്രൊഫ. ജോർജ് മേനാച്ചേരി. സി.എസ്.എസ്. ബുക്സ്, തിരുവല്ല, പേജ്. 276, വില-190.

– ഫാ. കരിങ്ങാട്ടിൽ

സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, കുണ്ടറ.
(കൊല്ലം ഭദ്രാസനം)
ഫോൺ : 0474 – 2522525, 2522940
website : www.kundaravaliyapally.com
Email : kundaravaliyapally@gmail.com
മാർ അന്ത്രയോസ് ബാവായുടെ
(വല്യപ്പൂപ്പൻ)
ശ്രാദ്ധപ്പെരുന്നാൾ
2015 ഫെബ്രുവരി 14 മുതൽ മാർച്ച് 3 വരെ
(1191 കുംഭം 1 മുതൽ 19 വരെ)
പരിശുദ്ധ കാതോലിക്കാബാവാ
അഭിവന്ദ്യരായ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്
കുര്യാക്കോസ് മാർ ക്ലീമ്മീസ് , സഖറിയാ മാർ അന്തോണിയോസ്
ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
എന്നീ മെത്രാപ്പോലീത്താമാരും വൈദിക ശ്രേഷ്ഠരും
നേതൃത്വം നൽകുന്നു.
ഇടവകദിനം ഗാനശുശ്രൂഷ സുവിശേഷയോഗങ്ങൾ
വി.മൂന്നിൻമേൽകുർബ്ബാന ധ്യാനം മദ്ധ്യസ്ഥപ്രാർത്ഥന
ആത്മീയസംഘടനകളുടെ വാർഷികം ഭക്തിനിർഭരമായ റാസ
പള്ളിപ്രദക്ഷിണം ശ്ലൈഹികവാഴ്വ്
മാർ അന്ത്രയോസ് ബാവാ വിശ്രമിച്ച പള്ളിമേട
ഫാ. വി. തോമസ് പട്ടാഴി
വികാരി
ഫാ. ജോസഫ് കെ. ജോൺ
സഹവികാരി
വി. ജോൺസൺ പണിക്കർ
കൈസ്ഥാനി
ജോർജ്ജ് മാത്യു മുളമൂട്ടിൽ
സെക്രട്ടറി



ഹോളി ട്രിനിറ്റി ചാപ്പൽ, സൗഖ്യ, ബാംഗ്ലൂർ

ബാംഗ്ലൂർ വൈറ്റ് ഫീൽഡിലെ സൗഖ്യ ഇന്റർ നാഷണൽ ഹെൽത്ത് സെന്ററിൽ പണികഴിപ്പിച്ച ഹോളി ട്രിനിറ്റി ചാപ്പലും മെഡിറ്റേഷൻ സെന്ററും.

ഭാഗ്യ സ്മരണീയനായ ഫാ. മത്തായി നൂറനാലിന്റെ ആഗ്രഹാനുസരണം, ഗ്രീക്ക് ശൈലിയിൽ 6 മണികളോടെ പണിത ഈ ദേവാലയത്തിന്റെ ആശിർവാദം 31.12.2015–ൽ ബാംഗ്ലൂർ ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

SOUKYA®

SOUKYA GROUP OF INSTITUTIONS

- Dr. Mathai's International Holistic Health Centre,
- SAHAYA Holistic Integrative Medical Centre
- Banglore Holistic Medical Centre
- Centre of Excellence (JV with Ministry of AYUSH, GOI)
- SOUKYA Foundation Charitable Trust
- Dr. Mathai's Rural Holistic Health Centre

www.soukya.com



THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/February/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-